# ജനപഥം

ജൂലൈ 2013


## കവർസ്റ്റോറി




4
**കൂടുതൽ കരുത്തോടെ സഹകരണ മേഖല**
സി.എൻ. ബാലകൃഷ്ണൻ
സഹകരണമന്ത്രി

6
**സാധരണക്കാർ നെഞ്ചേറ്റിയ സംഘപ്രസ്ഥാനം**
എഴുമാവിൽ രവീന്ദ്രനാഥ്

8
**പുതുസംരംഭകർക്കായി പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി**
ടി.എസ്. ചന്ദ്രൻ

10
**രൂപമാറ്റം വന്ന സിനിമ മുത്തശ്ശി**
മീരാ സാഹിബ്





14
**സിനിമ : ദേശം കാലം സമൂഹം**
പി.എസ്. രാധാകൃഷ്ണൻ





20
**ഇന്ത്യൻ സിനിമാ ചരിത്രത്തിൽ ഉത്തമ സിനിമകളുടെ കൂട്ടായ്മ**
എം.എഫ്. തോമസ്





24
**മലയാളത്തിന്റെ ദീപ്തനക്ഷത്രങ്ങൾ**
എം.സി. രാജനാരായണൻ





29
**മഹാനിധി അറിയാതെ മലയാള സിനിമ**
മേലില രാജശേഖരൻ

31
**ദേശീയ അംഗീകാരം നേടിയ മലയാള സിനിമകൾ**
ഗോപിക സുരേഷ്





26
ഫോട്ടോഫീച്ചർ:
**ജനപങ്കാളിത്തത്തിന്റെ പ്രവർത്തനശൈലി ആദരിക്കപ്പെട്ടപ്പോൾ**
കെ.ജി. രവി






36
**ഓർമയിൽ ഒരു വിഷാദ ഹിന്ദോളം**
ജയരാജൻ സി.എൻ.

39
**പൗരാണിക വൈദഗ്ധ്യത്തിന്റെ സൂക്ഷിപ്പുകൾ**
കുളത്തൂർ ജി. മിത്രൻ





41
**അനുസ്മരണം**

42 ജില്ലകളിലൂടെ
45 വാർത്തയിൽ
46 പുസ്തകപരിചയം
47 പെൺജീവിതം
49 ശാസ്ത്രലോകം
50 ശാസ്ത്രം
51 സമീക്ഷ
52 കാലത്തിനൊപ്പം

# പ്രതികരണം




## മലയാളിയും രോഗങ്ങളും

2013 ജൂൺ ലക്കം 'ജനപഥം' ഏറെ ശ്രദ്ധേയമായി. ശ്രേഷ്ഠഭാഷാപദവി ലഭിച്ച മലയാളത്തെക്കുറിച്ചുള്ള ലേഖനങ്ങൾ, മഴക്കാല രോഗങ്ങളെക്കുറിച്ചുള്ള ലേഖനം തുടങ്ങി എല്ലാ വിഭവങ്ങളും ഹൃദ്യമായ വായനാനുഭവം പകർന്നു നൽകി. രോഗം വരുമ്പോൾ ചികിത്സയ്ക്കായി നെട്ടോട്ടമോടുന്ന മലയാളി രോഗത്തിന് മുമ്പേ ജാഗ്രത പാലിക്കേണ്ടതിന് വേണ്ടവിധം ബോധവത്കരണം നൽകാൻ സാമൂഹിക സന്നദ്ധ സംഘങ്ങൾ രംഗത്തു വരേണ്ടതുണ്ട്. മാലിന്യസംസ്കരണത്തിന് സാധ്യതകളുണ്ടാക്കിയെങ്കിലേ മഴക്കാല രോഗങ്ങളായാലും അല്ലാത്ത രോഗങ്ങളായാലും നമ്മെത്തേടി എത്താതിരിക്കുകയുള്ളൂ. ഡോ. ആർ. ശ്രീലതാവർമയുടെ പെൺജീവിതം കഥപോലെ ഹൃദ്യം.

***കണിയാപുരം നാസറുദ്ദീൻ***
*കരിച്ചാറ, പള്ളിപ്പുറം, തിരുവനന്തപുരം*

## മലയാളം ശ്രേഷ്ഠഭാഷ

ജൂൺ ലക്കം ജനപഥത്തിൽ ഉൾപ്പെടുത്തിയ എം. ശ്രീനാഥിന്റെ 'മലയാളം ശ്രേഷ്ഠഭാഷയായ വഴി' എന്ന ലേഖനം വിജ്ഞാനപ്രദമായി. പി.പി. രാമചന്ദ്രന്റെ 'നാനാജഗന്മനോരമ്യഭാഷ', ഡോ. പ്രമോദ് ഇരുമ്പുഴിയുടെ 'കേരളത്തിലെ ഗൂഢഭാഷകൾ' ഡോ. ആർ. സത്യജിത്തിന്റെ 'മലയാള ഭാഷയുടെ പ്രാചീനത' തുടങ്ങിയ ലേഖനങ്ങളിലൂടെ മലയാളഭാഷയെ കൂടുതൽ അടുത്തറിയുവാൻ സാധിച്ചതിൽ സന്തോഷമുണ്ട്. തുടർന്നും ഇത്തരത്തിലുള്ള ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

***രത്നമ്മ,*** *പാതിരപ്പള്ളി, ആലപ്പുഴ*

## കലാരൂപങ്ങൾ

ചവിട്ടുനാടകത്തെക്കുറിച്ചുള്ള വേറ്റിനാട് പി.എസ്. കുമാറിന്റെ ലേഖനം നന്നായിരുന്നു. പുതുതലമുറയ്ക്ക് ഈ കലാരൂപത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നതരത്തിലാണ് ഈ ലേഖനം. ഓരോ ലക്കത്തിലും ഇതുപോലുള്ള കലാരൂപങ്ങൾ ഉൾപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു.

***സതീശൻ,*** *നെടുമങ്ങാട്*

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2013

പുസ്തകം 2 ലക്കം 5

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

പ്രതിനിധികൾ:

- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ഇടുക്കി
- **വി.പി. പ്രമോദ്കുമാർ,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **നാഫിഹ് എം.,** ഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2518171**


മുഖക്കുറിപ്പ്

# കരുത്താർജിക്കുന്ന സഹകരണ രംഗം

പ്രതിസന്ധികളിൽ സുശക്തമായി സഹകരണ സ്ഥാപനങ്ങൾ എന്നതാണ് ഐക്യരാഷ്ട്രസഭ അംഗീകരിച്ച ഈ വർഷത്തെ വിഷയം. ജൂലൈ ആദ്യത്തെ ശനിയാഴ്ചയാണ് എല്ലാ വർഷവും സഹകരണ ദിനമായി ആഘോഷിക്കുന്നത്. ഇന്ന് ലോകമെമ്പാടും സഹകരണ പ്രസ്ഥാനം എല്ലാ മേഖലയിലും സജീവമായി പ്രവർത്തിക്കുന്നുണ്ട്. കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആതുരസേവനം, വിവര-സാങ്കേതികവിദ്യ, ചെറുകിട-വൻകിട നിർമാണ മേഖലകൾ എന്നിങ്ങനെ ജീവിതത്തിന്റെ സർവമേഖലകളിലും സഹകരണ പ്രസ്ഥാനം അതിന്റെ ശക്തമായ സാന്നിധ്യം ഉറപ്പിച്ചെടുത്തിട്ടുണ്ട്. ലോകം സാമ്പത്തിക പ്രതിസന്ധികളിൽ മുങ്ങിത്താഴുമ്പോഴും സഹകരണമേഖല ജനകീയ അടിത്തറയോടുകൂടി പ്രവർത്തനനിരതമായി മുന്നോട്ടു പോകുന്നു എന്നത് പ്രതീക്ഷ നൽകുന്നു.

കേരളത്തിലെ സഹകരണമേഖല ഏറ്റവും ശക്തമായി ഇടപെടുന്നത് നിക്ഷേപ വായ്പാ രംഗത്താണ്. ആഗോള ബാങ്കിങ് രംഗം സാമ്പത്തികവെല്ലുവിളി നേരിട്ട ഘട്ടത്തിലും സഹകരണമേഖല ക്രമാനുഗതമായ വളർച്ച കൈവരിക്കുകയുണ്ടായി. ഇന്ന് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം 95532.29 കോടി രൂപയാണ്. നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടുള്ള സഹകരണമേഖലയുടെ പ്രവർത്തനങ്ങളാണ് സഹകരണ പ്രസ്ഥാനത്തെ അടിത്തറയുള്ള ഒന്നാക്കി മാറ്റിയത്.

കേരളത്തിന്റെ കാർഷിക രംഗത്ത് വളരെ സജീവമായിട്ടാണ് സഹകരണ പ്രസ്ഥാനം ഇടപെട്ടുകൊണ്ടിരിക്കുന്നത്. ഹ്രസ്വകാല വായ്പകളും പലിശരഹിത വായ്പകളും നൽകിക്കൊണ്ട് കർഷകരെ എല്ലാവിധത്തിലും സഹകരണമേഖല സഹായിക്കുന്നു. 2012-13 കാലഘട്ടങ്ങളിൽ 31 കോടി രൂപ നൽകുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകുകയുണ്ടായി. സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ പ്രാപ്തിയില്ലാത്ത കർഷകർക്ക് ആശ്വാസം നൽകുന്ന പ്രത്യേക പദ്ധതിക്കും സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ പൊതുവിപണിയിലും സർക്കാർ സഹകരണ സംഘങ്ങൾ കൺസ്യൂമർ ഫെഡുവഴി സജീവമായി ഇടപെടുന്നുണ്ട്.

സാമൂഹികനീതിയിലധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് സഹകരണമേഖല വഹിക്കുന്ന പങ്ക് വളരെ പ്രധാനമാണ്. കേരളം പോലൊരു സംസ്ഥാനത്തെ സഹകരണമേഖലയ്ക്ക് വലിയൊരു ചരിത്രമുണ്ട്. ആ ചരിത്രപരമായ ധർമം ഇന്നും വിജയകരമായി തുടർന്നുപോരുന്നുണ്ട്.

ഇന്ത്യൻ സിനിമ നൂറു വർഷം പിന്നിടുകയാണ്. ഈ അവസരത്തിൽ സിനിമയുടെ ചരിത്രവും വളർച്ചയും സാങ്കേതികവും സൗന്ദര്യശാസ്ത്രപരവുമായ മുന്നേറ്റങ്ങളും വിലയിരുത്തേണ്ട ഘട്ടമാണിത്. വിനോദോപാധിയും വ്യവസായവും എന്നതിനപ്പുറം കലാത്മകമായ പരീക്ഷണങ്ങൾ നടത്തി സിനിമ അതിന്റെ സ്വത്വാന്വേഷണം തുടരുകയാണ്. എല്ലാ പ്രതിസന്ധികളെയും തരണം ചെയ്യുവാൻ സിനിമയ്ക്ക് സ്വകീയമായ വൈഭവമുണ്ട്. നൂറ്റാണ്ടിന്റെ നിറവിൽ ഇന്ത്യൻ സിനിമയ്ക്കും ഒപ്പം മലയാള സിനിമയ്ക്കും സംഭവിച്ച പരിണാമങ്ങളെ ഓർക്കുന്നത് ഈ അവസരത്തിൽ ഉചിതമായിരിക്കും.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

■ **സി.എൻ. ബാലകൃഷ്ണൻ**
സഹകരണ മന്ത്രി



**കേരളം സഹകരണ മേഖലയിൽ ദേശീയതലത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെടുന്നത് നിക്ഷേപ വായ്പാരംഗത്താണ്. ആഗോളതലത്തിൽ ബാങ്കിങ് മേഖല കടുത്ത വെല്ലുവിളി നേരിട്ട അവസരത്തിൽ കേരളത്തിലെ സഹകരണ നിക്ഷേപ മേഖല ക്രമാനുഗതമായ വളർച്ച കൈവരിക്കുകയായിരുന്നു**

# കൂടുതൽ കരുത്തോടെ സഹകരണ മേഖല

അന്തർദേശീയ സഹകരണ ദിനാചരണ വേളയിൽ ലോകം ചിന്തിക്കുന്നത് 'പ്രതിസന്ധിയിൽ ശക്തമായി തുടരുന്ന സഹകരണ മേഖല' (Co-operative Enterprise remains strong in times of crisis) എന്ന വിഷയമാണല്ലോ. സഹകരണ പ്രസ്ഥാനത്തെ നവലോക നിർമിതിക്കുള്ള ഏറ്റവും വിശ്വസിക്കാവുന്ന മാധ്യമമായി ലോകം അംഗീകരിച്ചു എന്നുള്ളതിന്റെ തെളിവാണ് അന്തർദേശീയ സഹകരണ വർഷത്തിൽ വളരെ പ്രസക്തമായ ഈ വിഷയം ചർച്ച ചെയ്യുന്നത്.

ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ലോകം പകച്ചുനിന്ന അവസരത്തിൽ മൂല്യാധിഷ്ഠിത ജനകീയ കൂട്ടായ്മയായ സഹകരണമേഖല കൂടുതൽ കരുത്താർജിച്ച് മുന്നേറുന്നത് സാമ്പത്തിക വിദഗ്ധരെപ്പോലും അത്ഭുതപ്പെടുത്തിയിരിക്കുന്നു. വിപണി അധിഷ്ഠിതമായ ആഗോളീകരണ കാലഘട്ടത്തിൽ മാനുഷികമൂല്യങ്ങൾക്കും, ദർശനങ്ങൾക്കും പ്രാധാന്യം നൽകുന്ന സഹകരണ മേഖല സാമ്പത്തിക പ്രതിസന്ധിയിൽ തകരാതെ കൂടുതൽ കരുത്താർജിക്കുന്നതാണ് നാം കണ്ടത്. സമ്പത്തിന്റെ കേന്ദ്രീകരണം, തൊഴിലിന്റെ മന്ദീഭാവം എന്നിവ ആഗോളീകരണത്തിന്റെ മുഖമുദ്രയാണല്ലോ. എന്നാൽ വികേന്ദ്രീകരണ പ്രവർത്തനവും, സാമൂഹിക പ്രതിബദ്ധതയും ഉൾക്കൊണ്ടുള്ള സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനശൈലിയാണ് ലോകത്ത് ഏറ്റവും കൂടുതൽ ജനങ്ങൾക്ക് തൊഴിൽ നൽകുന്ന മേഖലകളിൽ ഒന്നായി ഈ പ്രസ്ഥാനത്തെ മാറ്റിത്തീർക്കാൻ സഹായിച്ചത്.



കേരളത്തെ സംബന്ധിച്ചിടത്തോളം സഹകരണ പ്രസ്ഥാനം ഇന്ന് സർവതല സ്പർശിയായ ജനകീയ സംഘശക്തിയാണ്. കേരളത്തിൽ സഹകരണ മേഖലയുമായി ഏതെങ്കിലും തരത്തിൽ ബന്ധമില്ലാത്ത ഒരു കുടുംബം പോലും ഇല്ലായെന്നതാണ് വാസ്തവം. കേരളത്തിലെ സാധാരണക്കാരുടെയും, പാവപ്പെട്ടവരുടെയും ആശയും പ്രതീക്ഷയുമാണ് സഹകരണ പ്രസ്ഥാനം. നിക്ഷേപരംഗത്തും, വായ്പാ മേഖലയിലും, കാർഷിക രംഗത്തും, ഉപഭോക്തൃമേഖലയിലും, ആരോഗ്യ, പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തും, സാംസ്കാരിക മേഖലയിലും സഹകരണ പ്രസ്ഥാനം നടത്തുന്ന ശക്തമായ ഇടപെടലുകൾ ശ്രദ്ധേയമാണ്. മാത്രമല്ല കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് ഇന്ന് സഹകരണ മേഖല. സംസ്ഥാനത്ത് വിവിധ രംഗങ്ങളിലായി ഇരുപത്തി അയ്യായിരത്തോളം സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ തന്നെ 13766 സംഘങ്ങൾ പ്രവർത്തിക്കുന്നു. മറ്റു സഹകരണ സംഘങ്ങൾ കയർ, കൈത്തറി, വ്യവസായം, ക്ഷീരം, ഖാദി, ഫിഷറീസ് തുടങ്ങിയ മേഖലകളിലും പ്രവർത്തിക്കുന്നു.

## നിക്ഷേപ വായ്പാ രംഗം

കേരളം സഹകരണ മേഖലയിൽ ദേശീയതലത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെടുന്നത് നിക്ഷേപ വായ്പാരംഗത്താണ്. ആഗോളതലത്തിൽ ബാങ്കിങ് മേഖല കടുത്ത വെല്ലുവിളി നേരിട്ട അവസരത്തിൽ കേരളത്തിലെ സഹകരണ നിക്ഷേപ മേഖല ക്രമാനുഗതമായ വളർച്ച കൈവരിക്കുകയായിരുന്നു. കഴിഞ്ഞ 10 വർഷത്തെ സഹകരണ മേഖലയിലെ നിക്ഷേപരംഗത്തെ വളർച്ച ജനങ്ങൾക്ക് ഈ മേഖലയിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ പ്രതിഫലനമാണ്. ഇന്ന് സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം 95,532.29 കോടി രൂപയാണ്. കേരളത്തിലെ സഹകരണ മേഖലയിലെ വായ്പ-നിക്ഷേപ അനുപാതവും വളരെ ഉയർന്നതാണ്. വർധിച്ച നിക്ഷേപത്തിനനുസരിച്ച് നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടിയും നാം സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, നിക്ഷേപ രംഗത്തെ ഉണർവ് സ്ഥായിയായി നിലനിർത്തുന്നതിനും കേരള സഹകരണ നിക്ഷേപ സുരക്ഷാനിധിയും രൂപീകരിച്ചിട്ടുണ്ട്. ഒന്നര

ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗ്യാരണ്ടി ഉറപ്പാക്കിയിട്ടുണ്ട്.

### കാർഷിക രംഗം

കാർഷിക രംഗത്ത് കേരളത്തിൽ സഹകരണ മേഖല നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധേയമാണ്. കർഷകർക്ക്, പ്രത്യേകിച്ച് ചെറുകിട കർഷകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന ഒരു പ്രത്യേക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2012 –13 വർഷത്തിൽ 31 കോടി രൂപ നൽകുന്നതിനുള്ള ഭരണാനുമതിയും നൽകിയിരുന്നു. കൂടാതെ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 40 ബ്ലോക്കുകളിൽ 40 കർഷക സേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവർത്തനത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ നിർവാഹമില്ലാത്ത അശരണരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്ന ഒരു പ്രത്യേക പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പരമാവധി മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകളാണ് പരിഗണിക്കുന്നത്.

### വിപണിയിലെ ഇടപെടൽ

സഹകരണ മേഖല വിപണിയിൽ നടത്തുന്ന ഇടപെടലുകൾ ശ്രദ്ധേയമാണ്. പൊതുവിപണിയിലെ സഹകരണ മേഖലയുടെ സമയോചിതമായ ഇടപെടൽ വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ വളരെയേറെ സഹായിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡ് മുഖേനയാണ് സഹകരണമേഖല വിപണിയിൽ ഇടപെടുന്നത്. പൊതുവിപണിയിൽ കൺസ്യൂമർഫെഡ് രണ്ട് വ്യത്യസ്ത സരണികളാണ് പ്രവർത്തനത്തിന് അവലംബിച്ചിട്ടുള്ളത്. സ്ഥിരം സംവിധാനവും, ഉത്സവകാല ചന്തകളും, സ്ഥിരം സംവിധാനത്തിന്റെ ഭാഗമായി ആരംഭിച്ച 'നന്മ സ്റ്റോറുകൾ' കേരളത്തിലെ സഹകരണ മേഖലയുടെ ചരിത്രത്തിലെ ശ്രദ്ധേയമായ സവിശേഷതയാണ്.

### പ്രവർത്തനത്തിലെ വൈപുല്യം

സാധാരണ ജനങ്ങൾക്കും, പൊതുജനങ്ങൾക്കും കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, സ്ത്രീശാക്തീകരണത്തിന് കരുത്ത് പകർന്നുകൊണ്ടുള്ള വനിതാ സഹകരണ സംഘങ്ങൾ, ദുർബല ജനവിഭാഗത്തിന് താങ്ങും തണലുമായി പ്രവർത്തിക്കുന്ന പട്ടികജാതി / പട്ടികവർഗ സംഘങ്ങൾ, സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ എന്നും ഒരത്ഭുതമായി കരുതുന്ന സാഹിത്യ പ്രവർത്തക സഹകരണ സംഘം, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ തുടങ്ങിയവ ആഗോളീകരണ കാലഘട്ടത്തിൽ കേരളത്തിൽ സഹകരണ മേഖല സുശക്തമായ ഒരു ബദൽ സംവിധാനമാണെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നു.

### നിതാന്ത ജാഗ്രത പുലർത്തുന്ന സർക്കാർ

കേരളത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിനും പുരോഗതിക്കും അമൂല്യമായ സംഭാവനകൾ നൽകി വരുന്ന സഹകരണ സ്ഥാപനങ്ങളിലെ പ്രതിസന്ധി ഘട്ടങ്ങളിൽ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും അതീവ ശ്രദ്ധയും ജാഗ്രതയും പുലർത്തുന്ന ഒരു സർക്കാരാണിന്നുള്ളത്. അതിന്റെ പ്രത്യക്ഷോദാഹരണമാണ് സംസ്ഥാന സഹകരണ ബാങ്കിനും മറ്റ് ആറ് ജില്ലാ സഹകരണ ബാങ്കുകൾക്കും മൂലധനപര്യാപ്തത കൈവരിക്കുന്നതിന് സർക്കാർ നടത്തിയ സമയോചിത ഇടപെടൽ.




**കൺസ്യൂമർഫെഡിന്റെ സഞ്ചരിക്കുന്ന ത്രിവേണി സ്കൂൾ മാർക്കറ്റ് മന്ത്രി സി.എൻ. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു**

ബാങ്കിങ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും 2013 ജൂൺ 30ന് കുറഞ്ഞത് നാലുശതമാനം മൂലധനപര്യാപ്തത കൈവരിക്കണമെന്ന ഭാരതീയ റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും കർശന നിർദേശം സംസ്ഥാന സഹകരണ ബാങ്കിന്റെയും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കാസർഗോട് എന്നീ ജില്ലാ സഹകരണ ബാങ്കുകളുടെയും ബാങ്കിങ് ലൈസൻസ് നഷ്ടപ്പെടുമെന്ന സാഹചര്യത്തിലെത്തിച്ചു. ഈ അവസരത്തിൽ സർക്കാർ സന്ദർഭോചിതമായി ഇടപെടുകയും പ്രസ്തുത ബാങ്കുകൾക്ക് നിശ്ചിത ശതമാനം മൂലധനപര്യാപ്തത കൈവരിക്കുന്നതിലേക്കായി അടിയന്തരമായി 199.50 കോടി രൂപ സർക്കാർ ഓഹരിയായി അനുവദിക്കുകയും ചെയ്തതുമൂലം ബാങ്കുകളുടെ പ്രതിസന്ധി ഒഴിവാക്കാൻ കഴിഞ്ഞതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്. "സഹകരണം പരാജയപ്പെടുമ്പോൾ കേരളവും ഇന്ത്യയും പരാജയപ്പെടുന്നു" എന്ന അവബോധമാണ് ഇത്തരം സന്ദർഭങ്ങളിൽ സജീവ ഇടപെടലിനു സർക്കാരിനെ പ്രേരിപ്പിക്കുന്ന അടിസ്ഥാന വികാരം.

'നവലോക നിർമിതിക്ക് സഹകരണ പ്രസ്ഥാനം' എന്ന മുദ്രാവാക്യം ഉയർത്തി 2012 അന്താരാഷ്ട്ര സഹകരണ വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിരുന്നു. ഈ മുദ്രാവാക്യത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് എല്ലാ വിഭാഗം സഹകരണ സ്ഥാപനങ്ങൾക്കും തുല്യനീതിയും അവസരസമത്വവും ഉറപ്പുവരുത്തി സഹകരണ മേഖലയുടെ സർവതോമുഖമായ വളർച്ചയും വികസനവും സാധ്യമാക്കുന്നതിനുള്ള പ്രവർത്തന പരിപാടികളാണ് സഹകരണ വകുപ്പ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത്.

ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതുപോലെ പ്രതിസന്ധികളിൽ കരുത്താർജിച്ച് മുന്നേറുന്ന സഹകരണ പ്രസ്ഥാനം എന്ന ദർശനം കേരളത്തിലെ സഹകരണ മേഖലയെ സംബന്ധിച്ച് ഇന്നു പ്രസക്തമാണ്. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പോലും തെല്ലും പതറാതെ, തളരാതെ കൂടുതൽ കരുത്താർജ്ജിച്ചുകൊണ്ട് തികഞ്ഞ സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കാൻ നമുക്കു കഴിഞ്ഞു എന്നുള്ളത് കൂടുതൽ ആത്മവിശ്വാസം പകരുന്നു. സാമൂഹ്യനീതിയിലും സഹകരണ തത്വങ്ങളിലും അധിഷ്ഠിതമായി കൂട്ടായ പ്രവർത്തനത്തിലൂടെയും അശ്രാന്ത പരിശ്രമങ്ങളിലൂടെയും കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുന്നതിലേക്ക് സഹകരണമേഖലക്കു കരുത്തു പകരുന്ന കർമപരിപാടികളിൽ സജീവമായിരിക്കുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം. ■

എഴുമാവിൽ രവീന്ദ്രനാഥ്

# സാധാരണക്കാർ നെഞ്ചേറ്റിയ സംഘപ്രസ്ഥാനം

ആഗോള സമ്പദ്‌വ്യവസ്ഥയിൽ വേറിട്ടൊരു പാത വെട്ടിത്തുറന്ന സഹകരണ പ്രസ്ഥാനം അതിന്റെ നൂറ്റിയിരുപതാം പിറന്നാൾ ആഘോഷിക്കുവാനുള്ള ഒരുക്കങ്ങളിലാണ്. ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിലുള്ള റോക്ക്ഡയിലിൽ 1844 ഡിസംബർ 21 ന് 28 നെയ്ത്തു തൊഴിലാളികൾ ചേർന്ന് തുടക്കമിട്ട സഹകരണ കൺസ്യൂമർ സ്റ്റോറിൽ നിന്നു പ്രചോദനമുൾക്കൊണ്ട് ആഗോള തലത്തിൽ പടർന്നുപന്തലിച്ച സഹകരണ പ്രസ്ഥാനം ഇന്നു കൈവെക്കാത്ത മേഖലകളൊന്നുമില്ല. കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആതുരസേവനം, വിവരസാങ്കേതിക വിദ്യ, ചെറുകിട-വൻകിട നിർമാണമേഖല എന്നിങ്ങനെ ആ പരമ്പര നീളുന്നു. എന്നിരുന്നാലും ഉപഭോക്തൃ, സാമ്പത്തികരംഗങ്ങളിലെ സജീവസാന്നിധ്യമാണ് സഹകരണ പ്രസ്ഥാനത്തെ കൂടുതൽ ജനകീയമാക്കിയത്. ഈ രണ്ടു രംഗങ്ങളിലും നടമാടിയിരുന്ന ചൂഷണത്തിനെതിരെ സഹകരണ പ്രസ്ഥാനം നാട്ടിയ വെന്നിക്കൊടികളാണ് ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് (ഐ.സി.എ) എന്ന ആഗോള സഹകരണ സഖ്യത്തിനു ശിലയിട്ടത്. ജനീവ ആസ്ഥാനമായി 1895 ആഗസ്റ്റ് 18 ന് സ്ഥാപിതമായ ഐ.സി.എയുടെ 28 ാം വാർഷിക സമ്മേളനത്തിലാണ് വർഷത്തിൽ ഒരു ദിനം പൂർണമായും സഹകരണ പ്രസ്ഥാനത്തിനായി എല്ലാ രാജ്യങ്ങളും മാറ്റിവെക്കണമെന്ന നിർദേശം ഉയർന്നുവന്നത്. അതിനായി ജൂലൈ മാസത്തിലെ ആദ്യ ശനിയാഴ്ച തെരഞ്ഞെടുക്കുകയും ചെയ്തു. ലോകത്താകമാനം 92 രാഷ്ട്രങ്ങളിൽ നിന്നായി 248 ഫെഡറേഷനുകൾ അംഗങ്ങളായുള്ള ഐ.സി.എയുടെ നിസ്വാർഥ സേവനങ്ങൾ ഐക്യരാഷ്ട്രസഭയുടെ ശ്രദ്ധയിൽ വരുന്നത് 1992 ൽ മാത്രമാണ്. ഡിസംബർ മാസത്തിൽ ചേർന്ന യു.എൻ. പൊതുസഭയുടെ 47 ാമത് തീരുമാനമായി അന്താരാഷ്ട്ര സഹകരണ ദിനാചരണം കടന്നുവന്നു. ഐ.സി.എ പ്രഖ്യാപിച്ചിരുന്ന ആചരണ മാസത്തിനോ ദിവസത്തിനോ യാതൊരു മാറ്റവും വരുത്താതെയായിരുന്നു ഐക്യരാഷ്ട്രസഭ സഹകരണ പ്രസ്ഥാനത്തിനായി മുന്നിട്ടിറങ്ങാൻ തീരുമാനിച്ചത്. എന്നാൽ ഓരോ വർഷവും ഓരോ വിഷയം തെരഞ്ഞെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ വേണം ദിനാചരണം സംഘടിപ്പിക്കേണ്ടതെന്ന നിബന്ധന മാത്രം അസംബ്ലി മുന്നോട്ടുവെച്ചു. അത് സാർവത്രികമായി അംഗീകരിക്കപ്പെടുകയും ചെയ്തു.



വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിലും സുതാര്യവും ജനകീയവുമായ സമീപനമാണ് യു.എൻ. സ്വീകരിച്ചുപോരുന്നത്. ഇതിനായി ഐക്യരാഷ്ട്ര സാമ്പത്തിക സാമൂഹികസഭ (യു.എൻ.ഇ.എസ്.സി.) യെയാണ് ആദ്യം തന്നെ പൊതു സഭ ചുമതലപ്പെടുത്തിയത്. അന്താരാഷ്ട്ര തൊഴിലാളി സംഘടന (ഐ.എൽ.ഒ.), ഭക്ഷ്യ കാർഷിക സംഘടന (എഫ്.എ.ഒ), വ്യാവസായിക വികസന സംഘടന (യുനിഡോ), അന്താരാഷ്ട്രസഹകരണ സഖ്യം (ഐ.സി.എ), ലോക കർഷക സംഘം (ഡബ്ല്യൂ.എഫ്.ഒ.) എന്നിവയുടെ പ്രതിനിധികൾ ചേർന്നാണ് വിഷയ നിർണയം നടത്തുന്നത്. 248 ദേശീയ ഫെഡറേഷനുകളും 112 സന്നദ്ധ സംഘടനകളും 20 സാമ്പത്തിക സ്ഥാപനങ്ങളുമാണ് ഇതിലേക്കുള്ള വിഷയങ്ങൾ സമർപ്പിച്ചിരിക്കുന്നത്. ഇവ മേൽപ്പറഞ്ഞ അഞ്ച് അന്താരാഷ്ട്ര സംഘടനകളുടെ 15 പ്രതിനിധികൾ ഒരു മാസക്കാലം ചർച്ചചെയ്താണ് മൂന്നു വിഷയങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇവ സാമ്പത്തിക സാമൂഹികസഭ പരിഗണിച്ചാണ് ഒന്നാമനെ കണ്ടെത്തുക.

പ്രതിസന്ധികളിൽ സുശക്തമായി സഹകരണ സ്ഥാപനങ്ങൾ എന്നതാണ് പൊതുസഭ അംഗീകരിച്ച ഈ വർഷത്തെ വിഷയം. തികച്ചും കാലികപ്രസക്തമായ ഈ വിഷയം ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുകയും അതിലൂടെ സഹകരണ മേഖലയുടെ പ്രസക്തിയും പ്രാധാന്യവും ജനഹൃദയങ്ങളിലേക്ക് ആഴത്തിൽ വേരോടുകയും ചെയ്യുമെന്ന പ്രത്യാശയാണ് ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ സഹകരണ ദിനാചരണത്തിനുള്ള ആമുഖ സന്ദേശത്തിൽ പ്രകടിപ്പിച്ചിരിക്കുന്നത്.

പ്രതിസന്ധി എന്നതുകൊണ്ട് ഇവിടെ അർഥമാക്കുന്നത് സാമ്പത്തികരംഗത്തെ പ്രശ്നങ്ങൾ മാത്രമല്ല, സാംസ്കാരിക രംഗത്തും സാമൂഹികരംഗത്തും, ഭക്ഷ്യരംഗത്തും പ്രകൃതിയിലും രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും കണ്ടുവരുന്ന അസ്വാരസ്യങ്ങളാണ്. വികസിതരാജ്യങ്ങളിലെ വമ്പൻ ബാങ്കുകൾ പോലും ചീട്ടുകൊട്ടാരം പോലെ തകർന്നുവീണ വർത്തമാനകാല യാഥാർഥ്യങ്ങൾക്കു മുമ്പിൽ പകച്ചു നിൽക്കുകയാണ് ലോകം. എന്നാൽ സുസ്ഥിരമായ വളർച്ചയും വികസനവും പ്രാപിച്ച സഹകരണ മേഖലയിലെ സാമ്പത്തിക സ്ഥാപനങ്ങൾ യാതൊരു കൂസലുമില്ലാതെ മുമ്പോട്ടു പോകുന്നത് ഐക്യരാഷ്ട്രസഭയുടെ ഗവേഷണവിഭാഗം പ്രത്യേകമായി തങ്ങളുടെ റിപ്പോർട്ടിൽ എടുത്തുകാണിക്കുകയും ഈ മാതൃക അനുകരണീയമെന്ന് ശ്ലാഘിക്കുകയും ചെയ്തിട്ടുണ്ട്. (എക്കണോമിക് റിവ്യൂ 2013).

ആഗോളതലത്തിൽ 13 ലക്ഷത്തോളം വായ്പാ സ്ഥാപനങ്ങൾ സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ 89 ശതമാനവും വൻവിജയമാണ്. നാലു ശതമാനം വിജയകരമായും പ്രവർത്തിച്ചുവരുന്നുവെന്നാണ് ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിന്റെ കണ്ടെത്തൽ. എന്നാൽ മറ്റു ധനകാര്യസ്ഥാപ




**പ്രിയദർശിനി സഹകരണ ആശുപത്രി ഏറ്റെടുക്കൽ ചടങ്ങിൽ നിന്ന്**

നങ്ങളുടെ സ്ഥിതി നേരേ മറിച്ചാണത്രെ. 23 ശതമാനം വിജയകരമായും 22 ശതമാനം കാര്യമായ പരുക്കുകളില്ലാതെയും നീങ്ങുമ്പോൾ 32 ശതമാനം നിലനിൽപ്പിനായി ചക്രശ്വാസം വലിക്കുകയാണ്.

ആറു ലക്ഷം സഹകരണ സംഘങ്ങളാണ് നമ്മുടെ രാജ്യത്തുള്ളത്. ഇതിൽ 25 ശതമാനവും വായ്പാസംഘങ്ങളാണ്. ചെട്ടിപ്പലിശയും വട്ടിപ്പലിശയും മീറ്റർ പലിശയും കൊണ്ടു വീർപ്പുമുട്ടിയ സാധാരണ ജനങ്ങൾക്കിടയിൽ ഒന്നര ലക്ഷം വായ്പാ സഹകരണ സംഘങ്ങൾ ഇന്ദ്രജാലമല്ല, മഹേന്ദ്രജാലമാണ് കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകൾകൊണ്ടു കാഴ്ചവെച്ചിരിക്കുന്നത്. ദേശസാത്കൃത ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കുമിടയിലോ, ചാരത്തോ ഒരു ഇരിപ്പിടം കൊതിച്ച സഹകരണ സ്ഥാപനങ്ങളെ സ്വന്തം നെഞ്ചകങ്ങളിലാണ് സാധാരണ ജനങ്ങൾ ആനയിച്ചിരുത്തിയത്. 1.22 ദശലക്ഷം ജനങ്ങൾക്ക് നേരിട്ടും 15.5 ദശലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന ഇന്ത്യൻ സഹകരണ മേഖല ആകെ ജനസംഖ്യയുടെ 59.5 ശതമാനം ആളുകളുടെ സന്തതസഹചാരിയായി മാറിക്കഴിഞ്ഞു.

സഹകരണപ്രസ്ഥാനത്തിന്റെ കേരള മാതൃക എക്കാലവും ചർച്ചാവിഷയമാക്കപ്പെട്ടിട്ടുള്ളതാണ്. കുപ്രസിദ്ധമായ സാമ്പത്തികമാന്ദ്യം ഏതാണ്ട് അഞ്ചു വർഷക്കാലം മുമ്പ് ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലും ചെറുതല്ലാത്ത ചലനങ്ങൾ സൃഷ്ടിച്ചപ്പോൾ ആഘാതങ്ങളെ ആഗിരണം ചെയ്തുകൊണ്ട് കൂടുതൽ കാര്യക്ഷമതയോടെ മുന്നേറുകയാണ് നമ്മുടെ സഹകരണ മേഖല. പ്രവാസി മലയാളികൾ സ്വദേശിവത്കരണത്തിന്റെ ഭാഗമായി നേരിയതോതിലാണെങ്കിൽപ്പോലും ബുദ്ധിമുട്ടനുഭവിക്കുന്ന സ്ഥിതിവിശേഷത്തെ അഭിമുഖീകരിക്കാനുമുള്ള പണിപ്പുരയിലാണ് നമ്മുടെ സഹകരണ മേഖല.

ആഗോളതാപനവും പ്രകൃതി ചൂഷണവും ചെറുക്കാനുള്ള കർമപരിപാടികളും ഐക്യരാഷ്ട്രസഭയും ഐ.സി.എയും ചേർന്ന് ആവിഷ്കരിച്ചുവരുന്നു. ഗ്രീൻപീസ് തുടങ്ങിയ പരിസ്ഥിതി സംഘടനകളുടെ ഒരു കൂട്ടായ്മ ഒക്ടോബറിൽ ജനീവയിൽ വിളിച്ചുകൂട്ടിയിട്ടുള്ളതിനെ പ്രകൃതി സ്നേഹികൾ അതീവ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുകയാണ്.

> പ്രതിസന്ധികളിൽ സുശക്തമായി സഹകരണ സ്ഥാപനങ്ങൾ എന്നതാണ് പൊതുസഭ അംഗീകരിച്ച ഈ വർഷത്തെ വിഷയം. തികച്ചും കാലിക പ്രസക്തമായ ഈ വിഷയം ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുകയും അതിലൂടെ സഹകരണ മേഖലയുടെ പ്രസക്തിയും പ്രാധാന്യവും ജനഹൃദയങ്ങളിലേക്ക് ആഴത്തിൽ വേരോടുകയും ചെയ്യുമെന്ന പ്രത്യാശയാണ് ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽ സഹകരണ ദിനാചരണത്തിനുള്ള ആമുഖ സന്ദേശത്തിൽ പ്രകടിപ്പിച്ചിരിക്കുന്നത്.

സഹകരണ പ്രസ്ഥാനങ്ങൾ ഹരിതവത്കരണത്തിനായി എന്ന മുദ്രാവാക്യം മുൻനിർത്തിയാണ് ഈ ഉച്ചകോടി സംഘടിപ്പിക്കുന്നത്. ഇതോടൊപ്പം തന്നെ എഫ്.എ.ഒയും ഐ.സി.എയും ചേർന്ന് ഭക്ഷ്യസുരക്ഷ സംബന്ധിച്ച ജൈവകൃഷിയുടെ ബാധ്യതകളെ സംബന്ധിച്ചു തയാറാക്കുന്ന പ്രോജക്ട് ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇതിൽ നിന്നൊക്കെ മനസ്സിലാക്കേണ്ടത് സഹകരണ പ്രസ്ഥാനത്തെ ഒഴിച്ചുനിർത്തി ഒരു വികസന ചർച്ചയും സാധ്യമല്ലെന്ന യാഥാർഥ്യമാണ്.

രാഷ്ട്രങ്ങളുടെ സുരക്ഷയ്ക്കു ഭീഷണിയാകുന്ന തീവ്രവാദവും സാംസ്കാരിക അരാജകത്വവും സാമൂഹിക അസമത്വവുമൊക്കെ പ്രതിസന്ധികളുടെ പട്ടികയിലെ ഉപവിഷയങ്ങളായാണ് ഇപ്പോൾ ചേർക്കപ്പെട്ടിട്ടുള്ളത്. ഉപവിഷയങ്ങൾ പിന്നീട് പ്രധാന വിഷയങ്ങളായി അന്താരാഷ്ട്ര സഹകരണ ദിനാഘോഷ വേളകളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുമുണ്ട്. ആഗോള സാമ്പത്തിക, ഭക്ഷ്യ, പ്രകൃതിസന്തുലന പ്രതിസന്ധികൾക്കു പിന്നാലെ ഇവയും വരും കാലങ്ങളിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെടുകതന്നെ ചെയ്യും എന്നു നമുക്കു പ്രതീക്ഷിക്കാം. ■

ടി.എസ്. ചന്ദ്രൻ

# പുതുസംരംഭകർക്കായി പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി

**തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന ഏതൊരു സംരംഭകനും വായ്പ ലഭിക്കത്തക്കവിധത്തിൽ ലളിതമാണ് യോഗ്യതകൾ. അപേക്ഷിക്കുന്നതിന് പ്രായപരിധിയില്ല. വരുമാനപരിധിയും ഇല്ല. ഗൾഫിൽ നിന്നും തിരിച്ചെത്തിക്കൊണ്ടിരിക്കുന്നവർക്കും സ്വന്തം സംരംഭം എന്ന സ്വപ്നവുമായി നടക്കുന്ന യുവാക്കൾക്കും ആശ്വാസകരമായി മാറുകയാണ് പി.എം.ഇ.ജി.പി.**

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (പി.എം.ഇ.ജി.പി.) പുതിയ സംരംഭകർക്ക് ഏറെ അവസരങ്ങൾ തുറന്നുനൽകുന്നു. കേന്ദ്ര സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയം നടപ്പാക്കിവന്നിരുന്ന രണ്ടു പദ്ധതികൾ സംയോജിപ്പിച്ചാണ് ഇതിന് രൂപം കൊടുത്തത്. വ്യവസായവകുപ്പു വഴി നടപ്പാക്കിവന്നിരുന്ന പി.എം.ആർ.വൈ, ഖാദി കമ്മിഷൻ/ബോർഡ് വഴി നടപ്പാക്കിവന്നിരുന്ന ആർ.ഇ.ജി.പി എന്നീ പദ്ധതികളാണ് സംയോജിപ്പിച്ചത്. ഖാദികമ്മിഷനാണ് ദേശീയതലത്തിൽ പി.എം.ഇ.ജി.പിയുടെ നോഡൽ ഏജൻസി. ഖാദി ഗ്രാമവ്യവസായ കമ്മിഷനും, ഖാദി ബോർഡും ഗ്രാമീണ മേഖലയിൽ (ഗ്രാമപഞ്ചായത്ത് തലത്തിൽ) പദ്ധതി നിർവഹണം നടത്തുമ്പോൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഗ്രാമ-നഗര വ്യത്യാസമില്ലാതെ തന്നെ പദ്ധതി നടപ്പാക്കുന്നു.

## യോഗ്യതകൾ

തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന ഏതൊരു സംരംഭകനും വായ്പ ലഭിക്കത്തക്കവിധത്തിൽ ലളിതമാണ് യോഗ്യതകൾ. അപേക്ഷിക്കുന്നതിന് പ്രായപരിധിയില്ല. വരുമാനപരിധിയും ഇല്ല. ഉത്പാദന മേഖലയിൽ പത്തു ലക്ഷം രൂപയ്ക്കും സേവനമേഖലയിൽ അഞ്ചു ലക്ഷം രൂപയ്ക്കും മുകളിലുള്ള പദ്ധതികൾക്കായി വായ്പക്ക് അപേക്ഷിക്കുന്ന സംരംഭകർ എട്ടാം ക്ലാസ് ജയിച്ചിരിക്കണമെന്നതാണ് വിദ്യാഭ്യാസ യോഗ്യത. വ്യക്തികൾക്കും സ്വയം സഹായസംഘങ്ങൾക്കും (മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംഘങ്ങൾക്കു മാത്രം) ഉത്പാദന സഹകരണ സംഘങ്ങൾക്കും ചാരിറ്റബിൾ ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും പദ്ധതി പ്രയോജനപ്പെടുത്താം. എന്നാൽ പങ്കാളിത്ത സ്ഥാപനങ്ങൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കില്ല. പുതുതായി ആരംഭിക്കുന്ന ഉത്പാദന/സേവന സംരംഭങ്ങൾക്കാണ് വായ്പ ലഭിക്കുക.

## 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് വായ്പ

ഉത്പന്ന നിർമാണവുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെയും സേവന സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ വരെയും ചെലവു വരുന്ന പദ്ധതികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കും. ഒരു ലക്ഷം രൂപ വരെയുള്ള സ്ഥിരനിക്ഷേപത്തിന് ഒരാൾ എന്ന നിരക്കിൽ തൊഴിൽ നൽകിയിരിക്കണം. അപേക്ഷകരെ സാധാരണ വിഭാഗം, പ്രത്യേക വിഭാഗം എന്നിങ്ങനെ രണ്ടായി തിരിച്ചാണ് ആനുകൂല്യങ്ങൾ നൽകുക. സാധാരണ വിഭാഗത്തിൽപ്പെട്ടവർ 10 ശതമാനവും പ്രത്യേക വിഭാഗക്കാർക്ക് അഞ്ചു ശതമാനവും സ്വന്തം മുതൽ മുടക്കായി കണ്ടെത്തണം. സാധാരണ വിഭാഗങ്ങൾക്ക് മുൻസിപ്പൽ-കോർപറേഷൻ പ്രദേശത്ത് 15 ശതമാനവും പ്രത്യേക വിഭാഗങ്ങൾക്ക് 25 ശതമാനവും സർക്കാർ ഗ്രാന്റ് ലഭിക്കും. എന്നാൽ ഗ്രാമപ്രദേശത്ത് ഇത് യഥാക്രമം 25 ശതമാനവും 35 ശതമാനവുമാണ്. അതുപോലെതന്നെ സാധാരണ വിഭാഗക്കാർ 10 ശതമാനവും പ്രത്യേക വിഭാഗക്കാർ അഞ്ചു ശതമാനവും സ്വന്തം മുതൽ മുടക്കായി കണ്ടെത്തിയാൽ മതിയാകും. പട്ടികജാതി-വർഗം, മറ്റ് പിന്നാക്ക സമുദായങ്ങൾ, മതന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, വിമുക്തഭടന്മാർ, വികലാംഗർ എന്നിവരെയാണ് പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സാധാരണ ബാങ്ക് പലിശ ആയിരിക്കും വായ്പയ്ക്ക് ഈടാക്കുക. വായ്പതിരിച്ചടവ് മൂന്നു വർഷം മുതൽ ഏഴു വർഷം വരെയായി നിശ്ചയിച്ചിരിക്കുന്നു. ജില്ലാതല ടാക്സ് ഫോഴ്സ് കമ്മിറ്റി അംഗീകരിക്കുന്ന 10 ലക്ഷം

രൂപ വരെയുള്ള പദ്ധതികൾക്ക് കൊളാറ്ററൽ സെക്യൂരിറ്റി നൽകേണ്ടതില്ല.

സബ്സിഡി-മാർജിൻമണി ഗ്രാന്റായി ലഭിക്കുന്ന തുക സംരംഭകന്റെ പേരിൽ സ്ഥിര നിക്ഷേപമായി ബാങ്കിൽ സൂക്ഷിക്കുന്നതും മൂന്നു വർഷത്തിനു ശേഷം സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി തുക വായ്പാ കണക്കിൽ വരവുവക്കുന്നതുമാണ്. വായ്പയ്ക്ക് ഈടാക്കുന്ന പലിശയും നിക്ഷേപത്തിന് നൽകുന്ന പലിശയും ഒരേ നിരക്കിൽ ആയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.




## പട്ടികജാതി-വർഗ സംരംഭകർ

2008-09 സാമ്പത്തിക വർഷം മുതലാണ് ഈ പദ്ധതി നടപ്പാക്കിത്തുടങ്ങിയത്. നാലു വർഷത്തേക്കാണ് വിഭാവന ചെയ്തിരുന്നതെങ്കിലും തുടർന്ന് രണ്ടു വർഷം കൂടി തുടരുവാൻ അനുവദിക്കുകയായിരുന്നു. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പാണ് ഇതിന് കാരണമായത്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിപ്രകാരം 1420 സംരംഭങ്ങൾ ആരംഭിക്കുവാനും 3265.60 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി നൽകാനുമാണ് കേരളത്തിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 2075 സംരംഭങ്ങൾ ആരംഭിക്കുവാനും 3576.71 ലക്ഷം രൂപ ഗ്രാന്റ് ഇനത്തിൽ അനുവദിക്കാനും കഴിഞ്ഞു. 2013-14 ലെ ലക്ഷ്യം 1460 സംരംഭങ്ങളും 3358 ലക്ഷം രൂപ സർക്കാർ ഗ്രാന്റുമാണ്. ഇതിന്റെ ഏജൻസികൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| നടപ്പാക്കുന്ന ഏജൻസികൾ | ഖാദി കമ്മിഷൻ | ഖാദി ബോർഡ് | ജില്ലാ വ്യവസായ കേന്ദ്രം | | ആകെ |
|---|---|---|---|---|---|
| | | | ഗ്രാമം | പട്ടണം | |
| സംരംഭങ്ങളുടെ എണ്ണം | 438 | 438 | 292 | 292 | 1460 |
| എം.എം. ഗ്രാന്റ് (ലക്ഷം രൂപയിൽ) | 1007.40 | 1007.40 | 671.60 | 671.60 | 3358 |
| തൊഴിൽ (എണ്ണം) | 3504 | 3504 | 2336 | 2336 | 11680 |

ഇതിൽത്തന്നെ ശരാശരി 10 ശതമാനം പട്ടികജാതി സംരംഭകർക്കും ഒരു ശതമാനം പട്ടികവർഗ സംരംഭകർക്കും നീക്കിവച്ചിട്ടുണ്ട്. മാർജിൻമണി ഗ്രാന്റിന്റെ ഉള്ളിൽനിന്നുകൊണ്ട് കൂടുതൽ സംരംഭങ്ങൾക്ക് വായ്പകൾ നൽകാവുന്നതാണ്.

## അപേക്ഷയിലെ നടപടികൾ

ഖാദി കമ്മിഷൻ, ജില്ലാ ഖാദിബോർഡ്, ജില്ലാ വ്യവസായ കേന്ദ്രം എന്നീ ഓഫീസുകൾ വഴി അപേക്ഷകൾ നൽകാം. ജില്ലാ വ്യവസായ കേന്ദ്രം വഴി വായ്പയ്ക്ക് അപേക്ഷിക്കുന്നവർ താലൂക്ക് വ്യവസായ ഓഫീസുകൾ വഴിയോ, ബ്ലോക്ക്-മുനിസിപ്പാലിറ്റി-കോർപറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർ വഴിയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം റേഷൻ കാർഡ്, തിരിച്ചറിയൽ രേഖ, ജാതി സർട്ടിഫിക്കറ്റ് (പ്രത്യേകവിഭാഗത്തിലെ പുരുഷന്മാർക്കു മാത്രം) മെഷിനറി ക്വട്ടേഷൻ, പ്രൊജക്ട് റിപ്പോർട്ട്, സംരംഭ വികസന പരിശീലനം നേടിയിട്ടുണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ സമർപ്പിക്കണം. ജില്ലാ കളക്ടർ/മജിസ്ട്രേറ്റിന്റെ അധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള ജില്ലാതല ടാസ്ക്ഫോഴ്സ് കമ്മിറ്റി, കൂടിക്കാഴ്ചയിലൂടെയാണ് സംരംഭകരെ തിരഞ്ഞെടുക്കുന്നത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരാണ് ഇതിന്റെ കൺവീനർ. എൽ.ഡി.എം., ഖാദി ബോർഡ്, ഖാദി കമ്മിഷൻ, പഞ്ചായത്ത് സമിതികൾ എന്നിവയുടെ പ്രതിനിധികളും കമ്മിറ്റിയിലുണ്ടാകും. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന പദ്ധതിയുടെ സാങ്കേതിക/സാമ്പത്തിക ഭദ്രത ജില്ലാതലകമ്മിറ്റിയാണ് പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത്. വിവിധ ദേശസാത്കൃത-വാണിജ്യ ബാങ്കുകൾ വഴിയാണ് വായ്പാവിതരണം ചെയ്യുന്നത്.

## ഒഴിവാക്കപ്പെട്ട പദ്ധതികൾ

ഈ പദ്ധതിപ്രകാരമുള്ള ആനുകുല്യങ്ങൾ നൽകുന്നതിൽ നിന്നും ഏതാനും മേഖലകളെ ഒഴിവാക്കിയിരിക്കുന്നു. മത്സ്യം, മാംസം തുടങ്ങിയവയുടെ സംസ്കരണം, ഉപഭോഗം, ലഹരി പദാർഥങ്ങളുടെ ഉത്പാദനം, വിതരണം, കൃഷിപ്പണികൾ, മൃഗസംരക്ഷണം (ആട്, കോഴി, താറാവ്, പശു, പന്നി ഫാമുകൾ), പ്ലാന്റേഷൻ, നിശ്ചിത അളവിൽ കുറഞ്ഞ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ, പ്ലാസ്റ്റിക് പുനരുപയോഗ ഫുഡ് കണ്ടെയ്നറുകൾ, സബ്സിഡിയോടുകൂടിയ ഖാദി, നൂൽ-നൂൽപ്പ്-നെയ്ത്ത് പരിപാടികൾ, ഓട്ടോറിക്ഷ പോലുള്ള ഗതാഗത സേവനങ്ങൾ എന്നിവ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

ഇതിന്റെ ഗുണഭോക്താക്കൾ ഒരു സംരംഭവികസന പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കണം. മൂന്നു ദിവസം മുതൽ രണ്ട് ആഴ്ചവരെ നീണ്ടുനിൽക്കുന്ന പരിപാടിയിലാണ് പങ്കെടുക്കേണ്ടത്. നേരത്തെ ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ നിന്നും ഇത്തരത്തിൽ പരിശീലനം നേടിയവർ വീണ്ടും പങ്കെടുക്കേണ്ടതില്ല. പി.എം.ഇ.ജി.പി. യൂണിയനുകളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പ്രദർശനവിപണന മേളകൾ, ഉത്പാദക-ഉപഭോക്തൃ സംഗമങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. പദ്ധതിയുടെ മുൻപിൻ പ്രവർത്തനങ്ങൾക്കും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഗൾഫിൽ നിന്നും തിരിച്ചെത്തിക്കൊണ്ടിരിക്കുന്നവർക്കും സ്വന്തം സംരംഭം എന്ന സ്വപ്നവുമായി നടക്കുന്ന യുവാക്കൾക്കും പി.എം.ഇ.ജി.പി. ആശ്വാസകരമായി മാറുകയാണ് ■

മീരാ സാഹിബ്





**ശതാബ്ദി ആഘോഷിക്കുന്ന ഇന്ത്യൻ സിനിമയുടെ പരിണാമവഴികളിലൂടെയുള്ള സഞ്ചാരം തുടർന്നുള്ള പേജുകളിൽ**

# രൂപമാറ്റം വന്ന സിനിമ മുത്തശ്ശി

'സിനിമ ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല' എന്ന ആന്ദ്രെ ബാസിന്റെ വാക്കുകൾ എത്ര ശരിയാണ്. സിനിമയുടെ ഭാഷയും വ്യാകരണവും നിർമാണ സമ്പ്രദായങ്ങളും സമൂലമായി മാറാൻ തുടങ്ങുന്ന ഒരു കാലഘട്ടത്തിലാണ് (1967) ബാസിൻ ഇങ്ങനെ പറഞ്ഞത്. ജീവിതത്തിന്റെ പൂർണമായ മായക്കാഴ്ചകൾ നൽകുന്ന എല്ലാം തികഞ്ഞ സിനിമ ഇനിയും അകലെയാണെന്നും അദ്ദേഹം പറഞ്ഞുവെച്ചു. ലോകത്ത് സിനിമയുണ്ടായി 118 വർഷവും ഇന്ത്യൻ സിനിമയ്ക്ക് നൂറു വയസ്സും തികയുന്നു. ആദ്യം ശബ്ദ സിനിമ, പിന്നെ സംസാരിക്കുന്ന സിനിമ. കറുപ്പിലും വെളുപ്പിലുമുള്ളത്, വർണത്തിൽ കുതിർന്നത്, ത്രിമാന ചിത്രങ്ങൾ, 16-35-70 എം.എം സിനിമകൾ, സിനിമാ സ്കോപ്പ്, അനലോഗ് രീതി മാറി ഡിജിറ്റൽ രീതി, മൂവിയോലയിൽ നിന്നും അവിഡ് എഡിറ്റിങ്, പ്രിന്റ് വിതരണ രീതിയിൽ നിന്നും ക്യൂബ്/യു.എഫ്.ഒ. സഹായത്തോടെയുള്ള സാറ്റലൈറ്റ് രീതിയിലുള്ള വിതരണവും പ്രദർശനങ്ങളും, മൾട്ടി പ്ലക്സുകൾ 2 കെ, 4 കെ, പ്രൊജക്ഷൻ രീതികൾ, അനാമോർഫിക് ലെൻസുകൾ, ഡി.എൽ.പി. സാങ്കേതികവിദ്യ എന്നിങ്ങനെ സമൂലമായ മാറ്റങ്ങൾ തുടരുന്നു. ഡിജിറ്റൽ യുഗത്തിലേക്ക് സിനിമ കടന്നപ്പോൾ നിർമാണം ആയാസരഹിതമായി. ആർക്കും സിനിമയിൽ കൈവെക്കാമെന്നായി. നിർമിക്കപ്പെടുന്ന സിനിമയുടെ എണ്ണത്തിൽ വർധനവും റിലീസ് ചെയ്യാത്തതും ബോക്സ് ഓഫീസിൽ തകരുന്നതുമായ ചിത്രങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ വർധനവുണ്ടാകുന്നു. പ്രദർശനങ്ങൾ കൂടുതൽ സങ്കീർണമാകുന്നു.

1927-28 കളിൽ രൂപീകരിച്ച ഇന്ത്യയുടെ സിനിമാട്ടോഗ്രാഫ് കമ്മിറ്റി മുതൽ അനേകം കമ്മിറ്റികൾ ഈ രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദേശിക്കാൻ വേണ്ടി നിയോഗിച്ചിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ 12 ാം പഞ്ചവത്സര പദ്ധതിക്കാലത്തേക്കുള്ള ഇൻഫർമേഷൻ ബ്രോഡ്കാസ്റ്റിങ്



ദാദാസാഹിബ് ഫാൽക്കെ

മന്ത്രാലയത്തിനുള്ള വർക്കിങ് ഗ്രൂപ്പുൾപ്പെടെ അനേകം കമ്മിറ്റികൾക്ക് രൂപം കൊടുത്തിരുന്നു. കേന്ദ്രസർക്കാർ ഫിലിംസ് ഡിവിഷൻ, നാഷണൽ ഫിലിം ഡവലപ്മെന്റ് കോർപറേഷൻ, ഫെസ്റ്റിവെൽ ഡയറക്ടറേറ്റ്, പൂണെയിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയൊക്കെ സ്ഥാപിച്ചത് ഇത്തരം കമ്മി




**സത്യജിത് റായ്**



റ്റികളുടെ ശുപാർശപ്രകാരമായിരുന്നു. ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ അന്നത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്നെ മുൻകയ്യെടുത്തിരുന്നു. ചലച്ചിത്രാസ്വാദന കോഴ്സ് തുടങ്ങാൻ പ്രസിദ്ധ നിരൂപകയായിരുന്ന മേരി സെറ്റനെ ക്ഷണിച്ചുകൊണ്ടുവന്നത് നെഹ്റുവായിരുന്നു.

മറ്റ് ഏതൊരു രാജ്യത്തെ ചലച്ചിത്രോത്സവവുമായി കിടപിടിക്കത്തക്ക അന്താരാഷ്ട്ര ചലച്ചിത്രോത്സവം രൂപംകൊണ്ടതും നെഹ്റുവിന്റെ കാലഘട്ടത്തിലായിരുന്നു. ചലച്ചിത്രോത്സവങ്ങളെ 'ലോകത്തിലേക്കുള്ള ജാലകം' എന്നാണ് നെഹ്റു വിശേഷിപ്പിച്ചത്. ചലച്ചിത്രകാരന്മാരെ ആദരിക്കുന്നതിന്റെ ഭാഗമായി ദേശീയ ചലച്ചിത്ര അവാർഡുകൾക്കു പുറമെ ദാദാസാഹിബ് അവാർഡും പിൽക്കാലത്ത് ഏർപ്പെടുത്തി.

സത്യജിത് റായിയുടെയും ചിദാനന്ദ ദാസ് ഗുപ്തയുടെയും നേതൃത്വത്തിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം ആരംഭിച്ചതും നല്ല സിനിമയെന്ന സങ്കൽപ്പത്തിന് തുടക്കം കുറിച്ചു. സിനിമയുടെ സംരക്ഷണത്തിനായി നാഷണൽ ഫിലിം ആർക്കൈവ്സ് ഓഫ് ഇന്ത്യയും നിലവിൽ വന്നു. ഇന്ത്യയുടെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനും ഈ വർഷം 44 വയസ്സാകും. കഴിഞ്ഞ വർഷം ഗോവയിൽ നടന്ന ഇന്ത്യയുടെ 43 ാമത് രാജ്യാന്തര ചലച്ചിത്രോത്സവത്തിൽവെച്ച് ഇന്ത്യൻ സിനിമ 100 വർഷം പൂർത്തിയാക്കുന്നതിന്റെ ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചു. ഇന്ത്യൻ സിനിമയ്ക്ക് 100 വയസ് തികയുന്ന പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ആദ്യ ശതാബ്ദി പുരസ്കാരം മീരാ നായരുടെ 'ദ് റിലക്റ്റന്റ് ഫണ്ടമെന്റലിസ്റ്റ്' എന്ന ചിത്രത്തിന് ലഭിച്ചു. രജതമയൂരവും സർട്ടിഫിക്കറ്റും 10 ലക്ഷം രൂപയും അവാർഡിൽ ഉൾപ്പെടും. ഇക്കഴിഞ്ഞ കാൻ ഫിലിം ഫെസ്റ്റിവലിലും ഈ ആഘോഷങ്ങൾ ആരംഭിച്ചിരുന്നു. കരൺ ജോഹർ, അനുരാഗ് കശ്യപ്, സോയ അഖ്തർ, ദിബാകർ ബാനർജി എന്നിവർ ചേർന്ന് സംവിധാനം നിർവഹിച്ച 'ബോംബെ ടാക്കീസ്' എന്ന ചിത്രം മേളയുടെ ഭാഗമായി പ്രദർശിപ്പിച്ചിരുന്നു. സൗത്ത് ഇന്ത്യൻ ഫിലിം ചേംബർ ഓഫ് കൊമേഴ്സ് (എസ്.ഐ.എഫ്.സി.സി.) സെപ്റ്റംബർ ഒന്ന്, രണ്ട് മൂന്ന് തീയതികളിൽ തമിഴ്, മലയാളം, തെലുഗു, കന്നട സിനിമാ പ്രവർത്തകരെയും സംഘടനകളെയും ഏകോകിപ്പിച്ച് ഇന്ത്യൻ സിനിമയുടെ നൂറാം വർഷം വിപുലമായി ആഘോഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

2013 മെയ് മൂന്നിന് ഇന്ത്യൻ സിനിമയ്ക്ക് നൂറു വയസ്സ് തികഞ്ഞു. ഇന്ത്യയിൽ തന്നെ പൂർണമായി നിർമിച്ച ചിത്രം 'രാജാ ഹരിശ്ചന്ദ്ര'യാണ് എന്ന കണക്കിനാണ് ഈ വയസ്സ് നിർണയം. ദാദാ സാഹിബ് ഫാൽക്കെ നിർമിച്ച 'രാജാ ഹരിശ്ചന്ദ്ര'യുടെ റിലീസ് തീയതിയാണ് 1913 മെയ് മൂന്ന്. എന്നാൽ, ഈ ചിത്രത്തിന്റെ പ്രിമിയർ ആ വർഷം ഏപ്രിൽ 21 ന് ബോംബെയിലെ ഒളിമ്പിയ തിയേറ്ററിൽ വെച്ച് നടന്നിരുന്നു. ഇക്കര്യത്തിൽ മറ്റൊരവകാശവാദവുമുണ്ട്. ദാദാസാഹിബ് ടൊർനി എന്നൊരാൾ 'ശ്രീപുണ്ഡലിക്' എന്ന പേരിൽ 1912 മെയ് 18 ന് ഒരു ചിത്രം ബോംബെയിൽ റിലീസ് ചെയ്തിരുന്നു. രാമചന്ദ്ര ഗോപാൽ ദാദാ സാഹിബ് ടൊർനി എന്നായിരുന്നു ഇദ്ദേഹത്തിന്റെ മുഴുവൻ പേര്. ഫാൽക്കെയുടെ സിനിമയുമായി താരതമ്യം ചെയ്യുമ്പോൾ ടൊർനിയുടെ 'ശ്രീപുണ്ഡലിക്കി'ന് രണ്ടു ന്യൂനതകളാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഒന്ന് ആ ചിത്രം പ്രോസസ്സ് ചെയ്തത് ലണ്ടനിലായിരുന്നു. രണ്ട് 'രാജാ ഹരിശ്ചന്ദ്ര'യെക്കാൾ നീളം കുറവായിരുന്നു. പക്ഷേ അതൊന്നും തന്നെ ടൊർനിയെ പൂർണമായും വിസ്മരിക്കാനുള്ള കാരണങ്ങളല്ല. ടൊർനിയെ സ്മരിക്കുന്നവർ ഇന്ത്യൻ സിനിമയുടെ 101 ാം വാർഷികമായിരിക്കും ഇപ്പോൾ ആഘോഷിക്കുന്നത്. ഇതിനും 15 വർഷങ്ങൾക്കു ശേഷമാണ് മലയാളത്തിലെ ആദ്യ സിനിമ റിലീസ് ചെയ്യുന്നത്. 1928 നവംബർ ഏഴിന് മലയാളത്തിലെ ആദ്യ നിശബ്ദ ചിത്രമായ 'വിഗതകുമാരന്റെ' സംവിധായകനും നിർമാതാവും അഗസ്തീശ്വരത്ത് ജനിച്ച ജോസഫ് ചെല്ലയ്യ ഡാനിയൽ എന്ന ജെ.സി. ഡാനിയലായിരുന്നു. മലയാള സിനിമയ്ക്ക് 85 തികയാൻ ഇനിയും നാലു മാസം കൂടി കഴിയണം.

1936 ൽ ടി.ആർ. സുന്ദരം സ്ഥാപിച്ച സേലം മോഡേൺ തിയേറ്ററുകാരാൽ തയാർ ചെയ്യപ്പെട്ട 'ബാലൻ' (1938) ആണ് മലയാളത്തിലെ ആദ്യ ശബ്ദചിത്രം. അവിഭക്ത കേരളത്തിലെ ആദ്യത്തെ സിനിമാ സ്റ്റുഡിയോ ആയ ട്രാവൻകൂർ നാഷണൽ പിക്ചേഴ്സിന് 1926 ൽ ഡാനിയേൽ തുടക്കം കുറിച്ചു. നാലു ലക്ഷത്തോളം രൂപ ചെലവിട്ട് ഈ സ്റ്റുഡിയോയിൽ വെച്ചാണ് 'വിഗതകുമാരൻ' പൂർത്തിയാക്കിയത്. ചിത്രീകരണം പൂർണമായും കേരളത്തിലായിരുന്നു. തലസ്ഥാന നഗരിയിലെ ഇന്നത്തെ ഏജീസ് ഓഫീസിന് എതിർവശത്തുണ്ടായിരുന്ന കാപ്പിറ്റോൾ തിയേറ്ററിലാണ് ചിത്രം പ്രദർശനത്തിനെത്തിയത്.

ലൂമിയർ സോദരങ്ങൾ ലോകത്താദ്യമായി തങ്ങളുടെ ഹ്രസ്വ ചിത്രങ്ങൾ 1885 ഡിസംബറിൽ പാരീസിൽ പ്രദർശിപ്പിച്ചു അധികം കഴിയും മുമ്പേ ഇന്ത്യയിലും ചിത്രങ്ങൾ കാണിച്ചു തുടങ്ങിയിരുന്നു. മലയാളികളും ആ കാലഘട്ടം മുതൽക്കെ സിനിമയ്ക്കൊപ്പം നടന്നവരാണ്. മലയാള സിനിമാ ചരിത്രം പറയുമ്പോൾ കാട്ടൂക്കാരൻ വാറുണ്ണി ജോസഫിനെ മറക്കാൻ കഴിയില്ല. തൃശിനാപ്പള്ളിയിൽ റെയിൽവേ ജോലിക്കാരനായിരുന്ന പോൾ വിൻസന്റായിരുന്നു ദക്ഷിണേന്ത്യയിലെ ആദ്യ സിനിമാ പ്രദർശകൻ. ദക്ഷിണേന്ത്യൻ സിനിമാവ്യവസായത്തിന്റെ പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന സാമിക്കണ്ണ് വിൻസെന്റായിരുന്നു പോൾ വിൻസന്റിന്റെ പിതാവ്. ഒരു ഫ്രഞ്ചുകാരനിൽ നിന്നു വാങ്ങിയ സിനിമാട്ടോഗ്രാഫ് ഉപകരണങ്ങൾ കൊണ്ടാണ് വിൻസന്റ് പ്രദർശനം തുടങ്ങിയത്. എഡിസൺ ബയോസ്കോപ്പ് എന്ന തന്റെ പ്രൊജക്ടറുമായി വിൻസന്റ് ദക്ഷിണേന്ത്യ മുഴുവൻ സഞ്ചരിച്ചു. കൂട്ടത്തിൽ മലബാറിലും എത്തി. 1906 ൽ കോഴിക്കോട്ടുകാർ അദ്യ സിനിമ കണ്ടു. കുതിരപ്പന്തയവും ക്രിസ്തുവിന്റെ ജീവിതവും ചെടിയിൽ പൂവിരിയുന്നതുമൊക്കെയാണ് പ്രദർശിപ്പിക്കപ്പെട്ട ചിത്രങ്ങൾ. തുടർന്ന് വിൻസന്റും എഡിസൺ ബയോസ്കോപ്പും തൃശൂരിലെത്തി. അവിടെയും ചലച്ചിത്ര

പ്രദർശനങ്ങൾ നടത്തിയെങ്കിലും അത്ര വിജയിച്ചില്ല. എങ്കിലും തൃശൂരിലെ വാറുണ്ണി ജോസഫ് അതിൽ ആകൃഷ്ടനായി. വാറുണ്ണി എഡിസൺ ബയോസ്കോപ്പ് വാങ്ങി, വാറുണ്ണി ബയോസ്കോപ്പ് എന്നു പേരിട്ടു. 1907 ലെ തൃശൂർ പൂരത്തിന് വാറുണ്ണി ഒരു പ്രദർശന കൂടാരം കെട്ടി. ജോസ് ബയോസ്കോപ്പിന്റെ സിനിമാ പ്രദർശനം കാണാൻ ഏറെപ്പേർ തിങ്ങിക്കൂടി. കേരളത്തിലെ സിനിമാ തിയേറ്ററിന്റെ ആദ്യ രൂപമായിരുന്നു വാറുണ്ണി ജോസഫിന്റെ താത്ക്കാലിക കൂടാരം. ഇന്നത്തെ അർഥത്തിലുള്ള മുഴുനീളൻ കഥാചിത്രങ്ങളൊന്നുമായിരുന്നില്ല അവിടെ പ്രദർശിപ്പിക്കപ്പെട്ടത്. പൂവിരിയുന്നതും കുതിര ഓടുന്നതും തീവണ്ടിയുമെല്ലാം ജീവനുള്ള ചലന ചിത്രങ്ങളായി. കേരളത്തിലെ പ്രദർശന വിജയത്തെത്തുടർന്ന് കാട്ടൂക്കാരൻ ജോസഫ് ദക്ഷിണേന്ത്യയിലൊട്ടാകെ തന്റെ ബയോസ്കോപ്പുമായി ചുറ്റിക്കറങ്ങി. ജനറേറ്ററുകൾ ലഭ്യമായിത്തുടങ്ങിയതോടെ ജോസഫ് തന്റെ പ്രദർശനങ്ങൾക്കായി ഒരു ജനറേറ്റർ വാങ്ങി. അങ്ങനെ 1912 മുതൽ ജോസ് ബയോസ്കോപ്പ്, ജോസ് ഇലക്ട്രിക്കൽ ബയോസ്കോപ്പായി അറിയപ്പെട്ടു. മംഗലാപുരത്തുവെച്ച് ഒരു പായ്ക്കപ്പൽ അപകടത്തിൽ വാറുണ്ണി ജോസഫിന്റെ ബയോസ്കോപ്പും ഫിലിമുകളും കടലിൽ മുങ്ങി. നിരാശനാകാത്ത വാറുണ്ണി ജോസഫ് മറ്റു രണ്ടുപേരെക്കൂടി ചേർത്ത് പുതിയൊരു പ്രദർശന സംരംഭം തുടങ്ങി. റോയൽ എക്സിബിറ്റേഴ്സ് എന്നായിരുന്നു ഇതിന്റെ പേര്. മലയാളത്തിലെ ആദ്യത്തെ പ്രദർശന കമ്പനിയായിരുന്നു റോയൽ എക്സിബിറ്റേഴ്സ്. എന്നാൽ ഇതിന് നാലു വർഷം മുമ്പ് 1902 ൽ കോട്ടയത്ത് ഒരു സിനിമാ പ്രദർശനം നടന്നിട്ടുണ്ടെന്ന് 1903 ഏപ്രിൽ 25 ന് മലയാളമനോരമ മുഖപ്രസംഗത്തിൽ പറയുന്നുണ്ട്. കോട്ടയത്തെ യുവസിനിമാ പ്രേമികൾ കേരളത്തിലെ ആദ്യത്തെ സിനിമാക്കമ്പനിയായ ഇംഗ്ലീഷ് മോട്ടോഗ്രാഫിന് രൂപം നൽകിയിരുന്നു. പക്ഷെ ആരൊക്കെ ആയിരുന്നു ഈ സിനിമാ പ്രേമികൾ എന്നുള്ളത് ഇന്നും അജ്ഞാതമാണ്.

മലയാളത്തിലെ ആദ്യ ശബ്ദ ചിത്രം ഉണ്ടാകുന്നത് 1938 ലാണ്. ടി. സുന്ദരം നിർമിച്ച *ബാലൻ.* അതിനെത്തുടർന്ന് *ജ്ഞാനാംബിക, പ്രഹ്ലാദൻ* തുടങ്ങിയ ചിത്രങ്ങളും പുറത്തിറങ്ങി. മദ്രാസിൽ തമിഴ് സിനിമയിൽ വ്യാപൃതരായിരുന്ന തമിഴരായിരുന്നു ഈ ചിത്രങ്ങളുടെ പിന്നിൽ എന്നതുകൊണ്ടുതന്നെ ഒരു തമിഴ് അന്തരീക്ഷം ഈ സിനിമകളിൽ നിലനിന്നിരുന്നു. 1930 ൽ ചലച്ചിത്രരംഗത്തേക്ക് കടന്നുവന്ന പി. സുബ്രഹ്മണ്യം ന്യൂ തിയേറ്റർ, ശ്രീപത്മനാഭ, കാർത്തികേയ എന്നീ തിയേറ്ററുകൾ സ്ഥാപിച്ചു. തിരുവനന്തപുരത്തിനടുത്ത് നേമത്ത് മെരിലാന്റ് സ്റ്റുഡിയോയും പിൽക്കാലത്ത് സ്ഥാപിച്ചത് അദ്ദേഹമായിരുന്നു.

കേരളത്തിൽ ഒരു കമ്പനി നിർമാണത്തിൽ ഏർപ്പെടുന്നത് 1948 ലാണ്. *നിർമല* എന്ന ചിത്രത്തോടെ കേരള ടാക്കീസാണ് ഇതിനു തുടക്കം കുറിച്ചത്. 1947 ൽ കുഞ്ചാക്കോയും കെ.വി. കോശിയും ചേർന്ന് ഉദയാ സ്റ്റുഡിയോ തുടങ്ങി. കെ.വി. കോശിയുടെ ചലച്ചിത്ര വിതരണ കമ്പനിയാണ് ആദ്യകാല മലയാള ചിത്രങ്ങളെല്ലാം തിയേറ്ററുകളിൽ എത്തിച്ചിരുന്നത്. മട്ടാഞ്ചേരിയിലെ ഗുജറാത്തിക്കാരനായ ദേവ്ജി ജെട്ടാഫായി ആദ്യകാല ചലച്ചിത്ര വിതരണക്കാരനാണ്. നിശബ്ദചിത്രങ്ങൾ മുതൽ ഹിന്ദി ചിത്രങ്ങളുടെ വരെ വിതരണം നടത്തിയിരുന്നത് ദേവ്ജിയായിരുന്നു.

തൃശൂരിലെ ഒരു വിദ്യാർഥി സംഘടനയായ ആദർശ കലാമന്ദിർ നിർമിച്ച *ന്യൂസ് പേപ്പർ ബോയ്* (1955) എന്ന ചിത്രം സംവിധാനം ചെയ്തത് 22 കാരനായ രാമദാസായിരുന്നു. അക്കാലങ്ങളിൽ കേരളത്തിലെ സ്റ്റുഡിയോകളിൽ സാങ്കേതിക മേന്മയോ സൗകര്യങ്ങളോ ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ കേരളീയ അന്തരീക്ഷം മദ്രാസ് സ്റ്റുഡിയോകളിൽ പുനഃസൃഷ്ടിക്കപ്പെടുകയായിരുന്നു പതിവ്.

1965 ൽ ചിത്രലേഖ ഫിലിം സൊസൈറ്റി തിരുവനന്തപുരത്ത് രൂപീകൃതമായി. അതോടുകൂടി കേരളത്തിലും ഫിലിം സൊസൈറ്റി പ്രസ്ഥാനം പ്രവർത്തനമാരംഭിച്ചു. പൂണെയിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പഠനം പൂർത്തിയാക്കിയ അടൂർ ഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ രൂപീകരിച്ച ചിത്രലേഖ ഫിലിം സൊസൈറ്റിയാണ് കേരളത്തിലെ ആദ്യത്തെ ഫിലിം സൊസൈറ്റി. ഈ ഫിലിം സൊസൈറ്റി തുടർന്ന് ചിത്രലേഖ ഫിലിം കോ-ഓപ്പറേറ്റീവ് രൂപീകരിച്ചു. രാജ്യത്തെ ആദ്യത്തെ ഫിലിം കോ-ഓപ്പറേറ്റീവും ചിത്രലേഖയായിരുന്നു. 1969ൽ പുറത്തിറങ്ങിയ പി.എൻ. മേനോൻ സംവിധാനം *ചെയ്ത ഓളവും തീരവും* പൂർണമായും സ്റ്റുഡിയോയ്ക്കു വെളിയിൽ ചിത്രീകരിച്ച ആദ്യ മലയാള ചിത്രമാണ്. മദിരാശി ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പുറത്തിറങ്ങിയ മങ്കട രവിവർമയായിരുന്നു ഈ ചിത്രത്തിന്റെ ഛായാഗ്രാഹകൻ. 1972ൽ ചിത്രലേഖ നിർമിച്ച് അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത *സ്വയംവരം* ദേശീയതലത്തിൽ മികച്ച സിനിമയ്ക്കുള്ള അവാർഡ് നേടി. *സ്വയംവരം* അന്നുവരെയുള്ള സിനിമ അനുഭവങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു. ഉള്ളടക്കത്തിലും സാങ്കേതികമേന്മയിലും. *സ്വയംവര*ത്തിനു ശേഷം ചിത്രലേഖ തിരുവനന്തപുരത്ത് ആക്കുളത്ത് ഒരു സ്റ്റുഡിയോ തുടങ്ങി. *കൊടിയേറ്റം* എന്ന പ്രസിദ്ധമായ ചിത്രം നിർമിക്കപ്പെട്ടത് ഈ സ്റ്റുഡിയോയിൽ വെച്ചാണ്. എന്നാൽ കുറേ വർഷങ്ങൾ കഴിഞ്ഞപ്പോൾ സഹകാരികൾക്കിടയിലെ ഉൾപ്പോരുകൾ കാരണം സ്റ്റുഡിയോയുടെ പ്രവർത്തനം നിലച്ചു. 1964 ൽ ആലുവയിലെ തോട്ടുമുഖത്ത് ആരംഭിച്ച അജന്ത സ്റ്റുഡിയോ നടൻ മധു 1975 ൽ തിരുവനന്തപുരത്ത് വള്ളക്കടവിൽ തുടങ്ങിയ ഉമ സ്റ്റുഡിയോ, അപ്പച്ചൻ എന്ന എം.സി. പുന്നൂസ് 1978 ൽ തൃക്കാക്കരയിൽ സ്ഥാപിച്ച നവോദയ സ്റ്റുഡിയോ ഇവ മലയാള സിനിമാചരിത്രത്തിന്റെ ഭാഗമാണ്. ഇന്ത്യയിലെ ആദ്യത്തെ ത്രീഡി ചിത്രം *മൈഡിയർ കുട്ടിച്ചാത്തൻ* മലയാളത്തിലാണ് ഉണ്ടായത്. 1984 ൽ നവോദയ അപ്പച്ചനായിരുന്നു നിർമാതാവും സംവിധായകനും.

1975 ൽ കേരള ചലച്ചിത്രവികസന കോർപറേഷൻ രൂപംകൊണ്ടു. മലയാള സിനിമയുടെ നിർമാണ പ്രവർത്തനങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരാൻവേണ്ടിയാണ് കേരള സർക്കാർ കേരള സംസ്ഥാന ചലച്ചിത്രവികസന കോർപറേഷൻ രൂപവത്കരിച്ചത് ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ പൊതുമേഖലാ സ്ഥാപനമായിരുന്നു ഇത്. ഇതിന്റെ പ്രവർത്തനം 1975 ജൂലൈ 23 ന് തിരുവനന്തപുരത്ത് ആരംഭിച്ചു. 1980 ൽ തിരുവല്ലത്ത് സമ്പൂർണ സൗകര്യത്തോടുകൂടി ചിത്രാഞ്ജലി സ്റ്റുഡിയോ പ്രവർത്തനമാരംഭിച്ചു.

മദിരാശിയിൽ നിന്നും മലയാള സിനിമയെ മലയാളത്തിലേക്ക് പറിച്ചു നടാൻ വേണ്ടിയാണ് ചലച്ചിത്രവികസന കോർപറേഷനും ചിത്രാഞ്ജലി സ്റ്റുഡിയോയും തുടങ്ങിയതെങ്കിലും ഒരു ഘട്ടത്തിൽ






പോലും മലയാള സിനിമ മദിരാശിയിൽ നിന്നും പൂർണമായി മലയാളമണ്ണിലേക്ക് വന്നിട്ടില്ല. മലയാളത്തിലെ താര സമ്പ്രദായം ആ കാലഘട്ടത്തിൽ ഇതിന് തടസമായിരുന്നു. പക്ഷെ വളരെ കഴിവുള്ള ശബ്ദലേഖകനായിരുന്ന പി. ദേവദാസും ചിത്രാഞ്ജലിയിലെ ഏറ്റവും ആധുനികമായ റിക്കോർഡിങ് ഉപകരണങ്ങളും മേന്മ തേടുന്ന നിർമാതാക്കളെയും സംവിധായകരെയും ചിത്രാഞ്ജലിയിലേക്ക് ആകർഷിക്കുവാൻ തുടങ്ങി. സംസ്ഥാന-ദേശീയ-അന്തർദേശീയ തലത്തിൽ ലഭിച്ച അവാർഡുകൾ നല്ല ഗുണനിലവാരമുള്ള ചലച്ചിത്രങ്ങൾ നിർമിക്കണമെന്ന് ആഗ്രഹിച്ച സംവിധായകരും നിർമാതാക്കളും ചിത്രാഞ്ജലിയെ തേടിയെത്താൻ കാരണമായി. *ദേവദാസി*നു ശേഷം അദ്ദേഹത്തിന്റെ സഹപ്രവർത്തകരും പിൻഗാമികളുമായി വന്ന കൃഷ്ണനുണ്ണിയും ഹരികുമാറും ആ പാരമ്പര്യം നിലനിർത്തി. അവരും അർപ്പണബോധമുള്ള സഹപ്രവർത്തകരും ചേർന്ന് നിരവധി അവാർഡുകൾ ചിത്രാഞ്ജലിക്ക് നേടിക്കൊടുത്തു. ഇപ്പോൾ അവിടെ HD3 workstation on a Mac platform with Tascam D8000 digital mixing console ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്. Nuendo audio workstation ഉള്ള മറ്റൊരു സൗണ്ട് സ്റ്റുഡിയോയും ചിത്രാഞ്ജലിയിലുണ്ട്. സ്റ്റുഡിയോയിൽ 12000 ചതുരശ്ര അടി വിസ്തീർണമുള്ള ഒരു ഫ്ളോർ, ഉണ്ട്. ഏഷ്യയിലെ രണ്ടാമത്തെ വലിപ്പമുള്ള ഫ്ളോറാണിത്. ചിത്ര നിർമാണം വാതിൽപ്പുറ കാഴ്ചകളിൽ രൂപംകൊള്ളുന്ന ഈ കാലഘട്ടത്തിൽ ഫ്ളോർ ടെലിവിഷൻ ചാനലുകളും മറ്റുമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഹസാൽടൈൻ കളർ ഫിലിം അനലൈസർ ഉൾപ്പെടെ കളർ ചിത്രങ്ങളുടെ സംസ്കരണത്തിന് ആവശ്യമുള്ള എല്ലാ സാങ്കേതിക സംവിധാനങ്ങളും ലാബിലുണ്ടെങ്കിലും അനലോഗിൽ നിന്നും വളരെ വേഗം മാറിക്കൊണ്ടിരിക്കുന്ന ചലച്ചിത്രനിർമാണ രീതിക്ക് ഇതൊന്നും വേണ്ട

> ചലച്ചിത്ര രംഗത്തെ അവശ കലാകാരന്മാർക്ക് പെൻഷൻ നൽകുന്ന ഒരു പദ്ധതിയും കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. എന്തൊക്കെ പോരായ്മയുണ്ടെങ്കിലും ചലച്ചിത്ര രംഗത്തിന്റെ വളർച്ചയ്ക്ക് ഇത്രയും സഹായകരമായി പ്രവർത്തിക്കുന്ന മറ്റൊരു സംസ്ഥാനം ഇന്ത്യയിലില്ല.

പോലെ ഉപയോഗിക്കാൻ കഴിയുന്നില്ല. ഔട്ട് ഡോർ യൂണിറ്റിന്റെ കാര്യവും മൂവിയോളകളുടെ Steenbeck flat bed editing table കളുടെയും കഥയും വ്യത്യസ്തമല്ല. അവിഡ് എഡിറ്റിങ് രീതി കുറെയൊക്കെ നിർമാതാക്കൾ ഉപയോഗിക്കുന്നുണ്ട്. ഇവിടെയും കൂടുതൽ ആധുനീകരണം ആവശ്യമാണ്.

കോർപറേഷന് ഇന്ന് കേരളത്തിൽ നിള ഉൾപ്പെടെ പതിനൊന്നു സിനിമാ തിയേറ്ററുകളുണ്ട്. ചലച്ചിത്ര അക്കാദമി തിരുവനന്തപുരത്ത് നടത്തുന്ന അന്തർദേശീയ ചലച്ചിത്രോത്സവങ്ങൾക്കു പ്രധാനമായും കോർപറേഷന്റെ തിയേറ്ററുകളാണ് ഉപയോഗിക്കുന്നത്. കെ.എസ്.എഫ്.ഡി.സി. പ്രധാനമായും ഡിജിറ്റൽ സിനിമയുടെ ഒരു ഹബ്ബായി മാറേണ്ടിയിരിക്കുന്നു. കേരളത്തിന്റെ അന്തർദേശീയ ചലച്ചിത്രോത്സവങ്ങൾ ആരംഭിക്കുന്നത് കോർപറേഷന്റെ ആഭിമുഖ്യത്തിലാണ്. ഒന്നാമത്തെ ചലച്ചിത്രോത്സവം കോഴിക്കോട്ടും രണ്ടും മൂന്നും ഉത്സവങ്ങൾ തിരുവനന്തപുരത്തും നടത്തിയത് ഒരു സർക്കാർ സ്ഥാപനം നടത്തുന്ന ചലച്ചിത്രരംഗത്തെ വലിയ സാംസ്കാരിക പ്രവർത്തനമായാണ് വിലയിരുത്തപെട്ടത്.

1998 ലാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി രൂപീകരിക്കുന്നത്. ഒരു ചലച്ചിത്രനയം രൂപീകരിക്കുവാൻ സർക്കാരിനെ സഹായിക്കുക ഫിലിം വീഡിയോ ആർക്കൈവ് തുടങ്ങുക, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപവത്കരിക്കുക, പൊതുജനങ്ങൾക്കായി ഒരു ഓഡിയോ വിഷ്വൽ ലൈബ്രറി നടത്തുക, ചലച്ചിത്ര വ്യവസായവും സർക്കാരും തമ്മിലുള്ള ഒരു സമ്പർക്കപാലമായി വർത്തിക്കുക, കലാപരവും സാമൂഹികപ്രാധാന്യവുമുള്ള സിനിമകളുടെ നിർമാണത്തെ സഹായിക്കാനുള്ള ഒരു സംവിധാനമുണ്ടാക്കുക, ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ടെലിവിഷൻ ചാനൽ ഇവ സ്ഥാപിക്കാനുള്ള ഉപദേശങ്ങൾ സർക്കാരിനു നൽകുക തുടങ്ങി നിരവധി ലക്ഷ്യങ്ങളാണ് ഈ അക്കാദമിയിൽ നിക്ഷിപ്തമായിരിക്കുന്നത്. പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തിയിരുന്ന സംസ്ഥാന ചലച്ചിത്ര അവാർഡുകൾ, ജെ.സി. ഡാനിയേൽ അവാർഡ്, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ നടത്തിയിരുന്ന അന്തർദേശീയ ചലച്ചിത്രോത്സവങ്ങൾ എന്നിവ ഇപ്പോൾ ചലച്ചിത്ര അക്കാദമിയാണ് നടത്തുന്നത്. നാലാം അന്തർദേശീയ ചലച്ചിത്രോത്സവം കൊച്ചിയിൽ നടത്തിയാണ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഈ ഫെസ്റ്റിവലിൽ എഫ്.ഐ.എ.പി.എഫിന്റെ അംഗീകാരം നേടാൻ അക്കാദമിക്ക് കഴിഞ്ഞു. കൂടാതെ മത്സരാധിഷ്ഠിതമായ ഒരു ഫെസ്റ്റിവലാവാനും അക്കാദമി രൂപം കൊണ്ട് ഒരു വർഷത്തിനിടെ കഴിഞ്ഞു. ഇന്ന് ലോകത്തിലെ അറിയപ്പെടുന്ന ചലച്ചിത്രോത്സവങ്ങളിലൊന്നാണിത്. എല്ലാ വർഷവും സംസ്ഥാന ടെലിവിഷൻ-വീഡിയോ അവാർഡ് നിർണയവും വിതരണവും നടത്തുന്നതും ചലച്ചിത്ര അക്കാദമിതന്നെയാണ്. ഒരു നല്ല ചലച്ചിത്ര സംസ്കാരം വ്യാപിപ്പിക്കുന്ന ശ്രമത്തിന്റെ ഭാഗമായി ശ്രദ്ധേയമായ ചലച്ചിത്രങ്ങൾ നാടുനീളെ പ്രദർശിപ്പിക്കുവാൻവേണ്ടി സഞ്ചരിക്കുന്ന ചലച്ചിത്രപ്രദർശന ശാലകളും അക്കാദമിക്കുണ്ട്. ഫിലിം സൊസൈറ്റികൾക്ക് ഗ്രാന്റ് നൽകുക, സിനിമാസ്വാദന കോഴ്സ്, പുസ്തകങ്ങളും ജേർണലുകളും പ്രസിദ്ധീകരിക്കുക എന്നിവയും അക്കാദമിയുടെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടും. എന്നാൽ സമ്പൂർണമായ ഒരു ചലച്ചിത്രനയത്തിന് രൂപംകൊടുക്കാൻ അക്കാദമിക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ചലച്ചിത്ര രംഗത്തെ അവശ കലാകാരന്മാർക്ക് പെൻഷൻ നൽകുന്ന ഒരു പദ്ധതിയും കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. എന്തൊക്കെ പോരായ്മയുണ്ടെങ്കിലും ചലച്ചിത്ര രംഗത്തിന്റെ വളർച്ചയ്ക്ക് ഇത്രയും സഹായകരമായി പ്രവർത്തിക്കുന്ന മറ്റൊരു സംസ്ഥാനം ഇന്ത്യയിലില്ല. ■

പി.എസ്. രാധാകൃഷ്ണൻ




# സിനിമ ദേശം കാലം സമൂഹം

സിനിമയും സമൂഹവുമായുള്ള ബന്ധത്തെ ഒരു പ്രക്രിയയായി വിശേഷിപ്പിക്കാവുന്നതാണ്. സിനിമ അതിന്റെ ആവിർഭാവകാലത്തും തുടർന്നും സാമൂഹികപ്രയോഗമെന്ന നിലയ്ക്ക് സ്വയം പുനർനിർമിച്ചുകൊണ്ടിരുന്നു. ഇന്ത്യൻ സിനിമയുടെ സാമൂഹികാവബോധം ഒരിക്കലും ഏകതാനമായിരുന്നില്ല. നിരവധി രാഷ്ട്രീയ പ്രയോഗങ്ങളെയും സാധ്യതകളെയും സിനിമ സ്വാതന്ത്ര്യപൂർവകാലത്തുതന്നെ സ്വാംശീകരിച്ചിരുന്നു. പുരാണേതിഹാസങ്ങളുടെ ചലച്ചിത്രാനുകൽപനങ്ങൾ പോലും ഫാൽക്കെയുടെകാലത്ത് സമകാലിക രാഷ്ട്രീയത്തിന്റെ എതിരൊലികളുള്ളതായിരുന്നു. ഏതാണ്ട് സമാന്തരമായി ഛത്രപതി ശിവജിയെപ്പോലുള്ളവരുടെ ചരിത്രവും സാമൂഹിക പ്രതിബദ്ധതയുള്ള ഭക്തകവികളായ തുക്കാറാമിന്റെയും കബീറിന്റെയും ജീവിതവും സിനിമ പിന്തുടർന്നിരുന്നു. പുരാണേതിഹാസ ചിത്രങ്ങൾ സമൂഹത്തിന്റെ ഉപരിവർഗബന്ധങ്ങളെ പുനരുത്പാദിപ്പിക്കുന്നവ കൂടിയായിരുന്നു. സാമ്രാജ്യത്വവിരുദ്ധമായ ചിന്തകൾ പേറുമ്പോഴും ഹൈന്ദവമായ ദേശീയത സിനിമയുടെ രാഷ്ട്രീയമായി മാറുകയായിരുന്നു. ഇതുപോലെ തന്നെയായിരുന്നു ഛത്രപതി ശിവജിയുടെയും അദ്ദേഹത്തിന്റെ മന്ത്രി താനാജിയുടെയും ഝാൻസിറാണിയുടെയും ചിത്രങ്ങളുടെ കാര്യവും. ശിവജിയുടെ അതിജീവനവാസനയിൽ കീഴാളവംശീയതയുടെ സൂചനകളുണ്ട്. ശൂദ്രനായിരുന്നിട്ടും ബ്രാഹ്മണ്യത്തിന്റെ സ്വീകാര്യത ലഭിക്കാതിരുന്നിട്ടും ശിവജി സ്വന്തം നിലയ്ക്ക് ഒരു സാമ്രാജ്യത്വം സ്ഥാപിച്ചയാളാണ്. തുക്കാറാമിന്റെയും കബീറിന്റെയും ചണ്ഡിദാസിന്റെയുമൊക്കെ ചലച്ചിത്രാവിഷ്കാരങ്ങൾ മേൽസൂചിപ്പിച്ചവയെക്കാൾ ആന്തരികമായ അപകോളനീകരണത്തെയാണ് ഉത്തേജിപ്പിച്ചത്. സംസ്കൃതത്തിന്റെ ആധികാരികതയ്ക്ക് ലോപമുണ്ടാവുകയും അനേകം പ്രാദേശിക ഭാഷാഭേദങ്ങൾ സ്വത്വാവിഷ്കാരങ്ങൾ നേടിയെടുക്കുകയും ചെയ്യുന്ന 12, 15 നൂറ്റാണ്ടുകാലത്തായിരുന്നു തുക്കാറാമും ചണ്ഡീദാസും ജനാഭായിയുമൊക്കെ പൗരോഹിത്യവിരുദ്ധമായ കാവ്യകർതൃത്വം പ്രകടിപ്പിച്ചത്. 20 ാം നൂറ്റാണ്ടിൽ ശക്തമായിരുന്ന വംശീയ വിവേചനത്തിന്റെയും ജാതി ശ്രേണീകരണത്തിന്റെയും പശ്ചാത്തലത്തിലാണ് ഭക്ത കവിചരിതങ്ങൾ സിനിമയാകുന്നത്. പാരമ്പര്യത്തിൽ നിന്നും നൂതനത്തിലേക്കുള്ള അന്തരണമായിരുന്നു ഈ ചിത്രങ്ങളുടെ ഉള്ളടക്കം. അവർക്ക് നിഷിദ്ധമായ ഇടങ്ങൾ, അനുവദിക്കപ്പെടാത്ത ദൈവശാസ്ത്രം എന്നിവയെ നിഷേധിച്ചുകൊണ്ട് ആധുനികമായ മാനവികതയെ അന്ന് സിനിമ ചരിത്രവത്കരിച്ചു. ഒരർഥത്തിൽ സിനിമകൾ ഫാൽക്കെയും അനുയായികളും മുന്നോട്ടുവെച്ച ദേശീയധാരയ്ക്കും ദൈവശാസ്ത്രത്തിനും ബദലു



ധർമാത്മ




കൾ തീർക്കുകയായിരുന്നു. ചണ്ഡീദാസിന്റെ വിവാദഭരിതമായ ജീവിതം അടുത്തടുത്ത വർഷങ്ങളിൽ (1932-33) ദേവകീ ബോസും നിതിൻ ബോസും ബംഗാളിയിലും ഹിന്ദിയിലുമായി ചലച്ചിത്രമാക്കി. പ്രണയം, ജാതി വിമർശനം, ജനകീയമായ ദൈവശാസ്ത്രം എന്നിവയെല്ലാം ചണ്ഡീദാസ് ചിത്രങ്ങളുടെ സവിശേഷതയാണ്. ജാതിഹിന്ദുക്കളുടെ പ്രതിഷേധങ്ങൾ റദ്ദാക്കിക്കൊണ്ടാണ് ധോബിയായ റാണിയും ദാസും അവരുടെ ബന്ധം തുടർന്നുപോകുന്നത്. ചണ്ഡീദാസിൽ പ്രകടമാകുന്ന നവോദ്ധാന മാനവികതയുടെ തരംഗങ്ങൾ തുടർന്നുവന്ന ഭക്ത കവി ചിത്രങ്ങളിൽ പ്രകടമാണ്. ഏക്നാഥിന്റെ ജീവിതത്തെ മുൻനിർത്തി ശാന്താറാം നിർമിച്ച *ധർമാത്മ* (1935) സെൻസർ ചെയ്യപ്പെട്ടത് ഈ ഗണത്തിൽപ്പെട്ട സിനിമകളിലെ പ്രകോപനപരതയുടെ തെളിവാണ്. രാഷ്ട്രീയ പ്രബുദ്ധതയുള്ള നവ ഇന്ത്യൻ വർഗത്തെയാണ് കവി സിനിമകൾ സംബോധന ചെയ്തത്. ഫാൽക്കെയുടെ മതാത്മകമായ അന്യാപദേശങ്ങളിൽ നിന്നും ഇവ വ്യത്യസ്തമാകുന്നത് തീക്ഷ്ണ മാനുഷികതയുള്ള ചലച്ചിത്ര ഭാഷ്യങ്ങളിലൂടെയാണ്.

പുരാണങ്ങൾ, ഇതിഹാസങ്ങൾ, ചരിത്രത്തിലെ പടയോട്ടങ്ങൾ, ഭക്ത ജീവിതങ്ങൾ, കർഷക സമൂഹം തുടങ്ങിയവ 1913 മുതൽ 1940 വരെയുള്ള 27 വർഷത്തെ സിനിമകളിൽ നിരന്തരമായി പരീക്ഷിക്കപ്പെട്ടു. ആത്മീയം, നൈതികം, സാമൂഹികം, സൗന്ദര്യാത്മകം, പ്രത്യയശാസ്ത്രപരം എന്നിങ്ങനെ ജീവിതത്തെ വ്യത്യസ്തങ്ങളായ കോണുകളിലൂടെ നോക്കിക്കാണുന്ന ചലച്ചിത്ര സംരംഭങ്ങളായും ഇവയെ കാണാം. നാഗരികതയുടെ വ്യാപനം കാർഷിക വ്യവസ്ഥയെയും കർഷക ജീവിതത്തെയും എത്രത്തോളം പ്രതിലോമകരമായി ബാധിക്കുന്നു എന്ന പ്രശ്നവും സിനിമകൾക്ക് പ്രമേയമാകുന്നു എന്നതിവിടെ ശ്രദ്ധേയമാണ്. *സവ്കാരി പാഷ്* (1925)

**പുരാണങ്ങൾ, ഇതിഹാസങ്ങൾ, ചരിത്രത്തിലെ പടയോട്ടങ്ങൾ, ഭക്ത ജീവിതങ്ങൾ, കർഷക സമൂഹം തുടങ്ങിയവ 1913 മുതൽ 1940 വരെയുള്ള 27 വർഷത്തെ സിനിമകളിൽ നിരന്തരമായി പരീക്ഷിക്കപ്പെട്ടു. ആത്മീയം, നൈതികം, സാമൂഹികം, സൗന്ദര്യാത്മകം, പ്രത്യയശാസ്ത്രപരം എന്നിങ്ങനെ ജീവിതത്തെ വ്യത്യസ്തങ്ങളായ കോണുകളിലൂടെ നോക്കിക്കാണുന്ന ചലച്ചിത്ര സംരംഭങ്ങളായും ഇവയെ കാണാം.**

അതേവരെ സിനിമകൾ പിന്തുടർന്നുപോന്ന ധീര നായകത്വത്തിന് വിരുദ്ധമായിരുന്നു. നവ കൊളോണിയൽ നിയമങ്ങളും നാഗരികതയുടെ അധിനിവേശവും എങ്ങനെ കർഷക സമൂഹത്തെ തെരുവിലിറക്കുന്നു എന്ന പ്രശ്നം *സവ്കാരി പാഷ്* അഭിമുഖീകരിക്കുന്നു. ഭൂമി പണയം വെച്ച് വായ്പയെടുക്കേണ്ടിവന്ന കർഷകന്റെ വിധി വിപര്യയമാണ് ഈ ചിത്രത്തിന്റെ പ്രമേയം. ജീവിക്കാനുള്ള മണ്ണും തലചായ്ക്കാനുള്ള വീടും നഷ്ടപ്പെട്ട കർഷകന്റെ ദുഃഖം ദേശാന്തര വ്യാപനശേഷിയുള്ളതായിരുന്നു. ഒന്നാം ലോക മഹായുദ്ധത്തെത്തുടർന്നുണ്ടായിരുന്ന കാർഷികവൃത്തിയെ പാടെ നശിപ്പിച്ചു. നിലനിൽപ്പിനായി ഉള്ളതെല്ലാം വിറ്റും പണയപ്പെടുത്തിയും നഗരത്തിലേക്ക് കുടിയേറുന്ന കർഷകന്റെ അന്യതാബോധം സാമൂഹിക പ്രശ്നം തന്നെയായിരുന്നു.

ദൃശ്യങ്ങളുടെ കാവ്യാത്മക റിയലിസം ചിത്രസംയോജനത്തിന്റെ സാന്ദർഭിക യുക്തി എന്നിവ *സവ്കാരി പാഷി*നെ സമകാലികമാക്കുന്നു. 40 കളോടെ പുരാണ അനുകൽപ്പനങ്ങൾക്ക് സ്ഥാനദേശം വരുത്തി സാമൂഹിക പ്രമേയങ്ങളും രാഷ്ട്രീയ സന്ദർഭങ്ങളും ചലച്ചിത്രങ്ങളായി. അക്കാലത്തുണ്ടായ കാൽപ്പനിക സാഹസിക സിനിമകൾപോലും സമകാലിക രാഷ്ട്രീയത്തോട് സംവദിക്കുന്നവയായിരുന്നു. ഒരു പ്രത്യേക ഗണമെന്ന നിലയ്ക്ക് ആദർശ ഭാരതീയ നാരിമാരുടെ പ്രതിരൂപങ്ങൾക്ക് ബദലുകളെന്നപോലെ *സുലോചന*യുടെയും നിർഭയയായ *നദിയ*യുടെയും സംഘട്ടന പ്രമേയങ്ങളുള്ള ചിത്രങ്ങൾ വലിയ ജനപ്രിയത നേടിയെടുത്തിരുന്നു. *സുലോചന* നിശബ്ദ സിനിമയുടെ കാലത്തും *നദിയ* ശബ്ദ സിനിമയുടെ കാലത്തും സിനിമയിലെ ഭാരതീയ സ്ത്രീത്വത്തെ നിരന്തരം അപനിർമിച്ചുകൊണ്ടിരുന്നു. *നദിയ* ചിത്രങ്ങൾ സൃഷ്ടിച്ചത് വിഭ്രമാത്മക സാഹസികതയുടെ ലോകമാണ്. അവർ സംബോധന ചെയ്തത് നിസ്വവർഗത്തെയായിരുന്നു. നഗരപ്രാന്തങ്ങളിൽ ഇവരുടെ ചിത്രങ്ങൾ നേടിയെടുത്ത വിജയം ബൃഹത് ദേശീയതാബിംബത്തെ നിരാസ്പദമാക്കി. സ്വാതന്ത്ര്യാനന്തര കാലത്ത് സിനിമയുടെ സാമൂഹിക ബന്ധങ്ങൾ കൂടുതൽ വൈരുദ്ധ്യമാകുന്നത് കാണാം. വർത്തമാനകാലത്തിനുള്ളിൽ തന്നെ നിലനിൽക്കുന്ന അനേകം വൈരു



**ചിന്നമൂൽ**



**നാഗരിക്**

ദ്ധ്യങ്ങളെ സിനിമ അഭിമുഖീകരിച്ചിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് അനുബന്ധമായി വന്ന ഇന്തോ-പാക് വിഭജനം സമൂഹമന സ്സിലുണ്ടാക്കിയ പിളർപ്പുകൾ സിനിമകളിൽ മാത്രമല്ല; അക്കാലത്തെ കഥകളിലും കവി തകളിലും പ്രതിഫലിച്ചിരുന്നു. ഭീതിദമായ അരക്ഷിതാവസ്ഥയും അനാഥത്വവും കൂട്ട പലായനവും സിനിമയുടെ ആന്തരിക ഘടനയെയായിരുന്നു പുനർനിർവചിച്ചത്. വാണിജ്യോത്പന്നം എന്ന നിലയിൽ നിന്ന് വ്യത്യസ്തമായി സിനിമയുടെ പ്രസക്തി കൂടുതൽ രാഷ്ട്രീയവത്കരിക്കുന്നത് ഈ കാലത്താണ്. ഡോക്യുമെന്ററിയുടെയും സംഭവങ്ങളുടെ യഥാതഥ ചിത്രീകരണത്തി ന്റെയും പശ്ചാത്തലമുള്ള നെമായ്ഘോ ഷിന്റെ *ചിന്നമൂൽ* (1950) സിനിമയുടെ ചരി ത്രത്തിൽ വ്യതിരിക്തമായിരുന്നു. സംഭവ ങ്ങളെ കാല്പനികവത്കരിക്കാതെ വിഭജന ദുരന്തം ഏറ്റുവാങ്ങി ഭ്രഷ്ടജീവിതം നയിക്കേ ണ്ടിവന്നവരുടെ ദുരന്തം വരണ്ട നിർമത യോടെയാണ് ഈ ചിത്രം പകർത്തിയത്. ഈ ചിത്രം സെൻസർ കുരുക്കിൽപ്പെട്ടത് സിനിമ ഉത്പാദിപ്പിക്കുന്ന സാമൂഹിക ബന്ധങ്ങളുടെ സങ്കീർണതയെ സൂചിപ്പി ക്കുന്നു. ദേശം ഒരു പാഴ്ക്കിനാവായി പൊലിയുന്നതിന്റെ സംത്രാസം ഋത്വിക് ഘട്ട ക്കിന്റെ *നാഗരിക്* (1952), *അജാന്ത്രിക്* (1959) എന്നീ ചിത്രങ്ങൾ ഏറ്റെടുക്കുന്നുണ്ട്. 50 കളിൽ പുറത്തുവന്ന പല ചിത്രങ്ങളും വീട് ഭാഗം വെക്കുന്നതിന്റെയും കൂട്ടുകുടുംബ തകർച്ചയുടെയും സൂചനകൾ നൽകിയിരു ന്നു. പലപ്പോഴും ബാഹ്യശക്തികളുടെ ഇട പെടൽ മൂലം ശിഥിലമായ കുടുംബങ്ങൾ വീണ്ടും ഒരുമിക്കുന്നതിന്റെ പ്രത്യാശ അവ പ്രതിനിധീകരിച്ചു. ദേശത്തെ പ്രതീകവത്ക രിച്ച്, കുടുംബത്തെ വീണ്ടെടുക്കുന്ന കാല്പനികമായ പ്രത്യേശ അവയിലുണ്ടാ യിരുന്നു. കൂട്ടുകുടുംബത്തോട് അഖണ്ഡ ദേശത്തിന്റെ ശക്തിയും സുരക്ഷിതത്വവും ചേർത്തുവെക്കുന്നവയായിരുന്നു *ബരാന* (1949), *ഘർകി ഇസ്സത്ത്* (1948), *ഘർകി ലാജ്* (1948) തുടങ്ങിയ ചിത്രങ്ങൾ.

സ്വാതന്ത്ര്യാനന്തര സന്ദർഭത്തിൽ സിനിമ മധ്യവർഗത്തിന്റെ ഉത്കണ്ഠകളു മായി കൂടുതൽ ഇടപെട്ടുതുടങ്ങി. ഗൃഹാ തുരതയുടെയും സ്വത്വനഷ്ടത്തിന്റെയും ഒറ്റ പ്പെടലിന്റെയും പ്രതിനിധാനങ്ങളായി നവപൗരസമൂഹം വെള്ളിത്തിരയിൽ ഇടം നേടി. സിനിമ കൂടുതലങ്ങോട്ട് ആന്തരിക മാവുകയായിരുന്നു. കാൽപ്പനിക വിഷാ ദവും ഏകാന്തതയും ശരീരഭാഷയിൽ പ്രക ടിപ്പിക്കുന്ന നായകന്മാർ ഹൃദയംകൊണ്ട് ഹിന്ദുസ്ഥാനിയായി തങ്ങളെ നിർവചിച്ചു. അന്നത്തെ ഇന്ത്യൻ സിനിമയിലെ നായക ന്മാരായ ദിലീപ് കുമാറിലും രാജ്കപൂറിലും നവ മധ്യവർഗ പൗരന്റെ പല സ്വഭാവ വിശേഷങ്ങളുമുണ്ട്. നടൻ ബൽരാജ് സാഹ് നിയുടെ പങ്കാളിത്തമുള്ള സിനിമകൾ നവ റിയലിസത്തിന്റെ ലാളിത്യവും ആർജവവു മുള്ളതായിരുന്നു. ഇന്ത്യൻ പീപ്പിൾ തിയേ റ്റർ അസോസിയേഷനിൽ (ഇപ്റ്റ) സജീവ മായിരുന്ന പല കലാകാരന്മാരും 40 കളുടെ അവസാനം സിനിമയിലേക്ക് ചേക്കേറി. തിരക്കഥാ-സംഭാഷണ രചനയിലും അഭി നയത്തിലും സംഗീതത്തിലുമൊക്കെ ഇവ രുടെ ഇപ്റ്റാ പാരമ്പര്യം കാണാനാകും. ബൽരാജ് സാഹ്നിയും സംവിധായകനു മായ ബിമൽ റായിയുമായുള്ള കൂട്ടുകെട്ട് അടിസ്ഥാനവർഗ പ്രമേയങ്ങളാണ് വിഷയീ കരിച്ചത്. നെഹ്രുവിയൻ സോഷ്യലിസത്തി ന്റെയും നവരാഷ്ട്രീയ പ്രത്യാശയുടെയും ഏജൻസികളായിരുന്ന സിനിമകളിൽ നിന്ന് ബിമൽ റായിയുടെയും മറ്റും ചിത്രങ്ങൾ പല നിലയ്ക്കും വേറിട്ടു നിൽക്കുന്നു. കാല്പനികതയേക്കാൾ വികാരപൂർവവും നിരാശാകരവുമായ വർത്തമാന സന്ദർഭ ത്തെയാണ് ഇവർ പരിചരിച്ചത്. വാണിജ്യ സിനിമകളുടെ മുഖ്യധാരയ്ക്കു സമാന്തര മായി റിയലിസത്തിന്റെയും നവറിയലിസ ത്തിന്റെയും ആവിഷ്കാര ഭേദങ്ങളായ ഇവ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ജനകീയ സിനിമകളായിരുന്നു.

## മലയാള സിനിമ ദേശവും സമൂഹവും

നെഹ്റുവിയൻ രാഷ്ട്രീയത്തിന്റെയും അടിസ്ഥാനവർഗ ജീവിതത്തിന്റെയും ചല ച്ചിത്രവത്കരണം മലയാള സിനിമയിൽ സ്ഥിര രൂപമാകുന്നത് അമ്പതുകളിലാണ്. *നീലക്കുയിൽ* (1954), *ന്യൂസ് പേപ്പർ ബോയ്* (1955), *രാരിച്ചൻ എന്ന പൗരൻ* (1956) തുട ങ്ങിയ ചിത്രങ്ങൾ ദേശീയതയുടെ ബൃഹത് ആഖ്യാനങ്ങൾക്ക് ഉള്ളിൽ നിന്ന് പ്രാദേശി കതയുടെ പുതിയ വഴക്കങ്ങൾ തേടുകയാ യിരുന്നു. ഈ ചിത്രങ്ങളുടെ പൊതു സവി ശേഷത ഇതിലെ കേന്ദ്ര കഥാപാത്രങ്ങൾ ബാലന്മാരായിരുന്നുവെന്നതാണ്. മോഹൻ (നീലക്കുയിൽ), അപ്പു (ന്യൂസ് പേപ്പർ ബോയ്), രാരിച്ചൻ (രാരിച്ചൻ എന്ന പൗരൻ) എന്നിവർ ബാലകന്മാരായല്ല നവപൗരന്മാ രായാണ് ഈ ചിത്രങ്ങൾ സാക്ഷ്യപ്പെടുത്തു ന്നത്. നാളത്തെ പൗരൻ എന്ന പരിഗണന യിലാണ് മോഹനനെക്കുറിച്ച് പോസ്റ്റ് മാസ്റ്റർ സംസാരിക്കുന്നത്. അപ്പു ബാല്യ ത്തിൽ തന്നെ മഹാനഗരത്തിൽനിന്ന് തന്റെ മാതൃദേശത്തേക്ക് തിരികെ വന്നവനാണ്. ആധുനിക പൗരനെപ്പോലെ എല്ലാ ഉത്ത രവാദിത്വങ്ങളും ഏറ്റെടുക്കുന്നുണ്ട്. ബാല നായ രാരിച്ചനെ കോടതി പൗരനായി നിർവചിക്കുകയും അവന് ശിക്ഷ വിധിക്കു കയും ചെയ്യുന്നു. പൊതുവായി അമ്പതുക ളിലെ ചിത്രങ്ങൾ അന്നത്തെ ഇന്ത്യൻ രാഷ്ട്രീയ നയങ്ങളെ കാല്പനികമായി സമീ പിക്കുകയും പ്രാദേശികമായ പ്രതിനിധാ നങ്ങൾക്ക് പരിഹാരം നിർദേശിക്കുകയും ചെയ്യുന്നു. ദേശീയതയുടെ പ്രാദേശികവത്ക രണമായിരുന്നു അമ്പതുകൾ. ഈ പ്രവ ണത വ്യത്യസ്ത ഗണങ്ങളിലൂടെ അറുപ തുകളിലും തുടർന്നു. റിയലിസത്തിന്റെ പ്രകാരഭേദങ്ങൾ കൊണ്ട് സിനിമ സാമൂ ഹിക പ്രയോഗമെന്ന നിലയ്ക്ക് സ്വയം പുനർനിർവചിച്ചുകൊണ്ടിരുന്നു. 1961 ൽ പുറത്തുവന്ന *ഉണ്ണിയാർച്ച* എന്ന വട ക്കൻപാട്ട് ചിത്രത്തിൽപ്പോലും ആധുനിക മായ പൗരബോധം പ്രകടമാണ്. വാമൊഴി പാരമ്പര്യത്തെയും ചിത്രത്തെയും ആനു കാലികമാക്കുകയെന്ന ധർമമായിരുന്നു വട ക്കൻപാട്ട് സിനിമകൾക്കുണ്ടായിരുന്നത്. 1960 കളിൽ സിനിമയ്ക്ക് സംബോധനചെ യ്യാനുണ്ടായിരുന്നത് കൂടുതൽ വിപുലമായ നവ മധ്യവർഗ സമൂഹത്തിന്റെ അഭിരുചി കളായിരുന്നു. നാൽപ്പതുകളുടെ അവ



**നീലക്കുയിൽ**

സാനം സ്ഥാപിക്കപ്പെടുകയും അമ്പതുകളിൽ സജീവമാകുകയും ചെയ്ത ഉദയ, മെരിലാന്റ് എന്നീ സ്റ്റുഡിയോകൾ വ്യവസായമെന്ന നിലയ്ക്ക് സിനിമയുടെ ലാവണ്യശാസ്ത്രത്തെയും പ്രേക്ഷക അഭിരുചിയെയും വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്. ഇടതുപക്ഷ രാഷ്ട്രീയത്തോടുള്ള രാഗദ്വേഷ ബന്ധങ്ങൾക്കുള്ളിലും കുടുംബവും സമൂഹവും സിനിമയിൽ പ്രമേയങ്ങളായി. മധ്യവർഗത്തിലെ വ്യത്യസ്ത ശ്രേണികൾ, അടിസ്ഥാന വർഗങ്ങൾ ഇവരെല്ലാം സിനിമയുടെ വ്യവഹാരിക സ്ഥലത്ത് അണിനിരക്കുകയായിരുന്നു അന്നത്തെ സിനിമ. ജാതി ചിന്തയും വംശീയ വിവേചനവും ആഖ്യാനത്തിന്റെ അദൃശ്യതലത്തിൽ സിനിമ പരിപാലിച്ചുപോന്നു എന്നതും കാണാതിരുന്നുകൂടാ..

എഴുപതുകളിൽ സിനിമ കൂടുതൽ വാണിജ്യവത്കരിക്കപ്പെടുകയും പ്രേംനസീർ പ്രതിനിധീകരിച്ച കാല്പനിക സാഹസിക നായകത്വം കൂടുതൽ ജനപ്രിയമാവുകയും ചെയ്തു. ഇവിടെ സ്വപ്ന വ്യവസായശാലയെന്ന നിലയിലേക്കുള്ള സിനിമയുടെ രൂപാന്തരണം പൂർത്തിയാവുകയായിരുന്നു. എന്നാൽ സമാന്തരമായി മലയാളത്തിലെ നവസിനിമയുടെ ആവിർഭാവവും സംഭവിച്ചിരുന്നു. ആധുനികതയുമായുണ്ടാകുന്ന ഏറ്റുമുട്ടലിൽ നിസ്സഹായനായിത്തീരുന്ന മനുഷ്യന്റെ നിസ്സഹായതയും അസ്തിത്വവും നവസിനിമയിൽ കടന്നുവന്നു. ആധുനിക വ്യക്തികർതൃത്വത്തിൽ സംഭവിക്കുന്ന പിളർപ്പുകൾ ധർമസങ്കടങ്ങൾ തുടങ്ങിയ സങ്കീർണവും ആന്തരികവുമായ വിപര്യയങ്ങൾ സിനിമ അഭിമുഖീകരിക്കുന്നത് ഇക്കാലത്താണ്. പി.എൻ. മേനോന്റെ *ഓളവും തീരവും* (1970) എന്ന സിനിമയിലെ ബാപ്പൂട്ടി ആധുനിക വ്യക്തിയുടെ പരാജയഭാവമുള്ളവനാണ്. *പ്രിയ* (1970)യിലെ ഗോപൻ നാഗരികമായ അരാജകത്വം സ്വാഭാവികമായി ആഘോഷിക്കുകയും അതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റടുക്കുന്നവനുമാണ്. *സ്വയംവരത്തി*ലെ വിശ്വവും സീതയും സമകാലികതയെ നേരിടാനാവാതെ തളർന്നുപോകുന്നു. കെ. ജി. ജോർജിന്റെ *സ്വപ്നാടന*ത്തിലെ (1973) ഡോക്ടർ ഉന്മാദത്തിനും യാഥാർഥ്യത്തിനുമിടയിൽ തന്നെ സ്ഥാനപ്പെടുത്താൻ ശ്രമിച്ച് തോൽക്കുന്നവനാണ്.

കെ.പി. കുമാരന്റെ *അതിഥി*, പി.എ. ബക്കറിന്റെ *കബനീ നദി ചുവന്നപ്പോൾ*, ജി.എസ്. പണിക്കരുടെ *ഏകാകിനി*, രാജീവ് നാഥിന്റെ *തണൽ*, അരവിന്ദന്റെ *തമ്പ്, ഉത്തരായനം*, അടൂരിന്റെ *കൊടിയേറ്റം*, ജോൺ എബ്രഹാമിന്റെ *ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ*, രവീന്ദ്രന്റെ *ഇനിയും മരിച്ചിട്ടില്ലാത്ത നമ്മൾ* തുടങ്ങിയ സിനിമകൾ ആഖ്യാനത്തിലും പരിചരണത്തിലും അന്ന് പ്രബലമായിരുന്ന വാണിജ്യ സിനിമകളിൽ നിന്ന് വ്യത്യസ്തമായിരുന്നു. സിനിമയുടെ



**ചെമ്മീൻ**

സ്ഥലകാലങ്ങൾ കൂടുതൽ യഥാർത്ഥമാവുകയും അഭിനയം സാധാരണമാവുകയും ചെയ്യുന്ന ചലച്ചിത്രഭാഷയുടെ സൗന്ദര്യവും രാഷ്ട്രീയവുമാണ് ഈ ചിത്രങ്ങൾ പങ്കുവെച്ചത്. സാമൂഹിക പ്രതിബദ്ധത കൂടുതൽ ആന്തരികവും കൃത്യനിഷ്ഠവുമായി ഇവിടെ പുനർവചിക്കപ്പെടുന്നു. രാഷ്ട്രീയ വിപര്യയങ്ങൾ സൃഷ്ടിക്കുന്ന അരാജകത്വം എങ്ങനെയെല്ലാം ഒരു മനുഷ്യനെ നിർവ്യക്തീകരിക്കുന്നുവെന്ന് പല സാധ്യതകളിലൂടെ കണ്ടെത്തുന്ന സിനിമകളായിരുന്നു ജോണും ബക്കറും അരവിന്ദനും അടൂരും പവിത്രനും രവീന്ദ്രനുമൊക്കെ നിർമിച്ചത്. *ചെമ്മീന്* ദേശാന്തരമായി ലഭിച്ച ജനസമ്മിതിയുമായി എഴുപതുകളിലെ സിനിമയെ താരതമ്യപ്പെടുത്താനാകില്ല. ദൃശ്യവിസ്മയമെന്നതിനപ്പുറം സിനിമ രാഷ്ട്രീയപ്രവർത്തനമായും തീവ്രസംവാദമായും പ്രത്യയശാസ്ത്ര പ്രയോഗമായും രൂപാന്തരപ്പെടുന്നത് എഴുപതുകളിലാണ്. മുഖ്യധാരയ്ക്ക് അസ്വീകാര്യമായ സിനിമകൾ പിന്നീട് ഉച്ചപ്പടമെന്ന നവ സംജ്ഞയിലൂടെ അറിയപ്പെട്ടു. ചലച്ചിത്ര മുതൽമുടക്കിലും നിർമാണത്തിലും വിതരണത്തിലും പ്രദർശനത്തിലും വലിയ അന്തരമാണ് എഴുപതുകളിലെ നവസിനിമ വരുത്തിയത്. അതേ നിലയ്ക്ക് എൺപതുകളിൽ ഇത് ആവർത്തിക്കപ്പെടുന്നില്ല. ഇതിനൊരു കാരണം ചലച്ചിത്ര നിർമാണത്തിൽ താരങ്ങളുടെ ഇടപെടൽ കൂടുതൽ തീവ്രമായതാണ്. മലയാള സിനിമ ഒരു വ്യവസായമെന്ന നിലയ്ക്ക് ലാഭമുണ്ടാക്കിയ കാലമായിരുന്നു എൺപതുകൾ. എന്നാലത് ഏകപക്ഷീയമായ ചില അലിഖിത നിയമങ്ങ



**യവനിക**

ളെയും സാധുവാക്കി. എൺപതുകളുടെ തുടക്കങ്ങളിൽ മലയാളസിനിമയിൽ പ്രവർത്തിച്ചിരുന്നവർ – അഭിനേതാക്കളായാലും തിരക്കഥാകൃത്തുക്കളായാലും – നാടകവുമായി ബന്ധമുള്ളവരായാലും എൺപതുകളിൽ സിനിമയും നാടകവുമായുള്ള ബന്ധം ഇല്ലാതാകുന്നത് കാണാം. കെ.ജി. ജോർജിന്റെ *യവനിക*യിൽ സിനിമയുടെ അന്തർപാഠമായി നാടകത്തെ സന്നിവേശിപ്പിച്ചിട്ടുണ്ട്. ഈ അന്തർപാഠം സിനിമയെ അപേക്ഷിച്ച് പരിഹാസ്യവും കാലത്തിന് നിരക്കാത്തതുമാണ്. അതേസമയം ആധുനികവും പുരോഗമനപരവുമായി ഇവിടെ സിനിമ അടയാളപ്പെടുകയും ചെയ്യുന്നു. ഇത് പിന്നീട് കൂടുതൽ അവിദഗ്ധവുമായി പ്രമേയവുമായി ബന്ധമില്ലാത്തവിധത്തിൽ മലയാളസിനിമ ആവർത്തിച്ചു. നാടകങ്ങളെ അകാലികമാക്കി സിനിമ സമകാലിക ജനപ്രിയ മാധ്യമമെന്ന നിലയ്ക്ക് മലയാളിയുടെ ജീവിതത്തെ സ്വാധീനിക്കുന്ന മാധ്യമമായി മാറി.

അതേവരെ മലയാള സിനിമയിൽ അപരിചിതമായിരുന്ന പ്രതിഭാസമായിരുന്നു താരം. മമ്മൂട്ടി-മോഹൻലാൽ ദ്വയത്തോടെ വ്യവസായവത്കരിക്കപ്പെട്ട ചലച്ചിത്ര മണ്ഡലത്തെ താരങ്ങൾ അധീനപ്പെടുത്തുന്നതിന്റെ ദൃശ്യങ്ങൾ കാണാം. ഇത് ഏറ്റവും പ്രതികൂലമായി ബാധിച്ചത് നവസിനിമയുടെ ചരിത്രപരമായ തുടർച്ചയാണ്. രണ്ടു നിലയ്ക്ക് ഇതിനെ വിശദീകരിക്കേണ്ടതുണ്ട്. ഒന്ന് കനത്ത മൂലധന നിക്ഷേപമുള്ള മാധ്യമമെന്ന നിലയ്ക്ക് പരമാവധി പ്രേക്ഷകർ കാണുന്നതാണ് മികച്ച സിനിമയെന്ന മിഥ്യാധാരണ വ്യാപകമാക്കി. രണ്ട് എൺപതുകളിലെ നവസിനിമയുടെ വക്താക്കൾ മമ്മൂട്ടിയെയും മോഹൻലാലിനെയും പോലുള്ളവരുടെ താരമൂല്യത്തെ തങ്ങളുടെ രാഷ്ട്രീയ പ്രതിബദ്ധതയിലേക്കും പരീക്ഷണ താത്പര്യത്തിലേക്കും സന്നിവേശിപ്പിച്ചു. സിനിമയിൽ അനിവാര്യമായ പരിണാമ നൂതനത്വങ്ങളെ ഇത് പ്രതിലോമകരമായിട്ടാണ് ബാധിച്ചത്. മുൻ ദശകങ്ങളിൽ നിർണായകമായ ആഖ്യാന സിദ്ധികളും സ്ഥാനങ്ങളുമായിരുന്ന സ്ഥലകാലങ്ങൾ താരശരീരങ്ങളിലൂടെ പുനർവിന്യസിക്കപ്പെട്ടു. ബഹുവചനാത്മവും തുറസ്സുമായിരുന്ന സാമൂഹിക ബന്ധങ്ങൾ താരപ്പൊലിമയ്ക്ക് പിന്തുണയേകുന്ന നിശബ്ദ സാന്നിധ്യമായി. സമൂഹവും സാമൂഹികതയും സമകാലിക മലയാളി ജീവിതവുമായി നടത്തുന്ന നീക്കുപോക്കുകളുടെ രാഷ്ട്രീയമായ അന്തർഗതങ്ങൾ സിനിമയുടെ അന്വേഷണത്തിന് അന്യമാകുന്നുവെന്നതാണ് തൊണ്ണൂറുകളുടെ സവിശേഷത. നവ ശതാബ്ദത്തിന്റെ തുടക്കത്തിലും ഈ നിലയിൽ വലിയ മാറ്റമുണ്ടാകുന്നില്ല. ചരിത്രത്തിൽനിന്ന് പുറത്താക്കപ്പെട്ട കാണികൾ അഭിമുഖീകരിക്കുന്ന യഥാതഥമോ വിഭ്രാത്മകമോ മിഥ്യാപരമോ ആകാത്ത കാലത്തെയാണ്, പ്രേക്ഷകസ്വത്വം എന്തെന്ന്



**മതിലുകളുടെ ചിത്രീകരണ വേളയിൽ അടൂർ**

തിരയാതെപോകുന്ന കാലാവസ്ഥയാണ് അവരെ ഭ്രമണം ചെയ്യുന്നത്. അവരെ വിട്ട് ഹിന്ദി, തമിഴ് ഭാഷകളിലെയും ഹോളിവുഡിലെയും തെലുങ്ക് മൊഴിമാറ്റ ചിത്രങ്ങളിലെയും മോഹന വലയങ്ങളിലേക്ക് ചലച്ചിത്ര പ്രേക്ഷകർ ആകർഷിക്കപ്പെട്ടതിന് ആരാണ് ഉത്തരവാദികൾ?

തൊണ്ണൂറുകളിലാണ് കലാസിനിമ വ്യാവസായികമായ നീക്കുപോക്കുകൾക്ക് തയാറാവുന്നത്. സ്വാധീനാധികാരമുള്ള താരങ്ങൾ കലാസിനിമയെ റാഞ്ചുന്ന കാലവും ഇതായിരുന്നു. കച്ചവടഫോർമുലകൾക്ക് ബദലായിരുന്ന ആർട് സിനിമയുടെ നിലപാടുകളിൽ വന്ന മാറ്റം മലയാളത്തെ പൊതുവെ ബാധിച്ചിട്ടുണ്ട്. എണ്ണത്തിലും വിജയശതമാനത്തിലും മാത്രമല്ല ദേശീയതലത്തിലെ അംഗീകാരവും അന്ന് കുറവായിരുന്നു. കോർപറേറ്റ് കമ്പനികൾ നിർമാണരംഗത്തു വന്നതോടെ സിനിമാരംഗം തന്നെ മാറുകയായിരുന്നു. അതോടെ സിനിമ ഒരു പാക്കേജായി. നിർമാണവും വിതരണവും പ്രദർശനവുമൊക്കെ കരാറിലാവുന്ന പാക്കേജാണിത്. ടി.വി., എഫ്. എം. റേഡിയോ. മൊബൈൽ ഫോൺ തുടങ്ങിയ നവമാധ്യമങ്ങൾ കോർപറേറ്റുകൾക്ക് പരസ്യവിപണി തീർക്കുന്നു. മൂലധനനിക്ഷേപം ഏറെവരുന്നകാലത്ത് ആർട് സിനിമയും അതിലെ പ്രാദേശിക-ദേശീയ രാഷ്ട്രീയവുമൊക്കെ 'ലാഭ'കരമല്ലാതായി. പുതിയ സാമ്പത്തിക സാങ്കേതിക സാഹചര്യങ്ങളെ ഉപയോഗപ്പെടുത്താൻ മലയാളസിനിമ ഏറെ വൈകി. തെക്കേ ഇന്ത്യയിൽ നിന്നും തമിഴ് സിനിമയാണ് ബോളിവുഡിനൊപ്പം വിപണിയുടെ നവസാധ്യത തിരിച്ചറിഞ്ഞ് അനുകൂലമാക്കിയെടുത്തത്. ഇതേ വിപണിമൂല്യം ദേശീയാംഗീകാരത്തിന്റെ മാനകങ്ങളെയും പുനർനിർവചിച്ചു. ആഖ്യാനത്തിലെ ലാളിത്യം ലഘുത്വമായി അർഥാന്തരപ്പെടുന്ന സാഹചര്യത്തെയാണ് പ്രാദേശിക സിനിമയ്ക്ക് നേരിടേണ്ടിവരുന്നത്.

> വൈകാരികമായ അന്തർബന്ധങ്ങൾക്കുള്ളിൽ രൂപപ്പെടുന്ന ആഖ്യാനമാണ് നവസിനിമയുടേത്. അനേകം സമാന്തരാഖ്യാനങ്ങളിലൂടെ ഇത് വികസിപ്പിച്ചെടുക്കുന്നത് ഇന്നൊരു പതിവായിട്ടുണ്ട്. മുൻകാല മാതൃകകളെ അതിജീവിക്കാൻ അവ എപ്പോഴും ശ്രമിക്കുന്നു. ചലച്ചിത്ര മേളകളിലെ പങ്കാളിത്തം, ആഗോള സിനിമകളുടെ ലഭ്യത, എന്നിവ പകർന്ന ദൃശ്യസംസ്കാരമാണ് ഇവരുടെ ചലച്ചിത്ര സങ്കല്പത്തെ രൂപാന്തരപ്പെടുത്തിയത്.

നവമാധ്യമങ്ങളുമായി വ്യവസായപരമായും സാങ്കേതികപരമായും സിനിമ നേടിയ പാരസ്പര്യം മലയാളത്തിന് പുതുശതാബ്ദത്തിലും അന്യമായിരുന്നു. പ്രേക്ഷകർ തിയേറ്ററുകളിൽ നിന്നും വീട്ടിലെ ടി.വി സെറ്റുകളുടെ മുന്നിലേക്ക് പിന്മാറുന്ന കാലത്തെ മലയാള സിനിമയ്ക്ക് ഫലപ്രദമായി നേരിടാനായില്ല. 'കോളിവുഡും' 'ബോളിവുഡു'മൊക്കെ ഇതേ പരാധീനതയെ അഭിമുഖീകരിച്ചിട്ടുണ്ട്. ദൃശ്യഭാഷയെ ആഗോള കാലാവസ്ഥയ്ക്ക് അനുകൂലമായി മാറ്റിയെഴുതാനാണ് അവർ മുതിർന്നത്. തുറ

സ്സായ വിപണിമണ്ഡലം ചലച്ചിത്ര വ്യവസായത്തിന്റെ സമവാക്യങ്ങളിലും തിരുത്തലുകൾ വരുത്തി. കോർപറേറ്റ് നിക്ഷേപം സ്വീകരിച്ചുകൊണ്ടുതന്നെ തനതു പ്രാദേശിക സങ്കൽപ്പനങ്ങളെ രൂപപ്പെടുത്തുന്ന ആഖ്യാന തന്ത്രങ്ങളാണ് ചില ഘട്ടങ്ങളിലെങ്കിലും തമിഴ് സിനിമ പരീക്ഷിച്ചത്.

ആഗോള വിപണിയെ പ്രാദേശിക താത്പര്യങ്ങളിലേക്ക് ആനയിക്കുന്ന നീക്കം ചെറുതായെങ്കിലും തമിഴിൽ സംഭവിച്ചിട്ടുണ്ട്. മലയാള സിനിമാ നിർമാണം കടുത്ത പ്രതിസന്ധിയിൽ പെട്ടുഴലുന്ന സന്ദർഭത്തിലാണിത് സംഭവിക്കുന്നതെന്ന് ഓർക്കണം. തമിഴ്, തെലുങ്ക് സിനിമകളുടെ വൻ വിപണിയായി മലയാളം മാറുന്നതും രണ്ടായിരമാണ്ടിനെ തുടർന്നാണ്. പൊതുവേ ആധുനികമായ സംവേദന മാധ്യമങ്ങളെ ജീവിതത്തിന്റെ ഭാഗമാക്കാൻ എക്കാലവും വിസമ്മതിച്ചവരാണ് മലയാളികൾ. സിനിമയും ഇതിനപവാദമാകുന്നില്ല. ലോകവർത്തമാനങ്ങളിലേക്ക് മലയാളിയെ ഇണക്കിയെടുക്കുന്ന കണ്ണിയായി റേഡിയോ അറുപതുകളിലെ ചിത്രങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. റേഡിയോയെന്ന ശ്രാവ്യമാധ്യമം ആധുനിക കേരളത്തെ ലോകാന്തരങ്ങളുമായി ബന്ധപ്പെടുത്തുന്ന മാധ്യമമായി എഴുപതുകളിലും തുടർന്നു. എന്നാൽ തൊണ്ണൂറുകളിൽ വൻ പ്രചാരം നേടിയ ടെലിവിഷനെ സിനിമ ഭയപ്പാടോടെയാണ് കണ്ടത്. അതിനൊരു കാരണം സിനിമയുടെ സ്വാധീന മേഖലകൾ ടി.വി. സ്വന്തമാക്കിയതാണ്. ടി.വി.യുടെ ജനപ്രിയതയെ അതിജീവിക്കാനായി ദൃശ്യഭാഷയിലും നവമാധ്യമ സാങ്കേതിക സാധ്യതകളിലും വന്ന കുതിപ്പുകൾ പ്രയോജനപ്പെടുത്തുകയാണ് മലയാളേതര ചിത്രസിനിമകൾ ചെയ്തത്. പക്ഷേ മൂല്യവ്യവസ്ഥയിലെ മാറ്റങ്ങളെയും മാധ്യമരംഗത്തെ പരിണാമ വേഗത്തേയും ആശങ്കയോടെയാണ് മലയാളം ഉറ്റുനോക്കിയത്. ആധുനികാനന്തര കേരളീയ പൊതുമണ്ഡലത്തെപ്പോലും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. യാഥാസ്ഥിതികതയുടെ സാമാന്യതലത്തിൽ സംഭവിക്കുന്ന നേരിയ വ്യതിചലനങ്ങൾ പോലും വലിയ പേടിയോടെയാണ് മലയാളി മധ്യവർഗം കണ്ടത്. അമിതമായ സുരക്ഷിതബോധമാവാം അപരിചിതമായ ഒന്നിന്റെ കടന്നുവരവിനെ പ്രതിരോധത്തിലാക്കിയത്. ഇവിടെയും സമ്പദ്വ്യവസ്ഥ യിലെ ഇടനിലക്കാരാണ് ആശയക്കുഴപ്പത്തിലാകുന്നത്. ഭുതത്തിൽ മദിക്കുന്നവരും ഭാവിയിൽ ആശങ്കപ്പെടുന്നവരുമാണിവർ. അവർ വർത്തമാനത്തെ അടുക്കിയെടുക്കുന്നതുപോലും പ്രവചനാതീതമായ ഭാവിക്കായിട്ടാണ്. സിനിമപോലെ സങ്കേതനിഷ്ഠമായ കലാരൂപത്തിലും ഇതിന്റെ എതിരൊലികൾ ഉണ്ടാവുക സ്വാഭാവികം. മൊബൈലുകളെ അപവദിച്ചും കമ്പ്യൂട്ടറുകൾ തച്ചുതകർത്തും പൗരുഷം ഉറപ്പിക്കുന്ന രംഗങ്ങൾകൊണ്ടാണ് സിനിമ പുതുപ്രവണതകളെ നേരിട്ടത്. മാധ്യമവ്യവഹാരങ്ങളെ സിനിക്കലായി പരിചരിക്കുന്ന ആഖ്യാനശീലങ്ങൾ സിനിമയെ വിട്ടൊഴിയാൻ പിന്നെയും സമയമെടുത്തു. സിനിമ കാണുകയും അതിൽ ഇടപെടുകയും ചെയ്യുന്ന മധ്യവർഗ ഭൂരിപക്ഷത്തിന്റെ മരവിച്ച കാലബോധമാണ് പുതുപരീക്ഷണങ്ങൾ മലയാളിക്ക് വ്യക്തമാക്കിയത്. അതേസമയം തമിഴിലും ഹിന്ദിയിലുമൊക്കെ മാധ്യമവിനിമയങ്ങൾ നിർണായകമാവുകയായിരുന്നു. വൈകാരികമായ നിർണയനത്തിലേക്ക് നവമാധ്യമ സൗകര്യങ്ങളെ പരിവർത്തിപ്പിക്കാൻ പിന്നെയധികം കാലതാമസം വന്നതുമില്ല. സിനിമയുടെ അപരാഖ്യാനമായി പുതുസാങ്കേതികതയെ സ്വാംശീകരിക്കാനാവുന്നത് നവശതാബ്ദത്തിന്റെ ആദിദശകം പിന്നിടുന്നതോടെയാണ്.

വൈകാരികമായ അന്തർബന്ധങ്ങൾക്കുള്ളിൽ രൂപപ്പെടുന്ന ആഖ്യാനമാണ് നവസിനിമയുടേത്. അനേകം സമാന്തരാഖ്യാനങ്ങളിലൂടെ ഇത് വികസിപ്പിച്ചെടുക്കുന്നത് ഇന്നൊരു പതിവായിട്ടുണ്ട്. മുൻകാല മാതൃകകളെ അതിജീവിക്കാൻ അവ എപ്പോഴും ശ്രമിക്കുന്നു. ചലച്ചിത്രമേളകളിലെ പങ്കാളിത്തം, ആഗോള സിനിമകളുടെ ലഭ്യത, എന്നിവ പകർന്ന ദൃശ്യസംസ്കാരമാണ് ഇവരുടെ ചലച്ചിത്ര സങ്കല്പത്തെ രൂപാന്തരപ്പെടുത്തിയത്. വ്യത്യസ്താഖ്യാനങ്ങളെ സമന്വയിക്കാനും നാട്യങ്ങളില്ലാതെ അവയെ സമീകരിക്കാനും പാകമായ രീതിയുടെ തുടർച്ച സമകാലീന ചിത്രങ്ങളിലുണ്ട്. രാജേഷ് പിള്ളയുടെ 'ട്രാഫിക്' അരുൺ അരവിന്ദിന്റെ 'ഈ അടുത്ത കാലത്ത്, സമീർ താഹിറിന്റെ ചാപ്പാക്കുരിശ് എന്നിങ്ങനെ പല പുതുചിത്രങ്ങളും രേഖീയമല്ലാതെ നീങ്ങുന്ന ആഖ്യാനവഴികളാണ് പിന്തുടരുന്നത്. ഒന്നിലധികം ആഖ്യാനങ്ങളെ ഒരേകാലത്ത് പരിചരിക്കുകയും പ്രത്യേകസന്ധിയിൽ-പ്രതിസന്ധിയിൽ - അവയെ ഇടകലർത്തുകയും ചെയ്യുന്ന ദൃശ്യഭാഷയുമായി പ്രേക്ഷകരും സുപരിചിതരാണ്. മമ്മൂട്ടി - മോഹൻലാൽ യുഗത്തിലെ പ്രേക്ഷക പിന്തുണ നവസിനിമക്കാർക്ക് എത്രത്തോളം ലഭിച്ചുവെന്ന ചോദ്യം അപ്പോഴും അവശേഷിക്കുന്നു. നാടകീയതയെയും നായകത്വത്തെയും പുരുഷാധീശത്വത്തെയും ആഘോഷിക്കുന്ന കാണികളല്ല നവതലമുറ സിനിമകൾക്കുള്ളത്. ഫേസ്ബുക്കിന്റെയും ടിറ്ററിന്റെയും സംവേദന സൗകര്യങ്ങളിലൂടെ സംവിധായകനുമായി സൗഹൃദത്തിലായ കൂട്ടരെയും പ്രേക്ഷകഗണത്തിൽ പെടുത്താം. ഫേസ്ബുക്ക് കൂട്ടായ്മയാണ് റിലീസിനെ തുടർന്ന് സിനിമയുടെ പ്രചാരവും ഏറ്റെടുക്കുന്നത്. സിനിമാക്കാഴ്ചയുടെയും സ്വീകരണത്തിന്റെയും ലോകത്ത് സംഭവിച്ച പിളർപ്പ് പുതിയൊരു തലമുറയുടെ പ്രസക്തിയെയാണ് അടയാളപ്പെടുന്നത്. സ്ഥലസ്ഥാനങ്ങളെയും കാലബോധത്തെയും ക്രിയായോഗത്തെ ഇവർ നിരാകരിച്ചു. ഇവരുടെ സമീപനം സിനിമയിലെ കാലത്തെ കൂടുതൽ അമൂർത്തവും ക്ഷണികവുമാക്കി. പീരീഡ് സിനിമയുടെ വൈപുല്യമോ ആർഭാടമോ അല്ല, താത്കാലികമായ ദൈനംദിനവ്യവഹാരങ്ങളാണ് പുതുസിനിമയെ ആകർഷിച്ചത്. സാമ്പത്തികമായ അച്ചടക്കം, മൾട്ടിപ്ലെക്സ് റീലിസുകൾ, പ്രതീതി യാഥാർത്ഥ്യങ്ങളുടെ ലോകം, നവമാധ്യമങ്ങളുടെ നിർണായക പങ്കാളിത്തം, സങ്കരഭാഷാപ്രയോഗം തുടങ്ങിയവയെ മെട്രോ നഗരജീവിതമായി സാക്ഷ്യപ്പെടുത്താൻ പുതിയ സിനിമയ്ക്കാവുന്നു. അതിലെ ശരിയും തെറ്റുമല്ല വിഷയമാക്കുന്നത്. ഭാവനാത്മകമായ നാഗരികതയെ ചിത്രീകരിക്കുകയും സന്നിഗ്ധമായ യാദൃശ്ചികതകളെ അവയുടെ സാക്ഷാത്ക്കരണത്തിനായി സന്നിവേശിപ്പിക്കുകയുമാണ് നവസിനിമാകഥനം. ചുറ്റുപാടുകളിൽ നിന്നും ഉൾവലിയുന്നവരല്ല പുതുതലമുറക്കാർ. അനുദിനം മാറി മറിയുന്ന കാലക്രമത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നവരാണ്. ■


ട്രാഫിക്

എം.എഫ്. തോമസ്




# ഇന്ത്യൻ സിനിമാ ചരിത്രത്തിൽ ഉത്തമ സിനിമകളുടെ കൂട്ടായ്മ

ഇന്ത്യൻ സിനിമയ്ക്ക് നൂറു വയസ് തികയുകയാണ്. ഇന്ത്യൻ സിനിമയുടെ ചരിത്രത്തിൽ നിർണായകമായ മാറ്റവും കലാപരമായ ഔന്നത്യവും പ്രകടിപ്പിക്കുന്നത് സത്യജിത് റായിയുടെയും *പഥേർ പാഞ്ജലി*യുടെയും വരവോടെയാണ്. ഈ രണ്ടു ഘടകങ്ങളും ഇന്ത്യൻ സിനിമയുടെ ഗതിവിഗതികളെ നിയന്ത്രിക്കുന്നതും ലോകസിനിമാഭൂപടത്തിൽ ഇന്ത്യൻ സിനിമയ്ക്ക് ഇടമുണ്ടാകുന്നതും അന്വേഷിക്കുമ്പോൾ നാം എത്തിച്ചേരുന്നത് ഇന്ത്യയിലെ ആദ്യകാല ഫിലിം സൊസൈറ്റി പ്രവർത്തനങ്ങളിലാണ്. സിനിമയിൽ ലോകത്തെങ്ങും സംഭവിച്ച അന്വേഷണങ്ങളിലേക്കും കണ്ടെത്തലുകളിലേക്കും നിശബ്ദ സിനിമയുടെ കാലത്തുതന്നെ ഉണ്ടായ ലോകോത്തരവും മഹത്തരവുമായ ചലച്ചിത്രരചനകളിലേക്കും ഇന്ത്യക്കാരെ പിടിച്ചടുപ്പിച്ചത് ഫിലിം സൊസൈറ്റികളാണ്. പ്രത്യേകിച്ച് ബംഗാളിലും കേരളത്തിലും പൊട്ടിമുളച്ച് വേരുറച്ച് തഴച്ചുവളർന്ന ശക്തമായ ഫിലിം സൊസൈറ്റി പ്രസ്ഥാനം എന്തുകൊണ്ട് കേരളത്തിലും ബംഗാളിലും ഇന്ത്യൻ സിനിമാചരിത്രത്തിലെ എടുത്തുപറയേണ്ട ചിത്രങ്ങൾ *പഥേർ പാഞ്ചാലി*യെ തുടർന്നുണ്ടായി. ഇതിനുത്തരം, അവിടങ്ങളിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം പ്രത്യേക ജനുസ്സിൽപ്പെട്ട കലാപരമായ, സാമൂഹികബാധ്യതയുള്ള ചിത്രങ്ങൾക്കു പിറവി നൽകിയെന്നതുതന്നെ. ഗൗരവമാർന്ന ചലച്ചിത്ര ആസ്വാദകരെയും സംവിധായകരെയും സാങ്കേതികവിദഗ്ധരെയും ഫിലിം സൊസൈറ്റി പ്രസ്ഥാനം സൃഷ്ടിച്ചതായി കാണാം.

ഉത്തമ സിനിമയ്ക്ക് എന്നും താങ്ങും തണലുമായി വർത്തിച്ചിട്ടുള്ള കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം 50 ാം വാർഷികം


പഥേർ പാഞ്ചലി

ആഘോഷിക്കുകയാണിപ്പോൾ. നല്ല സിനിമയെ കണ്ടെത്തുവാനും അവയെ പ്രോത്സാഹിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം നൽകിയിട്ടുള്ള സേവനം വിലമതിക്കാനാവാത്തതാണ്.

തിരിഞ്ഞു നോക്കുമ്പോൾ, ചലച്ചിത്രത്തിന് ഒരു കലാരൂപമെന്ന നിലയിൽ അർഹവും മാന്യവുമായ സ്ഥാനം നേടിയെടുക്കുന്നതിലും പ്രേക്ഷകരുടെ ഇടയിൽ ഒരു പുത്തനവബോധം സൃഷ്ടിക്കുന്നതിലും ഫിലിം സൊസൈറ്റി പ്രസ്ഥാനം അതിന്റേതായ പങ്കുവഹിച്ചതായി കാണാം. പുതിയ ചലച്ചിത്ര സംസ്കാര രൂപീകരണത്തിൽ ഫിലിം സൊസൈറ്റികൾ വഹിക്കുന്ന പങ്ക് അളവറ്റതാണ്. പരീക്ഷണത്തിനു മുതിരുന്ന നിർമാതാക്കളുടെയും സംവിധായകരുടെയും രംഗപ്രവേശത്തിന് കേരളത്തിലെ ഫിലിം സൊസൈറ്റികൾ വേണ്ട ധാർമിക പിന്തുണ എന്നും നൽകിപ്പോന്നിട്ടുണ്ട്. മലയാളത്തിൽ കുറച്ചു വർഷങ്ങൾക്കുമുൻപ് പുറത്തിറങ്ങിക്കൊണ്ടിരുന്ന നല്ല ചിത്രങ്ങൾക്കു ലഭിച്ച സ്വാഗതവും അംഗീകാരവും ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ ഭാഗമാണെന്ന് അഭിമാനത്തോടെ അവകാശപ്പെടാം. വേതനംപറ്റാത്ത ഒരു സംഘം ഉത്സാഹശീലരായ ചലച്ചിത്രപ്രേമികളുടെ ആത്മാർഥമായ പ്രവർ ത്തനം കൊണ്ട് സ്പന്ദിച്ചുപോരുന്നതാണ് ഇവിടുത്തെ ഫിലിം സൊസൈറ്റി പ്രസ്ഥാനം. ഇന്ന് ഇന്ത്യയിൽ ഏറ്റവുമധികം ഫിലിം സൊസൈറ്റികളുള്ളത് കേരളത്തിലാണ്. ഫിലിം സൊസൈറ്റികളിലൂടെ ചലച്ചിത്രാവബോധം ആർജിച്ച് ദേശീയതലത്തിലേക്കും അന്തർദേശീയ തലത്തിലേക്കും ഉയർന്ന സംവിധായകരും നടന്മാരും സാങ്കേതികവിദഗ്ധരും ഇവിടിന്നുണ്ട്. ഉത്തമാസ്വാദകരുടെ വലിയൊരു നിര സൃഷ്ടിക്കാനും അതിനു കഴിഞ്ഞു. അതിനാൽ ശ്രദ്ധേയമായ ഏതൊരു ചിത്രവും സജീവമായ ചർച്ചകൾക്ക് വഴിയൊരുക്കിയിരുന്നു. മികച്ച ചിത്രങ്ങൾ ശ്രദ്ധിക്കപ്പെടാനും സ്വീകരിക്കപ്പെടാനും ഈ ചർച്ചകൾ കാരണമായി.

കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ഫിലിം സൊസൈറ്റി പ്രസ്ഥനത്തിനുവേണ്ടിയാതൊന്നും മോഹിക്കാതെ അക്ഷീണം അടരാടുന്ന അജ്ഞാതരായ ചെറുപ്പക്കാരെ അൻപതു വർഷം ആഘോഷിക്കുന്ന ഈ വേളയിലെങ്കിലും കൃതജ്ഞതാപൂർവം നാം ഓർക്കേണ്ടതാണ്. മലയാള സിനിമ കൈവരിച്ചിരിക്കുന്ന ഗുണപരമായ ഉന്നതിക്ക് ആരോടെങ്കിലും കടപ്പെട്ടിരിക്കുന്നുവെങ്കിൽ, കഴിഞ്ഞ അൻപതു വർഷമായി വളരെയേറെ പ്രയാസങ്ങളും ത്യാഗങ്ങളും സഹിച്ച് ഇവിടെ പ്രവർത്തിക്കുന്ന ഫിലിം സൊസൈറ്റികളോടാണെന്ന കാര്യം നിഷേധിക്കാനാവില്ല. നല്ല സിനിമയെ സ്നേഹിക്കുന്ന, അംഗീകരിക്കുന്ന ഒരു ചെറിയ സമൂഹം ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. അതിനുകാരണം, കാസർകോട്, പയ്യന്നൂർ, മലപ്പുറം, കോഴിക്കോട്, തിരൂർ, കൊടുങ്ങല്ലൂർ, തൃശൂർ, കൊച്ചി, കട്ടപ്പന, കുമളി, പത്തനംതിട്ട, കോതമംഗലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഫിലിം സൊസൈറ്റികൾ തന്നെയാണ്. അവയ്ക്കു പിന്നിൽ ത്യാഗങ്ങളേറെ സഹിച്ച് ഉറച്ചുനിൽക്കുന്ന ചെറുപ്പക്കാരുടെ ആവേശം കണ്ടില്ലെന്നു വരാം. പക്ഷേ, മഹത്തായ വിപ്ലവങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന അജ്ഞാത ഭടന്റെ രക്തവും വിയർപ്പും ചരിത്രത്തിന്റെ ഗതിമാറ്റുന്നത് ഇന്നും നാം കാണുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് വിലയില്ലാതെ വരില്ല!


ബാറ്റിൽഷിപ്പ് പോട്ടംകിൻ

കേരളത്തിലെ പ്രഥമ ഫിലിം സൊസൈറ്റിയായ ചിത്രലേഖ തിരുവനന്തപുരത്തെ വൈ.എം.സി.എയിലും മറ്റും ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്ന ആദ്യ നാളുകളിൽ പ്രോഗ്രാം നോട്ടുണ്ടാക്കുന്നതു മുതൽ പ്രൊജക്ടർ ഓടിക്കുന്നതുവരെ പ്രേക്ഷകരും പ്രവർത്തകരുമൊക്കെയായ ഞങ്ങളായിരുന്നു. പസോലിനിയെപ്പോലുള്ളവരുടെ പോലും ചിത്രങ്ങൾ പ്രദർശിപ്പിക്കുമ്പോൾ ഞങ്ങളടക്കം കാഴ്ചക്കാർ നാലു പേർ മാത്രമുണ്ടായിരുന്ന അവസരങ്ങളുണ്ട്. പൊതുജനത്തിനും മുഖ്യധാരാ സിനിമാക്കാർക്കും പരമപുച്ഛമായിരുന്നു, ഈ കിറുക്കൻ സംഘത്തോട്. പക്ഷേ, ആ ആസ്വാദകസംഘത്തിൽ നിന്നാണ് ഇന്ത്യയ്ക്കാകെ അഭിമാനമായി ത്തീർന്ന അടൂർ ഗോപാലകൃഷ്ണനും *സ്വയംവര*വുമൊക്ക ഉയർന്നുവന്നത്. വർഷങ്ങൾക്കു മുൻപ് തിരുവനന്തപുരത്ത് കേരളത്തിലെ ആദ്യത്തെ ഫിലിം സൊസൈറ്റി ആരംഭിക്കുമ്പോൾ അതിന്റെ പ്രവർത്തകർക്ക് പരക്കെ നേരിടേണ്ടിവന്ന പുച്ഛം നിറഞ്ഞ ഒരു ചോദ്യത്തെപ്പറ്റി പറഞ്ഞു കേട്ടിട്ടുണ്ട്. സിനിമ കാണാൻ പഠിപ്പിക്കാമെന്നാണോ? സിനിമ നിർമിക്കാൻ തന്നെ പഠനം ആവശ്യമില്ലെന്നു കരുതിയിരുന്ന ആ കാലത്ത് അത്തരമൊരു ചോദ്യത്തിൽ അതിശയിച്ചിട്ടോ അരിശപ്പെട്ടിട്ടോ കാര്യമുണ്ടായിരുന്നില്ല. ഇന്ന് സ്ഥിതി താരതമ്യേന മെച്ചപ്പെട്ടിട്ടുണ്ടെന്നുവേണം കരുതാൻ. അതിനു കാരണക്കാരായവരെപ്പറ്റി ഓർക്കുമ്പോൾ ആദ്യം മനസ്സിലേക്ക് ഓടിയെത്തുന്ന പേര് അടൂർ ഗോപാലകൃഷ്ണന്റേതാണ്.

ലോക സിനിമാ ഭൂപടത്തിൽ ഇന്ത്യയ്ക്ക് ഇടമുണ്ടാക്കിത്തന്നെ സത്യജിത് റായ്, 1947-ൽ ചിദാനന്ദ ദാസ്ഗുപ്തയുമൊത്തു സ്ഥാപിച്ച കൊൽക്കത്താ ഫിലിം സൊസൈറ്റിയോട് കടപ്പെട്ടിരിക്കുന്നു. വളരെയേറെ പ്രയാസങ്ങൾ സഹിച്ചാണ് കൊൽക്കത്താ ഫിലിം സൊസൈറ്റി സ്ഥാപിച്ചതെന്ന് സത്യജിത് റായ് തന്റെ 'നമ്മുടെ സിനിമ, അവരുടെ സിനിമ' എന്ന പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. ആദ്യത്തെ രണ്ടു വർഷക്കാലം 25 അംഗങ്ങളിലേറെ ഉണ്ടായിരുന്നില്ല. സൊസൈറ്റിയുടെ യോഗം കൂടിയതുകൊണ്ടു മാത്രം വാടകപ്പുരയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട ഒരു പ്രവർത്തകന്റെ കാര്യം അദ്ദേഹം വേദനയോടെ ഓർക്കുന്നു. പക്ഷേ, എങ്ങനെയോ ഐസൻസ്റ്റീന്റെ *ബാറ്റിൽഷിപ്പ് പോട്ടംകി*ന്റെ ഒരു പ്രിന്റ് സൊസൈറ്റി സ്വന്തമായി നേടിയെടുത്തു. അതാണ് ഇന്ത്യയുടെ

എക്കാലത്തെയും മഹാനായ ചലച്ചിത്രകാരന്റെ ജനനത്തിനു വഴിതെളിച്ചത്. ഇതുതന്നെയാണ് ഇന്ത്യയിലെല്ലായിടത്തേയും കഥ; ഇന്ത്യയിലെ നല്ല സിനിമയുടെ കഥ!

എങ്കിലും വിമർശനാത്മകമായ ആത്മപരിശോധന നടത്തുമ്പോൾ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ പോരായ്മകൾ പലതും ബോധ്യപ്പെടും. ഏറ്റവും പ്രധാനം, ജനകീയാടിത്തറയുള്ള ഒരു പ്രസ്ഥാനമായി വളർന്ന് അതിന്റെ ചരിത്രദൗത്യ നിർവഹണം പൂർത്തിയാക്കാൻ സാധിക്കാതെപോയി എന്നുള്ളതാണ്. റോട്ടറി-ലയൺസ് ക്ലബ്ബുകൾ പോലെ നഗരത്തിലെ ബുദ്ധിജീവി-താടി-സഞ്ചി-ജാഡകളുടെ ഒരു ഭാഗമായിത്തീരരുത് ഈ പ്രസ്ഥാനം. ചലച്ചിത്രവ്യവസായത്തിന്റെ വിതരണശൃംഖലയിൽ നിന്ന് ലഭിക്കുന്ന സിനിമകളിൽ ഏറിയപങ്കും, മനുഷ്യരെ അവരുടെ യഥാർഥാവസ്ഥയിൽ നിന്ന് അന്യവത്കരിക്കുന്നവയാണ്. അതിനെതിരെ പ്രതിരോധനിര സൃഷ്ടിച്ചുകൊണ്ട് ഗുണപരമായ ഒരു മാറ്റത്തിനുതകുന്ന പ്രവർത്തന ശൈലി, ഫിലിം സൊസൈറ്റികൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതുണ്ട്. ജനങ്ങളെ നോക്കുക, അവരിലേക്കു കടന്നു ചെല്ലുക.

സത്യജിത് റായിയും ചിദാനന്ദദാസ് ഗുപ്തയും കൊൽക്കത്താ ഫിലിം സൊസൈറ്റി ആരംഭിച്ചത് മറ്റൊരു ഉദ്ദേശ്യത്തോടെയാണ്. ലോകസിനിമയിൽ നടക്കുന്ന പരീക്ഷണങ്ങൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനുമാണ് കൊൽക്കത്താ ഫിലിം സൊസൈറ്റി യത്നിച്ചത്. ചിത്രങ്ങൾ കാണുക, ചർച്ചകൾ സംഘടിപ്പിക്കുക, മാസിക ഇറക്കുക എന്നിവയായിരുന്നു അവർ ചെയ്തത്.



ഘട്ടക് ജുക്തി താപ്പോ ഓർ ഗാപ്പോയിൽ

യാതൊരു നാട്യങ്ങളുമില്ലാതെ അവരുടെ ഹൃദയത്തെ തൊട്ടുകൊണ്ട് ചലച്ചിത്രത്തിന്റെ ഉത്തമമാതൃകകളിലൂടെ അവരോട് സംവദിക്കുക. അതായിരിക്കട്ടെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ അടുത്ത പ്രവർത്തന ലക്ഷ്യം.

കൊൽക്കത്താ ഫിലിം സൊസൈറ്റിയാണ് ഇന്ത്യയിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിനു നേതൃത്വം നൽകിയതെങ്കിലും അതിനു വളരെ മുൻപുതന്നെ ബോംബെയിൽ ഒരു ഫിലിം സൊസൈറ്റി ആരംഭിച്ചുകഴിഞ്ഞിരുന്നു. അന്ന് ഇന്ത്യൻ സിനിമയുടെ തലസ്ഥാനം ബോംബെ ആയിരുന്നു. 1937 ഏപ്രിൽ 22 ന് 'ഇല്ലസ്ട്രേറ്റഡ് വീക്കിലി'യുടെ അന്നത്തെ പത്രാധിപരായിരുന്ന സ്റ്റാൻലി ജപ്സൺന്റെ നേതൃത്വത്തിൽ അമചർ സിനി സൊസൈറ്റി ഓഫ് ഇന്ത്യ സ്ഥാപിക്കപ്പെട്ടു. ഈ സൊസൈറ്റി അമചർ സിനിമകൾ നിർമിക്കാൻ അതിന്റെ അംഗങ്ങളെ ആഹ്വാനം ചെയ്തു. സിനിമകൾ കാണിക്കുന്നതിനു പുറമെ ചെറു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, സിനിമാ മാധ്യമത്തെക്കുറിച്ച് ബ്രോഷറുകൾ ഇറക്കുക, പ്രഭാഷണങ്ങൾ നടത്തുക, ഒരു ഫിലിം ലൈബ്രറി സംഘടിപ്പിക്കുക എന്നിവയായിരുന്നു സൊസൈറ്റിയുടെ ഉദ്ദേശ്യം. *ദി ലോക്കൽ പാമ്പർ* എന്ന ചിത്രമാണ് ആദ്യമായി അവർ പുറത്തിറക്കിയത്. മറ്റു പലരും പിന്നീട് ചിത്രങ്ങളെടുത്തു. 1939 ൽ ഒരു അമചർ ഫെസ്റ്റിവൽ സംഘടിപ്പിക്കുവാൻ സംഘടന തീരുമാനിച്ചെങ്കിലും ലോകമഹായുദ്ധം കാരണം അതിന്റെ പ്രവർത്തനങ്ങൾ നിർത്തിവച്ചു. പിന്നീട്, 1949 ലാണ് ബോംബെയിൽ ഒരു ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചത്.

1942 ൽ രണ്ടാമത്തെ ഫിലിം സൊസൈറ്റി ബോംബെയിൽത്തന്നെ ആരംഭിച്ചു. പേര് ബോംബെ ഫിലിം സൊസൈറ്റി എന്നായിരുന്നു. ഇതിന്റെ രൂപീകരണത്തിനുവേണ്ടി മുന്നിട്ടിറങ്ങിയ ജഗ്മോഹനും കൂട്ടരും ലഘുചിത്രങ്ങൾ നിർമിക്കുന്നവരായിരുന്നു. ആദ്യത്തെ ഫിലിം സൊസൈറ്റി അമേചർമാർ മാത്രം ചേർന്നാണ് രൂപീകരിച്ചതെങ്കിൽ രണ്ടാമത്തേത് പ്രൊഫഷണലുകൾ ചേർന്നാണ് സംഘടിപ്പിച്ചതെന്നത് ഏറെ ശ്രദ്ധേയമാണ്. ഫിലിം ഫോറവും ബോംബെയിൽ പ്രവർത്തിച്ചു.

1947 ന് മുമ്പുതന്നെ ബോംബെക്കു പുറമെ അഹമ്മദാബാദ്, ലക്നൗ, ആഗ്ര എന്നീ സ്ഥലങ്ങളിലും ഫിലിം സൊസൈറ്റികളുണ്ടായിരുന്നു. ഫിലിം സൊസൈറ്റികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളൊക്കെ ഇവയ്ക്കുണ്ടായിരുന്നുവെങ്കിലും കാര്യമായ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് ഫിലിം ടെക്നിക്കുകൾ മനസ്സിലാക്കുവാനും പറ്റുമെങ്കിൽ അമേചർ ഡോക്കുമെന്ററി സിനിമകൾ നിർമിക്കാനുമായിരുന്നു.

സത്യജിത് റായിയും ചിദാനന്ദദാസ് ഗുപ്തയും കൊൽക്കത്താ ഫിലിം സൊസൈറ്റി ആരംഭിച്ചത് മറ്റൊരു ഉദ്ദേശ്യത്തോടെയാണ്. ലോകസിനിമയിൽ നടക്കുന്ന പരീക്ഷണങ്ങൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനുമാണ് കൊൽക്കത്താ ഫിലിം സൊസൈറ്റി യത്നിച്ചത്. ചിത്രങ്ങൾ കാണുക, ചർച്ചകൾ സംഘടിപ്പിക്കുക, മാസിക ഇറക്കുക എന്നിവയായിരുന്നു അവർ ചെയ്തത്. റെനോയർ, പുഡോവ്കിൻ തുടങ്ങി ലോകപ്രശസ്തരായ സംവിധായകരെക്കൂടി തങ്ങളുടെ ഇടയിലേക്ക് ചർച്ചയ്ക്ക് ഇവർ വിളിച്ചു. ആ ചർച്ചകളിലൂടെ അംഗങ്ങൾക്ക് ഗൗരവപൂർവമായ സിനിമയിൽ താത്പര്യം ജനിക്കുവനും ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ പ്രസക്തി എന്താണെന്ന് മനസ്സിലാക്കുവാനും കഴിഞ്ഞു.

1952 ൽ ഇന്ത്യയിലെ ആദ്യത്തെ ഫിലിം ഫെസ്റ്റിവൽ അരങ്ങേറിയപ്പോൾ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ കഴിവുകളെപ്പറ്റി ബുദ്ധിജീവികൾക്ക് ബോധ്യം വന്നു. ഫിലിം സൊസൈറ്റികൾ വർഷങ്ങൾക്കു മുൻപ് ആരംഭിച്ച യത്നങ്ങളുടെ ഒരു എക്സ്റ്റൻഷനാണ് ചലച്ചിത്രോത്സവം.


കൊൽക്കത്താ ഫിലിം സൊസൈറ്റി അടച്ചുപൂട്ടിയെങ്കിലും *പഥേർ പാഞ്ചാലി*യുടെ റിലീസിനുശേഷം അഞ്ചു വർഷം കഴിഞ്ഞ് വീണ്ടും സൊസൈറ്റി പ്രവർത്തനം തുടങ്ങി. ഈ സമയത്ത് (1956-57) മദ്രാസിലെ മദ്രാസ്

ഫിലിം സൊസൈറ്റി, ബോംബെയിലെ ആനന്ദം ഫിലിം സൊസൈറ്റി, യു.പിയിലെ റൂർക്കി ഫിലിം സൊസൈറ്റി എന്നിവ നിലവിൽ വന്നു. 1959 ൽ ഡൽഹി ഫിലിം സൊസൈറ്റി നിലവിൽ വന്നു. ഈ ഫിലിം സൊസൈറ്റികൾ പല പ്രകാരത്തിലുള്ള പ്രശ്നങ്ങളെ നേരിട്ടു. സെൻസർഷിപ്പ് പ്രശ്നങ്ങൾ, സിനിമാ പ്രദർശനത്തിനുള്ള ഹാളുകൾ കിട്ടാനുള്ള പ്രയാസം, ഓരോ സൊസൈറ്റികൾക്കും പ്രശ്നങ്ങൾ സ്വയമേവ നേരിടേണ്ടിവരുന്നു.

അപ്പോഴാണ് സൊസൈറ്റികളുടെ പൊതുവായ പ്രശ്നങ്ങൾ പൊതുവായി നേരിടാനും പ്രസ്ഥാനത്തിന്റെ പൊതുവായ വളർച്ചയ്ക്കും ഒരു കേന്ദ്രസംഘടന വേണമെന്ന ആവശ്യം ഉയർന്നുപൊങ്ങിയത്. 1956 ൽ ഡൽഹിയിൽ അഞ്ച് ഫിലിം സൊസൈറ്റികൾ സംഘടിക്കുകയും ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് രൂപീകരിക്കുകയും ചെയ്തു. സത്യജിത് റായ് ആയിരുന്നു അന്നുമുതൽ മരിക്കുന്നതുവരെ പ്രസിഡന്റ്.

കാലക്രമേണ നടിന്റെ നാനാഭാഗങ്ങളിൽ ഫിലിം സൊസൈറ്റികളുണ്ടാകാൻ തുടങ്ങി. 1959 ൽ ഫെഡറേഷനിൽ 17 സൊസൈറ്റികൾ മാത്രമുണ്ടായിരുന്നത് 1970 ൽ 150 ആയി ഉയർന്നു. ഓരോ പ്രധാന നഗരത്തിലും ഒരു ഫിലിം സൊസൈറ്റി നിലവിൽ വന്നു. കേന്ദ്ര സർക്കാരിനെപ്പോലെ പല സംസ്ഥാന സർക്കാരുകളും ഫിലിം സൊസൈറ്റി പ്രദർശിപ്പിക്കുന്ന ചിത്രങ്ങളെ വിനോദനികുതിയിൽ നിന്ന് ഒഴിവാക്കി.

ന്യൂഡൽഹി ഫിലിം സൊസൈറ്റി ചിത്രങ്ങൾ പ്രദർശിപ്പിക്കുമ്പോൾ അന്തരിച്ച പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പലപ്പോഴും ചിത്രങ്ങൾ കാണാൻ ചെന്നിരുന്നു. അതിനുപുറമെ അവർ ഫെഡറേഷന്റെ വൈസ് പ്രസിഡന്റായി സേവനവുമനുഷ്ഠിച്ചു. സർക്കാരിന്റെ ഭാഗത്തുനിന്ന് ഫിലിം സൊസൈറ്റികൾക്ക് സഹായം ലഭിക്കാൻ ഇതു കാരണമായി. ഫിലിം ആർക്കൈവ്സ്, സൊസൈറ്റികൾക്ക് സിനിമകൾ നൽകാൻ തുടങ്ങി. ഇതൊക്കെ ഫിലിം സൊസൈറ്റി അംഗങ്ങളുടെ എണ്ണം വർധിപ്പിച്ചു.



ചിദാനന്ദദാസ് ഗുപ്ത



**ജോൺ ഏബ്രഹാമും സിനിമാനിരൂപകനായ അമൃത് ഗാംഗറും 'അമ്മ അറിയാൻ' ആദ്യപ്രദർശനത്തിന് മുമ്പ്**

കേരളം ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിനു വേരുപിടിച്ച് വളരുന്നതിന് പറ്റിയ സ്ഥലമായിരുന്നു. കേരളാ ഗവൺമെന്റ് ഫിലിം സൊസൈറ്റി പ്രദർശനങ്ങളെ വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ചിലയിടങ്ങളിലെങ്കിലും തിയേറ്ററുകൾ സ്ഥാപിച്ചതും ഫിലിം സൊസൈറ്റി പ്രസ്ഥാനം തഴച്ചുവളരുന്നതിന് കാരണമായിട്ടുണ്ട്. ഇന്ന് ഇന്ത്യയിൽ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസിന് സംസ്ഥാനതലത്തിൽ ആസ്ഥാനമുള്ളത് കേരളത്തിൽ മാത്രമാണ്.

ഫിലിം സൊസൈറ്റികളുമായി ബന്ധപ്പെട്ട പ്രസിദ്ധരായ ചലച്ചിത്ര പ്രവർത്തകരിൽ കെ.എ. അബ്ബാസ്, സതീഷ് ബഹദൂർ, ബസു ചാറ്റർജി, ബസു ഭട്ടാചാര്യ, സത്യജിത് റായ്, മൃണാൾ സെൻ, ചിദാനന്ദദാസ് ഗുപ്ത, ശ്യാം ബെനഗൽ, അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, പത്മരാജൻ എന്നിവർ ഉൾപ്പെട്ടിരുന്നു.

തെക്കേ ഇന്ത്യയിലെ ഫിലിം സൊസൈറ്റി പ്രവർത്തനങ്ങളുടെ കേന്ദ്രം മദ്രാസ് ആയിരുന്നു. പക്ഷേ, പെട്ടെന്ന് അത് കേരളത്തിലേക്കു മാറ്റപ്പെട്ടു. കേരളം ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിനു വേരുപിടിച്ച് വളരുന്നതിന് പറ്റിയ സ്ഥലമായിരുന്നു. കേരളാ ഗവൺമെന്റ് ഫിലിം സൊസൈറ്റി പ്രദർശനങ്ങളെ വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ചിലയിടങ്ങളിലെങ്കിലും തിയേറ്ററുകൾ സ്ഥാപിച്ചതും ഫിലിം സൊസൈറ്റി പ്രസ്ഥാനം തഴച്ചുവളരുന്നതിന് കാരണമായിട്ടുണ്ട്. ഇന്ന് ഇന്ത്യയിൽ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസിന് സംസ്ഥാനതലത്തിൽ ആസ്ഥാനമുള്ളത് കേരളത്തിൽ മാത്രമാണ്.

പ്രസ്ഥാനത്തിന്റെ സ്വാധീനം പ്രാദേശിക സിനിമകളുടെ വികാസത്തിൽ പ്രകടമായി കണ്ട ഒരു കാലമുണ്ടായിരുന്നു. നല്ല സിനിമയ്ക്കുവേണ്ടി വാദിക്കുന്ന ഒരു വലിയ വിഭാഗത്തെ വിവിധ ജീവിതത്തുറകളിൽ നിന്ന് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് ഇന്ത്യയിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് തീർച്ചയായും അഭിമാനിക്കാം. ■

എം.സി. രാജനാരായണൻ




# മലയാളത്തിന്റെ ദീപ്തനക്ഷത്രങ്ങൾ

മികച്ച സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം - സ്വർണപ്പതക്കം - ആദ്യമായി മലയാളത്തിന് ലഭിച്ചത് രാമു കാര്യാട്ട് സംവിധാനം ചെയ്ത വർണചിത്രം *ചെമ്മീനി*(1965)ലൂടെയാണ്. തകഴി ശിവശങ്കരപ്പിള്ളയുടെ അതേ പേരിലുള്ള വിഖ്യാതമായ നോവലിന്റെ ചലച്ചിത്ര ഭാഷ്യമാണിത്. മലയാള സിനിമയിലെ മുൻനിര താരങ്ങളായിരുന്ന സത്യൻ, ഷീല, കൊട്ടാരക്കര ശ്രീധരൻനായർ, മധു, എസ്.പി. പിള്ള തുടങ്ങിയവർ അണിനിരന്ന ചിത്രത്തിന്റെ അണിയറയിൽ പ്രവർത്തിച്ചത് ഇന്ത്യൻ സിനിമയിലെ അക്കാലത്തെ പ്രമുഖരായ സാങ്കേതിക വിദഗ്ധരായിരുന്നുവെന്നത് ഇക്കാര്യത്തിൽ *ചെമ്മീൻ* ഒരു തുടക്കം കുറിച്ചതിനു കാരണമായി.

മാർക്കസ് ബട്‌ലി (ഛായാഗ്രഹണം), സലിൽ ചൗധരി (സംഗീതം) ഋഷികേശ് മുഖർജി (ചിത്രസംയോജനം), മന്നാഡെ (ഗാനം) എന്നിവർ ഒന്നിച്ചത് മലയാള സിനിമയിൽ വലിയൊരു പ്രവണതയ്ക്ക് നാന്ദികുറിച്ചു. പിൽക്കാലത്ത് ഉത്തരേന്ത്യയിൽ നിന്ന് നിരവധി സാങ്കേതിക വിദഗ്ധരും സംഗീത സംവിധായകരും മലയാളത്തിലെത്തുകയുണ്ടായി. സാക്ഷാൽ ലതാ മങ്കേഷ്കർ അടക്കം.

'മാനസമൈനേ വരൂ...', 'കടലിനക്കരെ പോണോരെ...' തുടങ്ങിയ *ചെമ്മീനി*ലെ ഗാനങ്ങൾ മലയാള മനസ്സിൽ ചിരപ്രതിഷ്ഠ നേടിയവയാണ്. കലാപരമായും വാണിജ്യപരമായും വൻ വിജയം നേടിയതാണ് 'ചെമ്മീൻ' എന്ന പടത്തിന്റെ മറ്റൊരു സവിശേഷത. പ്രദർശനശാലകൾ നിറഞ്ഞ് ആഴ്ചകളും മാസങ്ങളും ഓടിക്കൊണ്ട് ചരിത്രം തിരുത്തിക്കുറിക്കുവാൻ ചെമ്മീന് കഴിഞ്ഞിരുന്നു. കാമുകന്റെ ഭാഗം ആഭിനയിച്ച മധുവിന് വൻ താരപരിവേഷം കൈവരുകയും ചെയ്തു. നിർമാതാവായ കൺമണി ബാബുവിന്റെ ആദ്യ ചിത്രമായിരുന്നു *ചെമ്മീൻ.*

## അടൂരും എംടിയും

മലയാള സിനിമയ്ക്ക് രാജ്യാന്തര പ്രശസ്തിയും അംഗീകാരവും അവാർഡുകളും നേടിക്കൊടുത്ത അടൂർ ഗോപാലകൃഷ്ണൻ സാക്ഷാത്കരിച്ച രണ്ടു ചിത്രങ്ങൾക്ക് മികച്ച സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ട്. അടൂരിന്റെ ആദ്യചിത്രമായ *സ്വയംവരം* (1972), *കഥാപുരുഷൻ* (1995) എന്നിവ. യഥാതഥമായ ചിത്രീകരണം കൊണ്ടു ശ്രദ്ധനേടിയ *സ്വയംവരം* കാലിക പ്രശസ്തിയുള്ള വിഷയമാണ് അവതരിപ്പിക്കുന്നത്. പ്രണയവും ഒളിച്ചോട്ടവും തൊഴിലന്വേഷണവും തൊഴിൽ നഷ്ടപ്പെടുന്നതുമായ പരുക്കൻ ജീവിത യാഥാർഥ്യങ്ങളാണ് *സ്വയംവരം* അനാവരണം ചെയ്യുന്നത്. വാതിലിൽ മുട്ടു കേൾക്കുമ്പോൾ അത് തുറക്കണമോ വേണ്ടയോ എന്നു സംശയിക്കുന്ന നായികയിലാണ് പടം അവസാനിക്കുന്നത്. പടത്തിന്റെ 'തുറന്ന അന്ത്യം' ഏറെ പ്രകീർത്തിക്കപ്പെട്ടിരുന്നു. മധുവും ശാരദയുമാണ് പ്രധാന ഭാഗങ്ങളിൽ അഭിനയിച്ചത്. അടൂർ ചിത്രങ്ങളുടെ സ്ഥിരം ക്യാമറാമാനായി മാറിയ മങ്കട രവിവർമയാണ് *സ്വയംവര*ത്തിൽ ഛായാഗ്രഹണം നിർവഹിച്ചത്.

*കഥാപുരുഷനി*ലെത്തുമ്പോൾ അടൂർ സ്വന്തം ശൈലിയും അവതരണരീതിയും കണ്ടെത്തിയിരുന്നു. വലിയ താരങ്ങളുടെ അഭാവമാണ് *കഥാപുരുഷന്റെ* പ്രത്യേകത. കാലങ്ങളിലൂടെയുള്ള ഒരു പ്രയാണമാണ് കഥ. അണിയറയിൽ മങ്കട രവിവർമ യടക്കമുള്ള അടൂരിന്റെ സ്ഥിരം ടീം തന്നെ പ്രവർത്തിച്ചു. ശക്തമായ അവതരണത്തിന്റെ സഫലതയാണ് *കഥാപുരുഷൻ.*

എം.ടി. വാസുദേവൻ നായർ തിരക്കഥയെഴുതി സംവിധാനം ചെയ്ത *നിർമാല്യം* (1973) മൂന്നാം തവണ മികച്ച സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം മലയാളത്തിലെത്തിച്ച പടമാണ്. മികച്ച നടനുള്ള ഭരത് അവാർഡ് പി.ജെ. ആന്റണി കരസ്ഥമാക്കി. വെളിച്ചപ്പാടിന്റെ ഭാഗം അദ്ദേഹം കരുത്തുറ്റതാക്കി. സമൂഹത്തിലെ മാറ്റങ്ങളും വ്യക്തിജീവിതത്തിലെ വിപര്യയങ്ങളും നിർമാല്യത്തിൽ തെളിയുന്നു. ഭാരതപ്പുഴയുടെ തീരങ്ങളിലായാണ് *നിർമാല്യം* ചിത്രീകരിച്ചത്. പൂണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകാരനായ രാമചന്ദ്രബാബു കാമറ കൈകാര്യം ചെയ്തു. സെറ്റിനുപകരം ക്ഷേത്രത്തിലെ സീനുകൾ അടക്കം യഥാർഥ പരിസരങ്ങളിൽ ചിത്രീകരിച്ച പടവുമാണ് *നിർമാല്യം.* അവസാനത്തെ ഉത്സവവും വെളിച്ചപ്പാടിന്റെ ആത്മബലിയും അനുപമമായാണ് എം.ടി. ഒരുക്കിയത്. വെളിച്ചപ്പാട്

ഉറഞ്ഞുതുള്ളി ഉള്ളിലെ വേദനയത്രയും പുറത്തെടുത്ത് ചോരതുപ്പുന്നത് പ്രതിഷേധവും പ്രതിരോധവും എല്ലാം ചേർന്നൊരു നിമിഷത്തിലാണ്.

അടൂരും എം.ടിയും ആദ്യ ചിത്രങ്ങൾ കൊണ്ടുതന്നെ മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയിരുന്നെങ്കിൽ അവസാനകാലത്താണ് ജി. അരവിന്ദൻ *ചിദംബരം* എന്ന ചിത്രത്തിന് ഏറ്റവും മികച്ച സിനിമയ്ക്കുള്ള സ്വർണമെഡൽ നേടിയത്. അതിനു മുമ്പ് പലതവണ (*കാഞ്ചന സീത, തമ്പ്, ഒരിടത്ത്, പോക്കുവെയിൽ*) മികച്ച സംവിധായകനുള്ള ദേശീയ പുരസ്കാരം ജി. അരവിന്ദന് ലഭിച്ചിരുന്നു.

പ്രശസ്ത കഥാകൃത്ത് സി.വി. ശ്രീരാമന്റെ കഥയായ *ചിദംബര*മാണ് അരവിന്ദന്റെ ചിത്രത്തിനാധാരം. ഗോപിക്കും ശ്രീനിവാസനുമൊപ്പം അഭിനിയിച്ചത് വിശ്രുത അഭിനേത്രി സ്മിതാ പാട്ടീലാണ്. കഥാകൃത്ത് കഥയിൽ പറയുന്ന സ്ഥലങ്ങളിൽ വെച്ചു തന്നെയാണ് അരവിന്ദൻ പടത്തിന്റെ ചിത്രീകരണം നടത്തിയിരുന്നത്. അങ്ങനെ കഥയുടെ മൊഴിമാറ്റത്തിൽ പടത്തിന് ആധികാരികത കൈവരിക്കാൻ കഴിഞ്ഞു. സ്നേഹത്തിന്റെയും രതിയുടെയും വിശ്വാസവഞ്ചനയുടെയും പ്രമേയത്തിന്റെ അനിതര സാധാരണമായ ആവിഷ്കാരമാണ് *ചിദംബരം.*

## പിറവിക്കുശേഷം

അരവിന്ദന്റെ സ്ഥിരം ക്യാമറാമാനായിരുന്ന ഷാജി എൻ. കരുൺ സ്വന്തമായി സംവിധാനം നിർവഹിച്ച പ്രഥമ ചിത്രം *പിറവി* (1988) *ചിദംബര*ത്തിനു ശേഷം മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയ ചിത്രമാണ്. പുത്രന്റെ തിരോധാനത്തെക്കുറിച്ച് ആകുലചിത്തനായി അന്വേഷിക്കുന്ന പിതാവിന്റെ ഭാഗം അനശ്വരമാക്കിയ പ്രേംജിക്ക് മികച്ച അഭിനേതാവിനുള്ള പുരസ്കാരവും *പിറവി*യിലൂടെ ലഭിച്ചു. പ്രസിദ്ധമായ 'രാജൻ' സംഭവത്തോട് കൂട്ടിവായിക്കാവുന്ന കഥയാണ് എസ്. ജയചന്ദ്രൻ നായർ എഴുതിയ പിറവിയുടേത്. അത് ഷാജി അവിസ്മരണീയമായ ഒരു ചലച്ചിത്രാനുഭവമാക്കുകയും ചെയ്തു. ഒരു കലാസൃഷ്ടിയെന്ന നിലയിൽ അനുപമമായ ശക്തിസൗന്ദര്യങ്ങൾ പീലി വിടർത്തുന്ന രചനതന്നെയാണ് *പിറവി.* ക്യാമറ സണ്ണി ജോസഫിന്റേതാണ്. 1989 ൽ വിഖ്യാതമായ കാൻ ചലച്ചിത്രോത്സവത്തിൽ കാമറഡിഓർ പുരസ്കാരം നേടി അന്താരാഷ്ട്ര ശ്രദ്ധയാർജിച്ചു.



കഥാപുരുഷൻ



ഷാജി എൻ. കരുൺ *വാനപ്രസ്ഥ*ത്തിലൂടെ രണ്ടാം തവണയും *കുട്ടി സ്രാങ്കി*ലൂടെ മൂന്നാം തവണയും മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടി. *വാനപ്രസ്ഥ*ത്തിൽ കഥകളി നടനായി പ്രത്യക്ഷപ്പെട്ട മോഹൻലാലിന് മികച്ച നടനുള്ള അവാർഡ് ലഭിച്ചു. ചവിട്ടുനാടകവും ബോട്ടു ജീവിതവും തെളിയുന്ന *കുട്ടിസ്രാങ്ക്* സാംസ്കാരികത്തനിമ തെളിയുന്ന സൃഷ്ടിയാണ്. യാഥാർഥ്യവും സ്വപ്നവും സങ്കൽപ്പവും ഭ്രമകല്പനകളും എല്ലാം ചേരുന്നൊരു ചിത്രമാണിത്. പലർക്കും പലതാണ് കുട്ടിസ്രാങ്ക്. അയാൾ ആരെന്ന് ആർക്കുംതന്നെ നിർവചിക്കാനാവുന്നില്ല. മമ്മൂട്ടിയാണ് കുട്ടിസ്രാങ്കായി അഭിനയിച്ചത്.

ജയരാജ് സംവിധാനം ചെയ്ത *ദേശാടനം, കളിയാട്ടം* തുടങ്ങിയ ചിത്രങ്ങൾ ദേശീയശ്രദ്ധനേടിയെങ്കിലും മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടിയത് *ശാന്തം* എന്ന ചിത്രമാണ്. രാഷ്ട്രീയവും രാഷ്ട്രീയ കൊലപാതകവും പശ്ചാത്തലമായ ചലച്ചിത്രമാണ് *ശാന്തം.* പ്രശസ്ത ഫുട്ബോൾ താരം ഐ.എം. വിജയൻ ഒരു അഭിനേതാവായ ചിത്രം കൂടിയാണിത്.

നാടകരംഗത്തുനിന്ന് സിനിമയിലെത്തിയ പ്രിയനന്ദനൻ സംവിധാനം ചെയ്ത *പുലിജന്മം* 2007 ലാണ് ദേശീയ പുരസ്കാരം നേടിയത്. മിത്തും സത്യവും കൂടിക്കലരുന്നതാണ് വ്യത്യസ്തമായ അവതരണം. പുലിയായി മാറിയ വ്യക്തി വീണ്ടും മനുഷ്യനാകാനാവാതെ അലയുന്നു. പ്രതീകാത്മകമായ കഥാപാത്രത്തെ അഭിനയമികവിൽ പൂർണമാക്കുകയാണ് മുരളി.

അടുത്ത് വീണ്ടും മലയാള സിനിമ ദേശീയതലത്തിൽ സമ്മാനിതമായി ശ്രദ്ധ നേടിയത് സലിം അഹമ്മദ് സംവിധാനം ചെയ്ത *ആദാമിന്റെ മകൻ അബു* (2010) എന്ന ചിത്രത്തിലൂടെയാണ്. കേന്ദ്ര കഥാപാത്രമായി അഭിനയിച്ച സലിം കുമാർ മികച്ച നടനുള്ള അവാർഡും കരസ്ഥമാക്കി. ഛായാഗ്രഹണം മധു അമ്പാട്ടിന്റേതാണ്. ഹജ്ജിനു പോകുകയെന്നത് ജീവിതലക്ഷ്യമായിക്കരുതി അതിനായി യത്നിക്കുന്ന അബു പിറവിയിലെ പിതാവിനെപ്പോലെ തന്നെ ശ്രദ്ധേയനാണ്.

ദാദാസാഹിബ് ഫാൽക്കെ പുരസ്കാര ജേതാവായ അടൂർ ഗോപാലകൃഷ്ണൻ മികച്ച സംവിധായകനുള്ള അവാർഡ് നിരവധി തവണ നേടിയിട്ടുണ്ട്. സത്യജിത് റായ്ക്കു ശേഷം ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് നേടിയ ഇന്ത്യൻ സംവിധായകൻ അടൂർ മാത്രം. ചലച്ചിത്ര നിരൂപകരുടെ ലോകസംഘടനയായ ഫിപ്രെസി പുരസ്കാരം കൂടുതൽ തവണ നേടിയ ഇന്ത്യൻ സംവിധായകനും അടൂർ ഗോപാലകൃഷ്ണൻ തന്നെയാണ്. വിദേശ മേളകളിൽ നിന്നാണ് അദ്ദേഹത്തിന് ഫിപ്രെസി അവാർഡ് ലഭിച്ചത്. ■



ആദാമിന്റെ മകൻ അബു

** മികച്ച സിനിമാ നിരൂപകനുള്ള ദേശീയ പുരസ്കാരം (സ്വർണകമൽ) നേടിയ ആദ്യ മലയാളി സിനിമാ നിരൂപകനാണ് ലേഖകൻ.*

കെ.ജി. രവി



# ജനപങ്കാളിത്തത്തിന്റെ പ്രവർത്തന ശൈലി ആദരിക്കപ്പെട്ടപ്പോൾ

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ ജനസമ്പർക്കപരിപാടിയും ഐക്യരാഷ്ട്ര സംഘടന പൊതു സേവനത്തിന് നൽകുന്ന ഉന്നത അവാർഡിന് അർഹനായെന്ന വാർത്ത ഭാരതീയരെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനകരമാണ്. ലോകരാജ്യങ്ങളെ അഞ്ചു മേഖലകളായി തിരിച്ചു നൽകുന്ന അവാർഡിൽ ഏഷ്യ-പസഫിക് മേഖലയിൽ ദക്ഷിണ കൊറിയയെ രണ്ടാം സ്ഥാനത്തേക്കു തള്ളിയാണ് ജനസമ്പർക്കപരിപാടി ഒന്നാം സ്ഥാനത്തെത്തിയത്.









ഐക്യരാഷ്ട്രസഭ അണ്ടർ സെക്രട്ടറി ജനറൽ വു ഹോങ്ബോയിൽ നിന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പുരസ്കാരം ഏറ്റുവാങ്ങുന്നു

ലോകത്തിലെ ഒരു രാഷ്ട്രീയ നേതാവിനും ഇതുവരെ നടത്താൻ കഴിയാത്ത ഒന്നായിരുന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നടത്തിയ ജനസമ്പർക്കപരിപാടിയെന്നാണ് ഐക്യരാഷ്ട്രസംഘടനയുടെ വിലയിരുത്തൽ. ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള യു.എൻ.ഡി.പി. ജനസമ്പർക്കപരിപാടി ഉൾപ്പെടെയുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ ഇവിടെ എത്തിയിരുന്നു.

ഭരണ രംഗത്തും മാനവവിഭവശേഷി വികസന മേഖലയിലും ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടു നടപ്പാക്കിയ നൂതനമായ പ്രവർത്തനശൈലി ലോകത്തിനുതന്നെ മാതൃകയായി മാറിയതിന്റെ തെളിവാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ തേടിയെത്തിയ ഈ ബഹുമതി. ജനപക്ഷത്തുനിന്നുള്ള ഈ നടപടിയെ രാഷ്ട്രീയ-സാംസ്കാ








രിക മേഖലകളിൽ നിന്നുള്ള പ്രമുഖർ പ്രശംസിക്കുകയുണ്ടായി.

വലിയ മനസ്സും തെളിഞ്ഞ ബുദ്ധിയും ഒരുപാടു സഹാനുഭൂതിയും ആരോഗ്യവുമുള്ള ഒരു വിശിഷ്ടവ്യക്തിക്കു മാത്രം ചെയ്യാൻ കഴിയുന്ന ദുഷ്കരകർമം എന്നാണ് ജനസമ്പർക്കപരിപാടിയെപ്പറ്റി പ്രശസ്ത കവയിത്രിയും സാമൂഹികപ്രവർത്തകയുമായ സുഗതകുമാരി വിലയിരുത്തിയത്. വ്യക്തികളുടെയും കുടുംബങ്ങളുടെയും സാമൂഹത്തിന്റെയും സങ്കടങ്ങളും പ്രശ്നങ്ങളും അവർക്കിടയിൽച്ചെന്നു ചോദിച്ചറിഞ്ഞ് അതിനൊക്കെ അപ്പപ്പോൾ പരിഹാരം കണ്ടെത്തുന്ന മുഖ്യമന്ത്രി ഒരു വിസ്മയമാണെന്നാണ് പ്രശസ്ത സാഹിത്യകാരനായ പെരുമ്പടവം ശ്രീധരൻ വിലയിരുത്തിയത്. സ്വതന്ത്ര ഇന്ത്യയിൽ ഒരു പക്ഷേ ആദ്യമായിത്തന്നെയാണ് ഇങ്ങനെ ഒരു ജനസമ്പർക്കപരിപാടി നടത്തിയതെന്നും ഇതിന് തുടക്കം കുറിച്ച മുഖ്യമന്ത്രി പ്രത്യേക ആദരവിന് അർഹനാണെന്നും ഉജ്ജ്വലമായ ഭരണമാതൃകയുടെ പ്രയോക്താവെന്ന നിലയിൽ അദ്ദേഹം നയിക്കുന്ന ജനകീയ സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നതായും ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ജനസമ്പർക്കപരിപാടി വഴി സംസ്ഥാനത്തൊട്ടാകെ 5.5 ലക്ഷം അപേക്ഷകളാണ് മുഖ്യമന്ത്രിക്കു ലഭിച്ചത്. ഇതിൽ മൂന്നു ലക്ഷത്തോളം പരാതികളിലും അദ്ദേഹം നേരിട്ടുതന്നെ തീർപ്പുകൽപ്പിക്കുകയും അതുവഴി 22.68 കോടി രൂപയുടെ സഹായധനം അപ്പോൾത്തന്നെ അനുവദിക്കുകയും ചെയ്തിരുന്നു. ബാക്കി അപേക്ഷകൾ പരിശോധിച്ച് വേഗം തീർപ്പു കൽപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും അവലോകന സമിതിക്ക് രൂപം നൽകുകയും ചെയ്തു. ഇതൊക്കെ യു.എൻ. വിദഗ്ധസമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്കും വിലയിരുത്തലിനും വിധേയമായ ശേഷമാണ് അവാർഡ് പ്രഖ്യാപിച്ചത്. ഏഷ്യൻ-പസഫിക് മേഖലകളിൽ 50 രാജ്യങ്ങൾ പുരസ്കാര പരിഗണനയിലുണ്ടായിരുന്നു.

മുഖ്യമന്ത്രിയുടെ ഓഫീസിനോടു ചേർന്ന് ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററും അഴിമതിക്കെതിരായ പോരാട്ടത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ വെബ്സൈറ്റിൽ ഒരുക്കിയിരിക്കുന്ന വിസിൽ ബ്ലോവർ സംവിധാനവും യു.എൻ. നിരീക്ഷകരിൽ മതിപ്പുളവാക്കിയിരുന്നു. അതുപോലെ, സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരെ ഉൾപ്പെടുത്തി സർവതലസ്പർശിയായി വികസനസമീപനത്തിന്റെയും പൊതുദർശനത്തിന്റെയും ഭാഗമായിട്ടുള്ള വിഷൻ 2030 എന്ന പദ്ധതിയും ഏറെ ശ്രദ്ധിക്കപ്പെട്ടു.

ആയിരക്കണക്കിന് ജനങ്ങളാണ് ഓരോ ജില്ലയിലും മുഖ്യമന്ത്രിയുടെ കാരുണ്യം തേടി എത്തിയിരുന്നത്. സുഖമില്ലാത്തവരെയും കൈകാലുകൾ തളർന്നവരെയും അപകടത്തിൽപ്പെട്ട് അവശരായവരെയും കൊണ്ടുവന്ന വാഹനത്തിനടുത്തു മുഖ്യമന്ത്രി നേരിട്ടെത്തിയാണ് പരാതികൾ കേട്ടതും സഹായങ്ങൾ അനുവദിച്ചതും. നിയമങ്ങളും ചട്ടങ്ങളും ജനങ്ങൾക്കു വേണ്ടിയാണ് ഉണ്ടാക്കിയതെന്ന കാഴ്ചപ്പാടാണ് മുഖ്യമന്ത്രി ഈ കാര്യത്തിൽ സ്വീകരിച്ചത്.സങ്കടങ്ങളുടെ ഭാണ്ഡങ്ങളുമായി ഒഴുകിയെത്തിയ പതിനായിരങ്ങൾക്ക് സാന്ത്വനസ്പർശമേകുന്ന തിരക്കിൽ ആഹാരം കഴിക്കാൻപോലും അദ്ദേഹം മറന്നിരുന്നു.

പുലർച്ചെ മുതൽ പാതിരാത്രി വരെ നീണ്ട ജനസമ്പർക്ക പരിപാടിയിൽ അവസാനപരാതിക്കാരനെയും പരിഗണിച്ചശേഷമാണ് മുഖ്യമന്ത്രി മടങ്ങിയിരുന്നത്. മുഖ്യമന്ത്രിക്ക് ഇരിക്കാൻ നൽകിയ കസേര പോലും അദ്ദേഹം രോഗികളായ പരാതിക്കാർക്ക് നൽകുകയാണുണ്ടായത്. ജനങ്ങളും ഭരണസംവിധാനവും നേർക്കുനേർ വരുന്നുവെന്നതാണ് ജനസമ്പർക്കപരിപാടിയുടെ ഏറ്റവും വലിയ നേട്ടം. വർഷങ്ങളായി ഫയലുകൾ ചുവപ്പുനാടയിൽ കുരുങ്ങി വെളിച്ചം കാണാതെ കിടന്ന പല ജനകീയപ്രശ്നങ്ങൾക്കും ഒറ്റ ദിവസം കൊണ്ട് പരിഹാരം കാണുന്ന ഭരണാധികാരിയെ ജനങ്ങൾക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. ആശ്വാസം ഓരോ നോട്ടത്തിലും; അതായിരുന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. അതിനു കിട്ടിയ അന്തർദേശീയ ബഹുമതിയാണ് ഐക്യരാഷ്ട്രസഭ നൽകിയ ഈ പുരസ്കാരം. ■

മേലില രാജശേഖരൻ




# മഹാനിധി അറിയാതെ മലയാള സിനിമ

**സിനിമാ തൊഴിലാളികളുടെ ക്ഷേമത്തിനായി ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം രൂപം കൊടുത്ത 'സിനി വർക്കേഴ്സ് വെൽഫയർ ഫണ്ട്' വേണ്ടവിധം പ്രയോജനപ്പെടുത്താൻ സിനിമാ മേഖലയ്ക്ക് കഴിയുന്നുണ്ടോ?**

സിനിമാ തൊഴിലാളി ക്ഷേമനിധിയിലേക്ക് കഴിഞ്ഞ മൂന്നര വർഷം കൊണ്ട് ഒഴുകിയെത്തിയത് 48 ലക്ഷം രൂപ. ചലച്ചിത്ര തൊഴിലാളികൾ പ്രയോജനപ്പെടുത്തിയത് 9,80,000 രൂപ. ആർക്കും ഉപകാരമില്ലാതെ പാഴായിപ്പോയത് 38,20,000 രൂപ!!

സിനിമാ തൊഴിലാളികളുടെ ക്ഷേമത്തിനായി ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം രൂപം കൊടുത്തതാണ് 'സിനി വർക്കേഴ്സ് വെൽഫയർ ഫണ്ട്'. തൊഴിലാളി കുടുംബങ്ങൾക്ക് ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ പരിരക്ഷയ്ക്കു വേണ്ടി 1981 ലാണ് ഇത് രൂപീകൃതമായത്. ഹിന്ദി, ഇംഗ്ലീഷ് ചിത്രങ്ങൾക്ക് 20,000 രൂപ വീതവും മലയാളം ഉൾപ്പെടെയുള്ള മറ്റു ഭാഷാ ചിത്രങ്ങൾക്ക് 10,000 രൂപ വീതവുമാണ് സെസ്സായി നിർമാതാക്കൾ അടയ്ക്കുന്നത്. ഈ പണമാണ് സിനി വർക്കേഴ്സ് വെൽഫയർ ഫണ്ടിലെത്തുന്നത്. 2010 മുതൽ ഇതുവരെ ലഭിച്ച തുകയിതാണ്:

| | |
|---|---|
| 2010 | 11,70,000 |
| 2011 | 10,55,000 |
| 2012 | 18,30,000 |
| 2013 (മെയ് 31 വരെ) | 7,10,000 |

ഇങ്ങനെ കഴിഞ്ഞ 32 വർഷമായി സെസ്സ് ഇനത്തിൽ സമാഹരിച്ച കോടിക്കണക്കിനു രൂപയാണ് അർഹതപ്പെട്ടവരുടെ കൈകളിലെത്താതെ നഷ്ടമാകുന്നത്.

എന്താണിതിനു കാരണം? അജ്ഞത തന്നെ! 'ഇങ്ങനെയൊരു വെൽഫയർ ഫണ്ടോ...?' എന്ന് ആശ്ചര്യപ്പെടുന്ന ചലച്ചിത്ര പ്രവർത്തകരാണ് ഏറെയും! അറിഞ്ഞവർ തന്നെ ഇതിനൊന്നും മെനക്കെടാനും തയാറല്ല. ആരോടും പറയുകയുമില്ല. അതുകൊണ്ടു നഷ്ടപ്പെടുന്നത് ചലച്ചിത്ര പ്രവർത്തകർക്ക് സഹായകമാകേണ്ട കോടിക്കണക്കിനു രൂപയാണ്. നന്നായി പഠിക്കുന്ന അവരുടെ മക്കൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പുകളാണ്; ഈ വ്യവസായത്തിനു വേണ്ടി ജീവിതം ഹോമിച്ചവരുടെ കുടുംബത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങളാണ്!

1981 ലാണ് 'സിനി വർക്കേഴ്സ് വെൽഫയർ ഫണ്ട്' ആക്ട് പാർലമെന്റ് പാസ്സാക്കുന്നത്. 1986 ഏപ്രിലിൽ സിനിമ ഒരു വ്യവസായമായി പ്രഖ്യാപിച്ച ശേഷം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇന്ത്യയിലെ ഒരു ലക്ഷത്തിൽപ്പരം സിനിമാ തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ ചെലവുകളിലേക്ക് തണലായി മാറാൻ കേന്ദ്ര സർക്കാർ അഭിനന്ദനാർഹമായി നടപ്പിലാക്കിയ ഒരു പദ്ധതി.

മലയാള സിനിമയുടെ ഈറ്റില്ലമായ തിരുവനന്തപുരത്തു മാത്രം ചലച്ചിത്ര പ്രവർത്തകരുടെ കുടുംബങ്ങൾ അയ്യായിരത്തിലേറെയുണ്ട്. എങ്കിലും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ ഒരു ക്ലിനിക്കുപോലും സിനിമാക്കാർക്കായി തലസ്ഥാനത്തില്ല. ഗുരുവായൂരിലാണ് ചലച്ചിത്ര പ്രവർത്തകർക്കായി ക്ലിനിക്കുള്ളത്. അത് ബീഡി വർക്കേഴ്സ് വെൽഫയർ ക്ലിനിക്കിനോടൊപ്പം പ്രവർത്തി

ക്കുന്നു. രോഗിയായ ഒരു ചലച്ചിത്ര പ്രവർത്തകൻ ക്ഷേമനിധി ലഭിക്കാനുള്ള അപേക്ഷ നൽകണമെങ്കിൽ തിരുവനന്തപുരത്തുനിന്നും ഗുരുവായൂർ വരെ യാത്ര ചെയ്യണം. കാരണം മെഡിക്കൽ ഓഫീസറെ നേരിൽ കണ്ട് രോഗിയുടെ അസുഖവിവരങ്ങൾ ബോധ്യപ്പെടുത്തിയാലേ അപേക്ഷ അദ്ദേഹം മുന്നോട്ടു നീക്കുകയുള്ളൂ. ഗുരുതര രോഗബാധിതരായവരെയും കൊണ്ട് അയാളുടെ കുടുംബം 300 കിലോമീറ്റർ യാത്ര ചെയ്യണം; ഒരു ഡോക്ടറെക്കൊണ്ട് സാക്ഷ്യപ്പെടുത്താൻ! ഐഡന്റിറ്റി കാർഡ് ലഭിക്കണമെങ്കിൽ 300 കിലോമീറ്റർ അകലെ കണ്ണൂരിലുള്ള ഡെപ്യൂട്ടി വെൽഫയർ കമ്മിഷണറുടെ ഓഫിസിലേക്കു പോകണം. സിനിമാ തൊഴിലാളികളെ കേന്ദ്ര ഗവൺമെന്റിന്റെ ക്ഷേമനിധിയിൽ നിന്നും അകറ്റി നിർത്തുന്നതിനും ഇത്തരം അസൗകര്യങ്ങൾ കാരണമായിട്ടുണ്ടാവാം. ഇതുവരെ 'സിനി വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ' നിന്നും ഐഡന്റിറ്റി കാർഡ് വാങ്ങിയിട്ടുള്ളവർ രണ്ടായിരത്തിൽ താഴെ. അതിൽ പകുതിപ്പേരും മരിച്ചുപോയിട്ടുണ്ടാവും. ചിലരെങ്കിലും സിനിമ വിട്ട് മറ്റു മേഖലകളിലേക്ക് പോയിട്ടുണ്ടാവും,

## ആരോഗ്യ പദ്ധതി

1984 ഡിസംബർ ഒന്നിന് നടപ്പിലാക്കിയ പദ്ധതി പ്രകാരം ക്യാൻസർ ചികിത്സയ്ക്കുള്ള മുഴുവൻ ചെലവും സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. വഹിക്കും. സിനിമാത്തൊഴിലാളികൾക്കു മാത്രമല്ല അവരുടെ ആശ്രിതർക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കും. വൃക്ക സംബന്ധമായ ചികിത്സയ്ക്കും വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്കും രണ്ടു ലക്ഷം രൂപ, ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് 1,30,000 രൂപ, ഹെർണിയ, അൾസർ, പ്രോസ്റ്റേറ്റ് രോഗങ്ങൾ, ടി.ബി., മാനസികരോഗ ചികിത്സ, കുഷ്ഠരോഗം എന്നിവയ്ക്കും സഹായം നൽകിവരുന്നു. പ്രസവ സംരക്ഷണം, കണ്ണട വാങ്ങുന്നതിനുള്ള സഹായം എന്നിവയും നൽകുന്നുണ്ട്. വിദ്യാർഥികൾക്ക് 250 രൂപ മുതൽ 8,000 രൂപ വരെ സ്കോളർഷിപ്പായി ലഭിക്കുന്നു.

## സാമൂഹികസുരക്ഷാ സഹായം

18 നും 60 നും ഇടയിലുള്ള സിനിമാ തൊഴിലാളികളുടെ മരണം, അപകട മരണം എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ, ചലച്ചിത്ര പ്രവർത്തകന്റെയോ പ്രവർത്തകയുടെയോ അകാല വിയോഗം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അവരുടെ രണ്ടു പെൺമക്കൾക്ക് വിവാഹധനസഹായം, ശവസംസ്കാര ചടങ്ങുകൾക്കുള്ള സാമ്പത്തിക സഹായം എന്നിവയും സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ് നൽകി വരുന്നു. ഒൻപതു റീജിയണൽ വെൽഫയർ കമ്മിഷണർമാരുടെ മേൽനോട്ടത്തിൽ വെൽഫയർ കമ്മിഷണറുടെ നിയന്ത്രണത്തിൽ ഡയറക്ടർ ജനറലാണ് ഈ ഫണ്ടിനു നേതൃത്വം നൽകുന്നത്.

18 നും 60 നും ഇടയിലുള്ള സിനിമാ തൊഴിലാളികളുടെ മരണം, അപകട മരണം എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ, ചലച്ചിത്ര പ്രവർത്തകന്റെയോ പ്രവർത്തകയുടെയോ അകാല വിയോഗം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അവരുടെ രണ്ടു പെൺമക്കൾക്ക് വിവാഹധനസഹായം, ശവസംസ്കാര ചടങ്ങുകൾക്കുള്ള സാമ്പത്തിക സഹായം എന്നിവയും സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ് നൽകി വരുന്നു. ഒൻപതു റീജിയണൽ വെൽഫയർ കമ്മിഷണർമാരുടെ മേൽനോട്ടത്തിൽ വെൽഫയർ കമ്മിഷണറുടെ നിയന്ത്രണത്തിൽ ഡയറക്ടർ ജനറലാണ് ഈ ഫണ്ടിനു നേതൃത്വം നൽകുന്നത്.

സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ്. നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ 2001 ൽ നിശ്ചയിക്കപ്പെട്ടതാണ്. 12 വർഷങ്ങൾക്കിടയിൽ എന്തെല്ലാം ചിലവുകളാണ് ഇരട്ടിയും അതിലേറെയുമായി മാറിയിരിക്കുന്നത്. മാറിയ ജീവിത സാഹചര്യങ്ങൾക്കനുസൃതമായ മാറ്റം സിനിമാ തൊഴിലാളികൾക്കു നൽകിവരുന്ന സാമ്പത്തിക സഹായത്തിലും ഉണ്ടാകേണ്ടതല്ലേ? എല്ലാ തുകയും കാലാനുസൃതമായി വർധിപ്പിക്കണം.

അഞ്ചു ക്ഷേമനിധി ബോർഡുകളാണ് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കു വേണ്ടി പ്രവർത്തിക്കുന്നത്. ആരോഗ്യമേഖലയിലെ ചികിത്സാ സൗകര്യങ്ങൾ നൽകാൻ ഏർപ്പെടുത്തിയിരിക്കുന്ന ക്ലിനിക്കുകളുടെയും ആശുപത്രികളുടെയും കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാവും സിനിമാ ക്ഷേമത്തിനു നല്കിയിരിക്കുന്ന പരിഗണനയും വിവേചനവും.

ഇന്ത്യയൊട്ടാകെ ഇത്തരം 14 ആശുപത്രികളും 265 ഡിസ്പെൻസറികളുമാണ് പ്രവർത്തിക്കുന്നത്. അവയിൽ ബീഡി തൊഴിലാളികൾക്ക് ഏഴ് ആശുപത്രികളും 210 ഡിസ്പെൻസറികളും ഖനി തൊഴിലാളികൾക്ക് ഏഴ് ആശുപത്രികളും 52 ഡിസ്പെൻസറികളും ഉള്ളപ്പോൾ സിനിമാ തൊഴിലാളികൾക്ക് ഒരു ആശുപത്രി പോലുമില്ല. ആകെയുള്ളത് മൂന്നു ഡിസ്പെൻസറികൾ. ബോംബെയിലും ബാംഗ്ലൂരിലും ഹൈദ്രാബാദിലും! കേരളത്തിൽ ബീഡി തൊഴിലാളികൾക്ക് എട്ടു ഡിസ്പെൻസറികൾ ഉള്ളപ്പോൾ സിനിമാ തൊഴിലാളികൾക്ക് ഒരെണ്ണം പോലുമില്ല. സിനി വർക്കേഴ്സ് വെൽഫയർ ക്ലിനിക്കുകൾ ബീഡി വർക്കേഴ്സ് വെൽഫയർ ക്ലിനിക്കുകളോടൊപ്പമാണ് പ്രവർത്തിക്കുന്നത്.

എന്നാൽ കേരളത്തിന്റെ തലസ്ഥാന നഗരിയിൽ 32 വർഷങ്ങൾക്കു ശേഷം ആദ്യത്തെ സിനി വർക്കേഴ്സ് വെൽഫയർ ക്ലിനിക്ക് പ്രവർത്തനം തുടങ്ങുകയാണ് മെഡിക്കൽ ഓഫീസർ, നേഴ്സ്, ഫാർമസിസ്റ്റ്, കമ്പൗണ്ടർ, അറ്റൻഡർ തുടങ്ങിയവർ ഇവിടെയുണ്ടാകും. സിനിമാ പ്രവർത്തകർക്ക് പ്രാഥമിക ചികിത്സകളും മറ്റും ഇവിടെ നിന്നും സൗജന്യമായി ലഭിക്കും. കൂടുതൽ ചികിത്സകൾ ആവശ്യമായി വന്നാൽ റഫറൽ ആശുപത്രിയായും ഇതു പ്രവർത്തിക്കും.

മുഖ്യമന്ത്രിയുടെയും കേന്ദ്ര തൊഴിൽ മന്ത്രി കൊടിക്കുന്നിൽ സുരേഷിന്റെയും മുൻമന്ത്രി കെ.ബി. ഗണേഷ്കുമാറിന്റെയും കേരള സംസ്ഥാന സിനി വർക്കേഴ്സ് ക്ഷേമനിധി ബോർഡ് ചെയർമാൻ ജി. സുരേഷ് കുമാറിന്റെയും നിരന്തര ശ്രമഫലമായും കണ്ണൂർ ഡെപ്യൂട്ടി വെൽഫയർ കമ്മിഷണർ ഡി.ആർ.കെ. റാവുവിന്റെയും ശക്തമായ ഇടപെടലുകളിലൂടെയുമാണ് ഈ നേട്ടം സാധ്യമാക്കുന്നത്.

എങ്കിലും കേരളത്തിന് ഇതെത്രയോ പരിമിതമായ നേട്ടമാണ്. കർണാടകത്തിൽ ചലച്ചിത്ര പ്രവർത്തകർക്ക് ആശുപത്രികളിൽ 'ക്രഡിറ്റ്' സൗകര്യമുണ്ട്. സിനി വർക്കേഴ്സ് വെൽഫയർ ഫണ്ടിന്റെ ഐഡി കാർഡ് കാണിച്ചാൽ പണം കൊടുക്കാതെ ചികിത്സ ലഭിക്കും.

ഏറ്റവുമധികം ശ്രദ്ധയൂന്നേണ്ട കാര്യങ്ങൾ ഇവയാണ്. ബാംഗ്ലൂരിലേതുപോലെ വെൽഫയർ കമ്മിഷണറുടെ റീജിയണൽ ഓഫീസ് തിരുവനന്തപുരത്ത് അനുവദിപ്പിക്കണം. ചലച്ചിത്ര പ്രവർത്തകർക്ക് ചികിത്സയ്ക്കും മറ്റുമായി കർണാടകയിലെപ്പോലെ 'ക്രഡിറ്റ് ഫെസിലിറ്റി' ഇവിടെയും ലഭ്യമാക്കണം. 12 വർഷം മുമ്പു നടപ്പിലാക്കിയ ക്ഷേമതുകകൾ പരിഷ്കരിക്കണം. ആനുകൂല്യങ്ങൾ ലഭിക്കേണ്ടുന്ന സിനിമാ തൊഴിലാളികളുടെ വരുമാന പരിധി കാലഘട്ടത്തിന് അനുസരിച്ച് ഉയർത്തണം.

ഇത്രയും കാര്യങ്ങൾ ഉടനടി നടപ്പിലാക്കാൻ സാധിച്ചാൽ ഇന്ത്യൻ സിനിമയുടെ നൂറാം പിറന്നാൾ ആഘോഷിക്കുന്ന ഈ വർഷം മലയാള സിനിമാവ്യവസായത്തിനു ലഭിക്കുന്ന തിളക്കമാർന്ന സമ്മാനമാവും അത്. ■

■ ഗോപിക സുരേഷ്




# ദേശീയ അംഗീകാരം നേടിയ മലയാള സിനിമകൾ; പ്രതിഭകൾ

നിഴൽ വീഴ്ത്തി കഥ പറയുന്ന നിഴൽ നാടകങ്ങളിൽ തുടങ്ങി തിരക്കാഴ്ച്ചയുടെ ദൃശ്യ-ഭാവ പരിണാമമായ സിനിമ എന്ന വിശ്വകലാരൂപത്തിന് ഇന്ത്യയിൽ നൂറുവയസ് തികഞ്ഞിരിക്കുന്നു. ദാദാ സാഹേബ് ഫാൽക്കെയുടെ രാജാ ഹരിശ്ചന്ദ്ര (1913) എന്ന ചിത്രത്തിലൂടെ ഇന്ത്യയിൽ ആദ്യ സിനിമ പിറന്നു. 1928-ൽ വിഗത കുമാരനിൽ തുടങ്ങിയ മലയാളിയുടെ കാഴ്ച/ സിനിമാ അനുഭവത്തിനും ഇന്ത്യൻ സിനിമയോളം തന്നെ പ്രായമവകാശപ്പെടാം. നീലക്കുയിൽ (1954) എന്ന ചിത്രം ആദ്യമായി ദേശീയ തലത്തിൽ അംഗീകാരം നേടി. ദേശീയ തലത്തിൽ പുരസ്കാരം നേടിയ മലയാള സിനിമാ വിഭാഗത്തിലേക്കൊരു തിരിഞ്ഞുനോട്ടം.

### മികച്ച സിനിമ

1. ചെമ്മീൻ (രാമുകാര്യാട്ട് - 1965)
2. സ്വയംവരം (അടൂർ ഗോപാലകൃഷ്ണൻ - 1972)
3. നിർമാല്യം (എം.ടി.വാസുദേവൻ നായർ - 1973)
4. ചിദംബരം (ജി.അരവിന്ദൻ - 1985)



5. പിറവി (ഷാജി.എൻ.കരുൺ - 1988)
6. കഥാപുരുഷൻ (അടൂർ - 1995)
7. വാനപ്രസ്ഥം (ജയരാജ് - 1999)



8. ശാന്തം (ജയരാജ് - 2000)
9. പുലിജന്മം (പ്രിയനന്ദനൻ - 2006)



10. കുട്ടിസ്രാങ്ക് (ഷാജി.എൻ.കരുൺ - 2010)



### രണ്ടാമത്തെ മികച്ച ചിത്രം

1. നീലക്കുയിൽ (രാമുകാര്യാട്ട്, പി.ഭാസ്കരൻ-1954)
2. തുലാഭാരം (എ.വിൻസന്റ് - 1968)
3. ഓപ്പോൾ(കെ.എസ്.സേതുമാധവൻ - 1980)
4. പോക്കുവെയിൽ (ജി.അരവിന്ദൻ - 1981)
5. ആദാമിന്റെ മകൻ അബു (സലിം അഹമ്മദ് - 20111)

### മികച്ച ജനപ്രിയ സിനിമ

1. സർഗം (ഹരിഹരൻ - 1992)
2. മണിച്ചിത്രത്താഴ് (ഫാസിൽ - 1993)
3. ഉസ്താദ് ഹോട്ടൽ (അൻവർ റഷീദ് -2012)

### മികച്ച കുട്ടികളുടെ സിനിമ

1. മൈഡിയർ കുട്ടിച്ചാത്തൻ (ജിജോ പുന്നൂസ് - 1984)
2. മനു അങ്കിൾ (ഡെന്നീസ് ജോസഫ് - 1988)
3. അഭയം (ശിവൻ - 1991-ചിൽഡ്രൻസ് ഫിലിം സൊസൈറ്റി)
4. കൊച്ചനിയൻ (സതീഷ് വെങ്ങാനൂർ - 1994)
5. ഖരാക്ഷരങ്ങൾ (സലിം പടിയത്ത് - 2000)
6. കേശു (ശിവൻ -2009-


## മികച്ച നവാഗതസംവിധായകൻ

1. അജയൻ (പെരുന്തച്ചൻ - 1990)
2. എ. കെ. ലോഹിതദാസ് (ഭൂതക്കണ്ണാടി - 1997)
3. വേണു (ദയ - 1998)
4. ആർ. ശരത് (സായാഹ്നം - 2000)
5. രാജീവ് വിജയരാഘവൻ (മാർഗം - 2003)
6. മധു കൈതപ്രം (ഏകാന്തം - 2006)
7. സിദ്ധാർഥ് ശിവ (101 ചോദ്യങ്ങൾ - 2012)



## മികച്ച നടൻ

1. പി. ജെ. ആന്റണി (നിർമാല്യം - 1973)
2. ഭരത് ഗോപി ( കൊടിയേറ്റം - 1977)
3. ബാലൻ. കെ.നായർ (ഓപ്പോൾ - 1980)
4. പ്രേംജി (പിറവി - 1988)
5. മമ്മൂട്ടി - (മതിലുകൾ<br>വടക്കൻ വീരഗാഥ - രണ്ട് തവണ<br>പൊന്തൻ മാട (1993)<br>വിധേയൻ)
6. മോഹൻലാൽ (ഭരതം - 1991<br>വാനപ്രസ്ഥം - 1999)
7. ബാലചന്ദ്രമേനോൻ (സമാന്തരങ്ങൾ - 1997)
8. സുരേഷ് ഗോപി (കളിയാട്ടം - 1997)
9. മുരളി (നെയ്ത്തുകാരൻ - 2001)
10. സലിം കുമാർ<br>(ആദാമിന്റെ മകൻ അബു - 2010)





## മികച്ച സഹനടൻ

1. തിലകൻ (ഋതുഭേദങ്ങൾ - 1987)
2. നെടുമുടി വേണു<br>(ഹിസ് ഹൈനസ് അബ്ദുള്ള - 1990)



## മികച്ച നടി

1. ശാരദ (തുലാഭാരം - 1968<br>സ്വയംവരം - 1972)
2. മോനിഷ ഉണ്ണി (നഖക്ഷതങ്ങൾ - 1986)
3. ശോഭന (മണിച്ചിത്രത്താഴ് - 1993)
4. മീരാജാസ്മിൻ (പാഠം ഒന്ന് ഒരു വിലാപം - 2003)



## മികച്ച സഹനടി

1. കെ.പി.എ.സി. ലളിത<br>(അമരം 1990, ശാന്തം 2000)
2. ശാന്താദേവി (യമനം 1991)
3. ആറന്മുള പൊന്നമ്മ (കഥാപുരുഷൻ - 1995)
4. ഷീല (അകലെ 2004)
5. ഉർവശി (അച്ചുവിന്റെ അമ്മ - 2005)
6. കൽപ്പന (തനിച്ചല്ല ഞാൻ - 2012)
7. സുകുമാരി<br>(നമ്മഗ്രാമം-തമിഴ്-2010) (തമിഴ് സിനിമയ്ക്ക്)
8. രേവതി (തേവർ മകൻ-തമിഴ് 1992)





## മികച്ച ബാലതാരം

1. അരവിന്ദ് (ഓപ്പോൾ - 1980)
2. വിമൽ (ആരൂഢം- 1982)
3. സുരേഷ് (മലമുകളിലെ ദൈവം - 1983)
4. അരവിന്ദ്<br>സുരേഷ്<br>മുകേഷ്<br>സോണിയ } മൈ ഡിയർ കുട്ടിച്ചാത്തൻ (1984)
5. കുമാർ (ദേശാടനം - 1996)
6. അശ്വിൻ തമ്പി (ജലമർമരങ്ങൾ - 1999)
7. കാളിദാസ് ജയറാം (എന്റെ വീട് അപ്പൂന്റേയും - 2003)
8. മിനോൻ (101 ചോദ്യങ്ങൾ - 2012)

## മികച്ച മലയാള ചിത്രം (പ്രാദേശിക ഭാഷാ വിഭാഗം)

1. നീലക്കുയിൽ (പി.ഭാസ്കരൻ, രാമുകാര്യാട്ട് 1954)
2. സ്നേഹസീമ (ദക്ഷിണ മൂർത്തി 1954)
3. പാടാത്ത പൈങ്കിളി (പി. സുബ്രഹ്മണ്യൻ 1957)
4. നായരു പിടിച്ച പുലിവാൽ (പി.ഭാസ്കരൻ 1958)
5. രണ്ടിടങ്ങഴി (പി. സുബ്രഹ്മണ്യം 1958)
6. ചതുരംഗം (ജെ.ഡി. തൊട്ടാൻ, ഡി.വി. സ്വാമി 1959)
7. മുടിയനായ പുത്രൻ (രാമു കാര്യാട്ട് 1961)
8. കണ്ടംബെച്ച കോട്ട് (ടി. ആർ സുന്ദരം 1961)
9. ശബരിമല അയ്യപ്പൻ (ശ്രീരാമലു നായ്ഡു 1961)
10. പുതിയ ആകാശം പുതിയ ഭൂമി (എം.എസ്. മണി 1962)
11. കാൽപ്പാടുകൾ (കെ.എസ്.ആന്റണി 1962)
12. നിണമണിഞ്ഞ കാൽപ്പാടുകൾ (എൻ. എൻ.പിഷാരടി 1963)
13. ഡോക്ടർ (എം.എസ്.മണി 1963)
14. കലയും കാമിനിയും (പി. സുബ്രഹ്മണ്യം 1963)
15. കാവ്യമേള (എം. കൃഷ്ണൻ നായർ 1965)
16. ഓടയിൽ നിന്ന് (കെ.എസ്.സേതുമാധവൻ 1965)
17. മുറപ്പെണ്ണ് (എ. വിൻസന്റ് 1965)
18. അന്വേഷിച്ചു കണ്ടെത്തിയില്ല (പി. ഭാസ്കരൻ 1967)
19. അദ്ധ്യാപിക (പി. സുബ്രഹ്മണ്യം 1968)
20. അടിമകൾ (കെ. എസ്. സേതുമാധവൻ 1969)
21. എഴുതാത്ത കഥ (എ.ബി.രാജ് 1970)
22. പണിതീരാത്ത വീട് (കെ.എസ്. സേതുമാധവൻ 1972)
23. ഗായത്രി (പി.എൻ. മേനോൻ 1973)
24. ഉത്തരായനം (ജി.അരവിന്ദൻ 1974)
25. സ്വപ്നാടനം (കെ.ജി.ജോർജ് 1975)
26. കൊടിയേറ്റം (അടൂർ ഗോപാലകൃഷ്ണൻ 1977)
27. തമ്പ് (ജി.അരവിന്ദൻ 1978)
28. പെരുവഴിയമ്പലം (പത്മരാജൻ 1979)
29. യാഗം (ശിവൻ 1980)
30. എലിപ്പത്തായം (അടൂർ ഗോപാലകൃഷ്ണൻ 1981)



31. ചാപ്പ (പി.എ.ബക്കർ 1982)
32. മലമുകളിലെ ദൈവം (പി. എൻ. മേനോൻ 1983)
33. മുഖാമുഖം ( അടൂർ ഗോപാലകൃഷ്ണൻ 1984)
34. തിങ്കളാഴ്ച നല്ല ദിവസം ( പത്മരാജൻ 1985)
35. ഉപ്പ് (പവിത്രൻ 1986)
36. പുരുഷാർഥം (കെ.ആർ. മോഹനൻ 1981)
37. രുഗ്മിണി (കെ.വി.കുമാരൻ 1988)
38. മതിലുകൾ (അടൂർ ഗോപാലകൃഷ്ണൻ 1989)
39. വാസ്തുഹാര (ജി.അരവിന്ദൻ 1990)
40. കടവ് (എം. ടി വാസുദേവൻ നായർ 1991)
41. സ്വരൂപം (കെ.ആർ.മോഹനൻ 1992)
42. വിധേയൻ (അടൂർ ഗോപാലകൃഷ്ണൻ 1993)
43. സുകൃതം (എം.എം. രാമചന്ദ്രൻ 1994)
44. ഓർമകളുണ്ടായിരിക്കണം (ടി.വി.ചന്ദ്രൻ 1995)
45. ദേശാടനം (ജയരാജ് 1996)



46. മങ്കമ്മ (ടി.വി.ചന്ദ്രൻ 1997)
47. അഗ്നിസാക്ഷി (ശ്യാമ പ്രസാദ് 1998)
48. പുനരധിവാസം (വി.കെ.പ്രകാശ് 1999)
49. സായാഹ്നം (എം.പി. സുകുമാരൻ നായർ 2000)
50. കൊച്ചു കൊച്ചു സന്തോഷങ്ങൾ (സത്യൻ അന്തിക്കാട് 2000)
51. ഡാനി (ടി. വി. ചന്ദ്രൻ 2001)
52. നിഴൽക്കുത്ത് (അടൂർ 2002)
53. സഫലം (അശോക്. ആർ.നാഥ് 2003)
54. അകലെ (ശ്യാമ പ്രസാദ് 2004)
55. തന്മാത്ര (ബ്ലസി 2005)



56. ദൃഷ്ടാന്തം (എം. പി. സുകുമാരൻ നായർ 2006)
57. ഒരേ കടൽ (ശ്യാമ പ്രസാദ് 2007)
58. തിരക്കഥ (രഞ്ജിത് 2008)
59. കേരളവർമ്മ പഴശ്ശിരാജ (ടി. ഹരിഹരൻ 2009)
60. വീട്ടിലേക്കുള്ള വഴി (ഡോ. ബിജു 2010)
61. ഇന്ത്യൻ റുപ്പി (രഞ്ജിത്ത് 2011)
62. സെല്ലുലോയിഡ് (കമൽ 2012)



## മികച്ച സംഗീത സംവിധായകൻ

1. ജോൺസൺ (പൊന്തൻമാട - 1993)
2. ബോംബെ രവി (സുകൃതം പരിണയം) - 1994
3. ജോൺ സൺ (സുകൃതം - 1994)
4. ഔസേപ്പച്ചൻ (ഒരേ കടൽ - 2007)
5. ഇളയരാജ (പഴശ്ശിരാജ 2009)
6. ഐസക് തോമസ് കൊട്ടുകാപ്പള്ളി (ആദാമിന്റെ മകൻ അബു - 2010)
7. ബിജിബാൽ (കളിയച്ഛൻ 2012)



## മികച്ച ഗായകൻ

1. കെ. ജെ. യേശുദാസ്
   (അച്ഛനും ബാപ്പയും - 1972)
   (ഗായത്രി - 1973)
   (ഉണ്ണികളെ ഒരു കഥ പറയാം- 1987)
   (ഭരതം - 1991)
   (സോപാനം - 1993)
   നാലു ദേശീയ അവാർഡുകൾ.
2. ജയചന്ദ്രൻ (ശ്രീ നാരായണഗുരു - 1985)
3. എം.ജി. ശ്രീകുമാർ
   (ഹിസ്ഹൈനസ് അബ്ദുള്ള - 1990)





## മികച്ച ഗായിക

1. എസ്. ജാനകി
   (ഓപ്പോൾ - 1980)
   തേവർ മകൻ 1992-തമിഴ്) മൂന്ന് അവാർഡുകൾ
   (1996, 97) (തമിഴ്, ഹിന്ദി )



2. കെ. എസ് ചിത്ര
   (സിന്ധുഭൈരവി - 1985) } (തമിഴ്)
   (നഖക്ഷതങ്ങൾ - 1986) } 3 അവർഡുകൾ
   (വൈശാലി - 1988)



## മികച്ച ഗാനരചയിതാവ്

1. വയലാർ (അച്ഛനും ബാപ്പയും (1972)
2. ഒ.എൻ.വി. കുറുപ്പ് (വൈശാലി-1988)
3. യൂസഫലി കേച്ചേരി (മഴ - 2000)



## മികച്ച കലാ സംവിധാനം

1. പി. കൃഷ്ണമൂർത്തി (ഒരു വടക്കൻ വീരഗാഥ - 1989)
2. സാബു സിറിൾ (തേന്മാവിൻ കൊമ്പത്ത്) - 1994
   (കാലാപാനി - 1995

## മികച്ച ശബ്ദലേഖനം

1. പി. ദേവദാസ് (എലിപ്പത്തായം - 1981)
   (മുഖാമുഖം - 1984)
2. പി. ദേവദാസ്
   ടി. കൃഷ്ണനുണ്ണി (അനന്തരം - 1987)
   എൻ. ഹരികുമാർ
3. ടി.കൃഷ്ണനുണ്ണി (പിറവി - 1988)
4. എൻ. ഹരികുമാർ (മതിലുകൾ - 1989)
5. സമ്പത്ത് (എന്ന് സ്വന്തം ജാനകിക്കുട്ടിക്ക് 1997)
6. റസൂൽ പൂക്കുട്ടി (പഴശ്ശിരാജ - 2009)
7. രാധാകൃഷ്ണൻ (അന്നയും റസൂലും - 2012)

## മികച്ച നൃത്ത സംവിധായകൻ

1. ബൃന്ദ (ദയ - 1998)
2. ജി. കല (കൊച്ചുകൊച്ചു സന്തോഷങ്ങൾ - 2000)
3. മധു സമുദ്ര
   സജീവ സമുദ്ര }

## മികച്ച ഛായാഗ്രഹണം

1. മങ്കട രവിവർമ്മ (സ്വയംവരം - 1972)
2. പി. എസ്. നിവാസ് (മോഹിനിയാട്ടം - 1976)
3. ഷാജി. എൻ. കരുൺ (തമ്പ് 1978)
4. ശിവൻ (യാഗം - 1980)
5. വേണു
   (അമ്മ അറിയാൻ - 1988)
   (നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ - 1986)
   ( പൊന്തൻ മാട - 1993 - മൂന്ന് അവാർഡുകൾ
6. സന്തോഷ് ശിവൻ
   (പെരുന്തച്ചൻ - 1990) - രണ്ട് അവാർഡുകൾ
   (കാലാപാനി - 1995)
7. അഞ്ജലി ശുക്ല (കുട്ടിസ്രാങ്ക് - 2009)
8. മധു അമ്പാട്ട് (ആദാമിന്റെ മകൻ അബു - 2009)
9. കെ.വി.ആനന്ദ് (തേന്മാവിൻ കൊമ്പത്ത് - 1994)

## മികച്ച ചിത്രസംയോജനം

1. എം.എസ്.മണി (അയ്യർ ദ ഗ്രേറ്റ് - 1990)
   രണ്ട് അവാർഡുകൾ
   (സർഗ്ഗം - 1992)
2. എ. ശ്രീകർ പ്രസാദ് (വാനപ്രസ്ഥം - 1999)
3. ബി.അജിത് കുമാർ (നാലു പെണ്ണുങ്ങൾ - 2007)



## മികച്ച സംഭാഷണം

1. എസ്. എൽ. പുരം സദാനന്ദൻ (അഗ്നി പുത്രി - 1967)
2. അടൂർ ഗോപാലകൃഷ്ണൻ (മുഖാമുഖം - 1984) (അനന്തരം - 1987)
3. എം. ടി. വാസുദേവൻ നായർ (ഒരു വടക്കൻ വീരഗാഥ - 1989) (കടവ് - 1991) (സദയം - 1992) (പരിണയം - 1994) - നാല് അവാർഡുകൾ
4. മാടമ്പു കുഞ്ഞിക്കുട്ടൻ (കരുണം - 1999)
5. പി. എഫ്. മാത്യൂസ്, ഹരികൃഷ്ണൻ } (കുട്ടിസ്രാങ്ക് - 2009)
6. അഞ്ജലി മേനോൻ (ഉസ്താദ് ഹോട്ടൽ - 2012) മികച്ച മേക്ക് - അപ്പ്
7. പട്ടണം റഷീദ് (പരദേശി - 2007)

## മികച്ച വസ്ത്രാലങ്കാരം

1. കൃഷ്ണമൂർത്തി (ഒരു വടക്കൻ വീരഗാഥ - 1989)
2. എം. ദണ്ഡപാണി (കുലം - 1996)
3. എസ്. ബി. സതീശൻ (ദയ - 1998)
4. ജയകുമാർ (കുട്ടിസ്രാങ്ക് - 2009)

## പരിസ്ഥിതി പ്രാധാന്യമുള്ള മികച്ച ചിത്രം

1. ജലമർമരം (ടി . കെ . രാജീവ് കുമാർ - 1999)
2. ഒരു ചെറുപുഞ്ചിരി (എം. ടി. വാസുദേവൻ നായർ - 2000)
3. ബ്ലാക്ക് ഫോറസ്റ്റ് (ബേബി മാത്യു സോമതീരം - 2012)

## മികച്ച കുടുംബ ക്ഷേമ സിനിമ

1. ആകാശദൂത് (സിബി മലയിൽ - 1993)



2. മിനി (വി . ചന്ദ്രകുമാർ - 1995)
3. സമാന്തരങ്ങൾ (ബാലചന്ദ്ര മേനോൻ - 1997)
4. പാഠം ഒന്ന് ഒരു വിലാപം (ടി . വി. ചന്ദ്രൻ - 2003)
5. കറുത്ത പക്ഷികൾ (കമൽ - 2006)



## മികച്ച ദേശീയോദ്ഗ്രഥന സിനിമ

1. ജന്മഭൂമി (ജോൺ ശങ്കരമംഗലം - 1968)
2. തുറക്കാത്ത വാതിൽ (പി. ഭാസ്കരൻ - 1970)
3. അച്ഛനും ബാപ്പയും (കെ . എസ് . സേതുമാധവൻ - 1972)
4. ആരൂഢം (ഐ . വി. ശശി 1982)
5. ശ്രീ നാരായണഗുരു (പി . എ . ബക്കർ - 1985)
6. കാണാക്കിനാവ് (സിബി മലയിൽ - 1996)
7. ദൈവനാമത്തിൽ (ജയരാജ് - 2005)
8. തനിച്ചല്ല ഞാൻ (സാബു തിരുവല്ല - 2012)

## മികച്ച സാമൂഹിക പ്രതിബദ്ധതയുള്ള സിനിമ

1. ദൂരെ ദൂരെ ഒരു കൂടു കൂട്ടാം (സിബി മലയിൽ 1986)
2. ഉണ്ണിക്കുട്ടന് ജോലികിട്ടി (വി . ആർ . ഗോപിനാഥ് - 1989)
3. യമനം ( ഭരത് ഗോപി - 1991)
4. നാരായം (ശശിശങ്കർ - 1993)
5. പരിണയം (ഹരിഹരൻ - 1994)
6. ചിന്താവിഷ്ടയായ ശ്യാമള (ശ്രീനിവാസൻ - 1998)



7. പെരുമഴക്കാലം (കമൽ - 2004)
8. സ്പിരിറ്റ് ( രഞ്ജിത് - 2012)



## പ്രത്യേക ജൂറി പരാമർശം.

1. മങ്കട രവിവർമ്മ (ഛായാഗ്രഹണം) - നോക്കുകുത്തി - 1985
2. ജോൺ എബ്രഹം (സംവിധാനം) - (അമ്മ അറിയാൻ - 1986)
3. മോഹൻ ലാൽ (നടൻ) - (കിരീടം - 1989)
4. രവീന്ദ്രൻ (സംഗീത സംവിധാനം ) - (ഭരതം - 1991)
5. ഷാജി എൻ. കരുൺ (സംവിധാനം) - (സ്വം - 1994)



6. എസ്. കുമാർ (ഛായാഗ്രഹണം ) - (പരിണയം - 1994)
7. ജോമോൾ (നടി) - (എന്ന് സ്വന്തം ജാനകിക്കുട്ടി - 1997)
8. മഞ്ജു വാര്യർ (നടി) - (കണ്ണെഴുതി പൊട്ടും തൊട്ട് - 1998)



9. ജ്യോതിർമയി (നടി) - (ഭവം - 2002)
10. നെടുമുടി വേണു (2003)
11. പ്രദീപ് നായർ (സംവിധാനം) - (ഒരിടം - 2004)
12. തിലകൻ (നടൻ) - (ഏകാന്തം - 2006)
13. ശ്രീകർ പ്രസാദ് (എഡിറ്റിങ്) - (പഴശ്ശിരാജ - 2009)

14. ഷെറി ( സംവിധാനം) - (ആദിമധ്യാന്തം - 2011)
15. ലാൽ (നടൻ) -(ഒഴിമുറി - 2012)
16. തിലകൻ (നടൻ) - (ഉസ്താദ് ഹോട്ടൽ - 2012)



## കഥേതര വിഭാഗം

### മികച്ച ഹ്രസ്വ ചിത്രം

1. ആത്മീയം (നന്ദകുമാർ കാവിൽ - 1996)

മികച്ച നോൺ ഫീച്ചർ ഫിലിം സംവിധായകൻ

1. ജയരാജ് (വെള്ളപ്പൊക്കത്തിൽ - 2007)

# ഡോക്യുമെന്ററി വിഭാഗം

### മികച്ച സാംസ്കാരിക മൂല്യമുള്ള ചിത്രം

പകർന്നാട്ടം: അമ്മന്നൂർ
എം.ആർ. രാജൻ, സി.എസ്. വെങ്കിടേശ്വരൻ 1995)

### മികച്ച ജീവചരിത്ര പ്രധാന്യമുള്ള സിനിമ

1. പത്മശ്രീ കലാമണ്ഡലം കൃഷ്ണൻ നായർ
(മാത്യുപോൾ - 1984)
2. മൗനം സൗമനസ്യം (രവീന്ദ്രൻ 1997)
3. പ്രേംജി : ഇതിഹാസത്തിന്റെ സ്പർശം- എം . ആർ . രാജൻ
ഉണർവിന്റെ കാലം : എം . ആർ. ബി
(കേരള - സംഗീത നാടക അക്കാദമി)
4. നോട്ടം (എം . ആർ . രാജൻ 1999)



5. ദേവനർത്തകൻ (സുദീഷ് ഗോപാലകൃഷ്ണൻ 2000)
6. മിനുക്ക് (എം . ആർ . രാജൻ 2006)



### മികച്ച വിദ്യാഭ്യാസ ചിത്രം

1. കൂടുതൽ പാൽ വേണമെങ്കിൽ
(വി . ആർ . ഗോപിനാഥ് - 1982)
(ചലച്ചിത്ര വികസന കോർപ്പറേഷൻ)
2. AIDS ( നൂറനാട് രാമചന്ദ്രൻ - 1993)
3. റാബിയ ചലിക്കുന്നു (അലി അക്ബർ - 1996)
4. കനവു മലയിലേക്ക് (എം . ജി . ശശി 2001)

### മികച്ച പരിസ്ഥിതി പ്രാധാന്യമുള്ള ചിത്രം

1. വിശുദ്ധ വനങ്ങൾ (കെ . ആർ . മോഹനൻ - 1994)
2. റാബിയ ചലിക്കുന്നു (അലി അക്ബർ 1996)

3. 18 ആനകൾ : ആത്മഗതം
(വി . ബാലൻ - 2003)
(The 18 elephants : 3 Monolouge)

### മികച്ച കുടുംബക്ഷേമ ചിത്രം

1. ക്ലിന്റ് (ശിവകുമാർ - 1994)
2. അക്കരെ നിന്ന് (ടി . സുനിൽ കുമാർ - 2000)
സായാഹ്നത്തിന്റെ പടവുകൾ (സതീഷ് വെങ്ങാനൂർ 2001)

### മികച്ച ശാസ്ത്രചിത്രം

1. The 18 elephants : 3 Monologue (പി . ബാലൻ - 2003)

### മികച്ച ഛായാഗ്രഹണം (കഥേതര വിഭാഗം)

1. രവിവർമ (കലാമണ്ഡലം ഗോപി 1999)
2. കെ . ജി . ജയൻ (The 18 elephants : 3 Monolouge - 2003)



### മികച്ച ചിത്രസംയോജനം

1. ബീനപോൾ (ഉണ്ണി 2003)

### മികച്ച ശബ്ദലേഖനം

1. കെ . പി . ഉദയഭാനു
(Myth to the tree, The serpent and the mother)



### മികച്ച വിവരണം

ബാലചന്ദ്രൻ ചുള്ളിക്കാട്
(The 18 elephants : 3 Monologue - 2003)
നെടുമുടി വേണു ( മിനുക്ക് 2006)

### മികച്ച കാർഷിക പ്രാധാന്യമുള്ള ചിത്രം

മൾബറിയും പട്ടുനൂലും (പി .പി . ഗോവിന്ദൻ 1991)

### പ്രത്യേക ജൂറി പരാമർശം.

1. ജോയ് മാത്യു (താലം 1983)
2. കെ . ആർ . മോഹനൻ
(കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ , 1989)
3. സലാം കാരശ്ശേരി - പ്രൊഡ്യൂസർ
(നൂറ്റാണ്ടിന്റെ സാക്ഷി - 1992)
ശശി ഭൂഷൺ - ഡയറക്ടർ
4. ശിവ പ്രസാദ് - ഡയറക്ടർ
എഡിറ്റിങ് (ഓർമയുടെ തീരങ്ങളിൽ 1994)
സംഭാഷണം
5. രശ്മി ഫിലിം സൊസൈറ്റി (ഇതിഹാസത്തിലെ ഖസാഖ് 1995 )
6. വിപിൻ വിജയ് (പൂമരം 2007)
7. അസ്ന അസ്‌ലം (ബാലതാരം - കേൾക്കുന്നുണ്ടോ 2008)
8. ഷൈനി ജേക്കബ് ബെഞ്ചമിൻ (ഒറ്റയാൾ 2010)

### മികച്ച സിനിമ ഗ്രന്ഥം/ പുസ്തകം

1. ചലച്ചിത്ര സമീക്ഷ (വിജയ കൃഷ്ണൻ - 1982)
2. സിനിമയുടെ ലോകം ( അടൂർ ഗോപാലകൃഷ്ണൻ - 1983)
3. കാഴ്ചയുടെ അശാന്തി (വി. രാധാകൃഷ്ണൻ - 1981)
4. സിനിമാ കണക്കും കവിതയും (ശ്രീകുമാരൻ തമ്പി - 1989)
5. ആത്മനിന്ദയുടെ പൂക്കൾ (അരവിന്ദൻ വല്ലച്ചിറ - 1991)
6. അഭിനയം : അനുഭവം (ഭരത് ഗോപി - 1994)
7. മലയാള സിനിമയും സാഹിത്യവും (മധു ഇറവങ്കര)

### മികച്ച സിനിമ നിരൂപകൻ




1. എം. സി. രാജനാരായണൻ (1995)
2. ഐ. ഷൺമുഖ ദാസ് (1999)
3. ജി. പി. രാമചന്ദ്രൻ (2006)
4. വി.കെ. ജോസഫ് ( 2007)
5. സി.എസ്. വെങ്കിടേശ്വരൻ ( 2009)
6. പി.എസ്. രാധാകൃഷ്ണൻ ■

ജയരാജൻ സി.എൻ.

# ഓർമയിൽ ഒരു വിഷാദഹിന്ദോളം

**ഇന്ത്യക്കാരെക്കാളധികം നമ്മുടെ ദേശീയ സംഗീതത്തിനായി ജീവിതം സമർപ്പിച്ച മഹാഗായകനായിരുന്നു ഹിഗ്ഗിൻസ് ഭാഗവതർ എന്ന ജോൺ ബി ഹിഗ്ഗിൻസ്**



ജോൺ ബി ഹിഗ്ഗിൻസ്

നവ ഉദാരീകരണത്തിന്റെയും പുത്തൻ കൊളോണിയലിസത്തിന്റെയും സാംസ്കാരിക ജീർണതയുടെ പരിസരത്ത് ഫ്യൂഷൻ മുതൽ അരാജകത്വത്തിന്റെയും നൃശംസതയുടെയും വിധേയത്വത്തിന്റെയും തലങ്ങളിലേക്കുള്ള അധഃപതനത്തിന്റെ വർത്തമാനകാലത്താണ് നാം ഇന്ന് ജീവിക്കുന്നത്. നമ്മുടെ സംഗീതകാരന്മാരിൽ പലരും ഇതിന് വശംവദരാകുന്ന ദുഃഖകരമായ അവസ്ഥയാണിന്നുള്ളത്. ഏറ്റവും ഒടുവിൽ കർണാടക സംഗീതലോകത്തെ പ്രശസ്ത യുവകലാകാരികളിൽ ഒരാളായ ബോംബെ ജയശ്രീയെ ഓസ്കർ പുരസ്കാരത്തിന് നാമനിർദേശത്തിലൂടെ മൂല്യനിർണയം നടത്തുന്നതുപോലും ആശങ്കയോടെ മാത്രം വീക്ഷിക്കാൻ തോന്നുന്നത് കൊളോണിയൽ ശക്തികൾ സാംസ്കാരിക രംഗത്തും ആധിപത്യം നേടുന്നത് വളരെ തന്ത്രപരമായിട്ടാണെന്ന വർത്തമാനകാല അനുഭവങ്ങൾ കൊണ്ടാണ്. അത്തരമൊരു സാംസ്കാരികാക്രമണവും ആധിപത്യവും തകർക്കുന്നത് ഇന്ത്യൻ ദേശീയ സംഗീതത്തിന്റെയും സംഗീതജ്ഞരുടെയും മഹത്തായ സാംസ്കാരിക പൈതൃകത്തെയാണ്.

ഈ ഗുരുതരമായ പശ്ചാത്തലത്തിലാണ് ഹിഗ്ഗിൻസ് എന്ന മഹാഗായകന്റെ പ്രസക്തി. ഈ അമേരിക്കൻ സായിപ്പ് തന്റെ ജീവിതം കൊണ്ട് നമുക്ക് കാണിച്ചുതന്നത് നമ്മുടെ സംഗീതപാരമ്പര്യത്തിന്റെ മാഹാത്മ്യത്തെയാണ്.

പാശ്ചാത്യ സംഗീതത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടുകയും സൈദ്ധാന്തികവും പ്രയോഗികവുമായ തലത്തിൽ പാശ്ചാത്യസംഗീതത്തിന്റെ ആഴങ്ങളിൽ സ്പർശിക്കുകയും ചെയ്ത ജോൺ ഹിഗ്ഗിൻസ് ഒരു ഭാഗവതരായിത്തീരാൻ തീവ്രമായി മോഹിച്ച സംഗീതജ്ഞനാണ്. ഇന്ത്യയിലെ സഹൃദയരും സംഗീത പണ്ഡിതന്മാരും അദ്ദേഹത്തെ ഹിഗ്ഗിൻസ് ഭാഗവതരെന്നു വിളിച്ചത് അദ്ദേഹത്തിന്റെ മോഹം അറിഞ്ഞതുകൊണ്ടല്ല, മറിച്ച് ഭാഗവതർ എന്ന വാക്കിനെ അക്ഷരാർഥത്തിൽ തന്നെ അദ്ദേഹം സമൂർത്തമാക്കിയതുകൊണ്ടാണ്. മഹാസംഗീതജ്ഞനായ എം.ഡി. രാമനാഥൻ വ്യാഖ്യാനിക്കുന്നതുപോലെ

ഭാഗവതർ എന്നാൽ ഭാഗവതൻ അഥവാ ഭഗവത്ഭക്തൻ തന്നെയാണെന്ന് സ്വന്തം സംഗീതംകൊണ്ട് ഹിഗ്ഗിൻസ് വെളിപ്പെടുത്തുകയുണ്ടായി. മഹത്തായ പാശ്ചാത്യ ശാസ്ത്രീയ സംഗീതലോകത്തു കിടയറ്റ പ്രാഗത്ഭ്യം നേടിയ ഹിഗ്ഗിൻസ് സ്ഥിരോത്സാഹവും ആത്മാർപ്പണവുംകൊണ്ടാണ് കർണാടക സംഗീതത്തിൽ വൈദഗ്ധ്യം നേടിയതും ഭാഗവതർ എന്ന് ഇവിടത്തെ സംഗീതജ്ഞരെ കൊണ്ട് അദ്ദേഹത്തെ ബഹുമാനപൂർവം അഭിസംബോധന ചെയ്യിച്ചതും.

മസ്സാച്ചുസെറ്റ്സിലെ ആൻഡോവറിൽ 1939 സെപ്റ്റംബർ 18 ന് ജോൺ ബി ഹിഗ്ഗിൻസ് ജനിച്ചു. ഹൈസ്കൂൾ പഠനം ഫിലിപ്സ് അക്കാദമിയിലായിരുന്നു. അവിടെ അദ്ദേഹത്തിന്റെ അച്ഛനും അമ്മയും അധ്യാപകരായിരുന്നു. തുടർന്ന് അദ്ദേഹം വെസ്ലേയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് 1962 ൽ സംഗീതത്തിൽ ബിരുദവും 1964 ൽ സംഗീതത്തിൽ ബിരുദാനന്തര ബിരുദവും 1973 ൽ സംഗീതപരമായ വിഷയങ്ങളിൽത്തന്നെ ഡോക്ടറേറ്റും നേടി. ബിരുദാനന്തര ബിരുദത്തിനു പഠിച്ചത് ഡോ. റോബർട്ട് ബ്രൗണിന്റെ കീഴിലായിരുന്നു. അദ്ദേഹമായിരുന്നു ഹിഗ്ഗിൻസിന് കർണാടക സംഗീതത്തെ പരിചയപ്പെടുത്തിക്കൊടുത്തത്. വെസ്ലേയൻ യൂണിവേഴ്സിറ്റിയിൽവെച്ചു പ്രശസ്ത നർത്തക ബാലസരസ്വതി നടത്തിയ നൃത്ത പരിപാടി കർണാടക സംഗീതം പഠിച്ചേ പറ്റൂ എന്ന നിലയിലേക്ക് അദ്ദേഹത്തെ എത്തിച്ചു. 1962 നും 1964 നും ഇടയിൽ ഇന്ത്യൻ സംഗീതമുൾപ്പെടെയുള്ള സംഗീത ശാഖകളിൽ നിരവധി സർവേകളും സെമിനാറുകളും അദ്ദേഹം നടത്തി. ബിരുദാനന്തര ബിരുദ പഠന തിസീസിന്റെ ഭാഗമായി കർണാടക സംഗീതജ്ഞനായിരുന്ന രംഗനാഥന്റെ അടുത്തുനിന്ന് ചൊൽക്കെട്ട് പഠിച്ചു. പ്രശസ്ത സംഗീതജ്ഞനും വെസ്ലേയൻ യൂണിവേഴ്സിറ്റിയിലെ വിസിറ്റിങ് പ്രൊഫസറുമായിരുന്ന ടി. വിശ്വനാഥനോട് കർണാടക സംഗീതം പഠിക്കാനുള്ള തീവ്രമായ ആഗ്രഹം അറിയിക്കുകയും അദ്ദേഹം സമ്മതിച്ചതനുസരിച്ച് 1964 ൽ ഇന്ത്യയിലേക്ക് വന്നു പഠിക്കാനുള്ള സ്കോളർഷിപ്പ് നേടിയെടുക്കുകയും ചെയ്തു.

ടി. വിശ്വനാഥന്റെ ശിഷ്യനായി സംഗീതം അഭ്യസിച്ചത് കേവലം അക്കാദമിക തലത്തിൽ ആയിരുന്നില്ലെന്ന് അദ്ദേഹം തിരുവയ്യാറിലെ പ്രശസ്തമായ ത്യാഗരാജ ആരാധനയിൽ പങ്കെടുത്ത് തെളിയിച്ചു. ബോംബെ, ഡൽഹി, കൽക്കത്ത തുടങ്ങിയയിടങ്ങളിലെ സഭകളിൽ നിന്ന് അദ്ദേഹത്തിന് കച്ചേരികൾ നടത്താൻ ക്ഷണം ലഭിച്ചു. എല്ലായിടത്തും സഹൃദയർ അദ്ദേഹത്തെ ആദരവോടെ എതിരേറ്റു. 1966 ൽ യുണൈറ്റഡ് സ്റ്റേറ്റ്സ് ഇൻഫർമേഷൻ സർവീസ് അദ്ദേഹത്തിന്റെ സംഭാവനകളെ ആദരിച്ചു സാംസ്കാരിക അംബാസഡർ സ്ഥാനം നൽകി. അന്തർ-സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഹിഗ്ഗിൻസ് വഹിച്ച സംഭാവനകളെ മാനിച്ച് അദ്ദേഹത്തിന്റെ സ്കോളർഷിപ്പ് മൂന്നുകൊല്ലത്തേക്കുകൂടി നീട്ടിക്കൊടുത്തു. 1967 ൽ അദ്ദേഹം അമേരിക്കയിലേക്ക് തിരിച്ചുപോകുകയും അവിടെവെച്ച് വിവാഹിതനാവുകയും ചെയ്തു. അദ്ദേഹത്തിന്റെ കല്യാണത്തിന്റെ തലേരാത്രിയിൽ നടന്ന സംഗീതക്കച്ചേരി അതൊരു ഭാരതീയ വിവാഹപരിപാടിയാക്കി മാറ്റി. വിവാഹം കഴിഞ്ഞു രണ്ടു വർഷം കഴിഞ്ഞപ്പോൾ അദ്ദേഹം ഭാര്യയുമൊത്ത് ഇന്ത്യയിലേക്ക് തിരിച്ചുവന്നു. ബാലസരസ്വതിയുടെ മേൽനോട്ടത്തിൽ ഭരതനാട്യസംഗീതത്തെക്കുറിച്ചുള്ള പ്രബന്ധം ഡോക്ടറേറ്റ് പഠനവുമായി ബന്ധപ്പെട്ടു തയാറാക്കി. ഇതിന്റെ ഭാഗമായി നൃത്തസംഗീതത്തിന്റെ ഭാഗമായ പദങ്ങളും ജാവളികളും രസങ്ങളോടുള്ള പ്രായോഗികസമീപനം, നായകി-നായക ഭാവങ്ങളുടെ ആശയം തുടങ്ങിയവയൊക്കെ ചിട്ടയോടെ പഠിച്ചു. ബാലസരസ്വതി അദ്ദേഹത്തെ തന്റെ നിരവധി നൃത്തവേദികളിലേക്ക് കൊണ്ടുപോയി. ഹിഗ്ഗിൻസ് ആ സമയത്ത് നിരവധി കച്ചേരികൾ നടത്തി ഇന്ത്യയിലാകമാനം മികച്ച സംഗീതജ്ഞനെന്ന നിലയിൽ ചിരപ്രതിഷ്ഠനേടി. വീണ്ടും തിരിച്ച് അമേരിക്കയിലേക്കു പോയ അദ്ദേഹം 1971 മുതൽ 1978 വരെയുള്ള കാലഘട്ടത്തിൽ കാനഡയിലെ ടൊറോന്റോയിലുള്ള യോർക്ക് യൂണിവേഴ്സിറ്റിയിൽ സംഗീത പ്രൊഫസറായി ജോലിചെയ്തു. ഈ കാലഘട്ടത്തിൽ പ്രശസ്ത മൃദംഗ വിദ്വാനായ ട്രിച്ചി ശങ്കരനെ അദ്ദേഹം ക്ഷണിക്കുകയും അദ്ദേഹത്തോടൊപ്പം കാനഡയിൽ മുഴുവൻ കർണാടക സംഗീതത്തിന്റെ പ്രചാരണം നടത്തുകയും ചെയ്തു. 1978 ൽ അദ്ദേഹം വെസ്ലേയൻ യൂണിവേഴ്സിറ്റിയിലെ കലാകേന്ദ്രത്തിന്റെ ഡയറക്ടറും സംഗീത പ്രൊഫസറുമായി സ്ഥാനമേറ്റു. കലാകേന്ദ്രത്തിന്റെ നിലവാരമുയർത്തുന്നതിനുവേണ്ടി ഒരു ഭരണകർത്താവെന്ന നിലയിൽ അദ്ദേഹം തന്റെ ഔദ്യോഗിക സമയങ്ങൾക്കപ്പുറത്ത് അക്ഷീണം പ്രവർത്തനനിരതനായിരുന്നു.

മഹത്തായ പാശ്ചാത്യ ശാസ്ത്രീയസംഗീതലോകത്തു കിടയറ്റ പ്രാഗത്ഭ്യം നേടിയ ഹിഗ്ഗിൻസ് സ്ഥിരോത്സാഹവും ആത്മാർപ്പണവുംകൊണ്ടാണ് കർണാടക സംഗീതത്തിൽ വൈദഗ്ധ്യം നേടിയതും ഭാഗവതർ എന്ന് ഇവിടത്തെ സംഗീതജ്ഞരെ കൊണ്ട് അദ്ദേഹത്തെ ബഹുമാനപൂർവം അഭിസംബോധന ചെയ്യിച്ചതും.

1981 ഡിസംബർ മുതൽ 1982 ജൂൺ വരെയുള്ള കാലഘട്ടത്തിൽ അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ സ്റ്റഡീസിന്റെ സീനിയർ റിസർച്ച് ഫെലോ എന്ന നിലയിൽ അദ്ദേഹം മൂന്നാമത് ഇന്ത്യ സന്ദർശിച്ചു. ഇത്തവണ പുതിയ മനോധർമങ്ങൾ തന്റെ സംഗീതത്തിൽ നേടിയെടുക്കാൻ കഠിനമായി അദ്ദേഹം പരിശീലിച്ചു. പുതിയ കൃതികൾ പഠിച്ചു. എന്നാൽ ന്യുമോണിയ പിടിപെട്ടതിന്റെ ഫലമായി അദ്ദേഹത്തിന് നിരവധി കച്ചേരി പരിപാടികൾ വേണ്ടെന്നുവെക്കേണ്ടിവന്നു. ഇതിന്റെ നിരാശയിൽ നിന്ന് അദ്ദേഹം തളരുകയല്ല, മറിച്ച് കൂടുതൽ ഊർജം സംഭരിച്ച് സംഗീതപരിപാടികൾക്കായി ശ്രമിക്കുകയാണ് ചെയ്തത്. 1984 സെപ്റ്റംബർ ഏഴിന് രാത്രിയിൽ വാഹനാപകടത്തിൽ അദ്ദേഹം മരണമടഞ്ഞു.

## ഉദാത്തമായ ഭക്തിരസം

ഇന്ത്യയിലെ പല സംഗീതവിശാരദന്മാരും സംഗീതപ്രേമികളും ഹിഗ്ഗിൻസിനെ മികച്ച ഗായകനായിട്ടാണ് അറിയുന്നത്. എന്നാൽ തന്റെ സംഗീതജീവിതത്തിൽ അദ്ദേഹം മികച്ചതും അസാധാരണവുമായ സംഗീതജ്ഞാനത്തിനുടമയായിരുന്നു എന്നു മാത്രമല്ല, ഒരേ സമയം കഠിനാധ്വാനിയായ സംഗീതവിദ്യാർഥിയും പ്രഗത്ഭനായ സംഗീതാധ്യാപകനും കാര്യശേഷിയുള്ള ഭരണകർത്താവും കൂടിയായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വേർപാട് പലതലങ്ങളിലാണ് ശൂന്യത സൃഷ്ടിച്ചത്.

നേരത്തേ സൂചിപ്പിച്ചിരുന്നതുപോലെ ഉദാത്തമായ ഭക്തിരസത്തിൽ ലയിക്കുന്നതാണ് അദ്ദേഹത്തിന്റെ രീതി. ഉച്ചാരണത്തിലുള്ള അപാകതകളെ ചൂണ്ടിക്കാണിച്ച് ഹിഗ്ഗിൻസിനെ വിമർശിച്ചവർ തീർച്ചയായും നമുക്കിടയിലുണ്ടായിട്ടുണ്ട്. കർണാടകസംഗീതത്തിലെ സംഗീത സമ്രാട്ടായിരുന്ന മദുരൈ മണി അയ്യരുടെ തൊണ്ടയിൽ അർബുദമുണ്ടാക്കിയ ഉച്ചാരണ വ്യത്യസ്തതകളെ ബോധപൂർവം വിമർശനങ്ങളിൽ നിന്ന് വിട്ടുകളഞ്ഞു തടിരക്ഷപ്പെടുത്തിയ ഇവർക്കു മുന്നിലും സംഗീതത്തിന്റെ സാലോക്യഭാവം കാണിച്ചുകൊടുക്കുകയായിരുന്നു ഹിഗ്ഗിൻസ് എന്ന മഹാഗായകൻ ചെയ്തത്. അതിനോടൊപ്പം തന്നെ അദ്ദേഹത്തിന്റെ ആലാപനത്തിലെ വൈവിധ്യം, പ്രാഗത്ഭ്യം, സമ്പുഷ്ടത, മനോഹാരിത എന്നീ ഗുണഗണങ്ങളൊക്കെ എന്നും സംഗീതപ്രേമികളുടെ മനസ്സിൽ നിറഞ്ഞു നിൽക്കുകതന്നെ ചെയ്യും.

ചില സംഭവങ്ങൾ അദ്ദേഹത്തിന്റെ മാനുഷികതയെയും സാമൂഹികപ്രതിബദ്ധതയെയും എടുത്തുകാട്ടുന്നതാണ്. ദക്ഷിണാഫ്രിക്കയിൽ ഒരു സംഗീത പരിപാടി നടത്താനായി അവിടത്തെ ഇന്ത്യൻ അക്കാദമി ക്ഷണിച്ചിരുന്നു. (നിർഭാഗ്യവശാൽ ആ പരിപാടിക്ക് പോകുന്നതിനുമുൻപ് അദ്ദേഹം അപകടം പറ്റി മരണമഞ്ഞു). ദക്ഷിണാഫ്രിക്കയിലെ വംശീയപ്രശ്നം

മൂലം ഈ സംഗീതപരിപാടി നടത്തുന്നതിനെക്കുറിച്ച് നിരവധി ആശങ്കകൾ മറ്റു സംഗീതജ്ഞർ പ്രകടിപ്പിച്ചപ്പോൾ ഹിഗ്ഗിൻസ് അവിടെ കച്ചേരി നടത്തുന്നതിനായി നിർബന്ധം പിടിച്ചു. മാത്രമല്ല, തന്റെ കച്ചേരി ആസ്വദിക്കാൻ വരുന്ന വിവിധ വംശജരെ തരംതിരിച്ചിരുത്തരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ദക്ഷിണാഫ്രിക്കയിലെ വർണവെറിയൻ ഭരണകൂടത്തിനെതിരെ തന്റെ പ്രതിഷേധം അദ്ദേഹം അത്തരത്തിൽ പ്രകടമാക്കുകയായിരുന്നു.

ഹിഗ്ഗിൻസ് അമേരിക്കയിൽ കർണാടക സംഗീതം പ്രചരിപ്പിക്കാൻ ആവുന്നതൊക്കെ ചെയ്തിട്ടുണ്ട്. അദ്ദേഹം അമേരിക്കക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ അവയെ ആലപിച്ചും വിസ്തരിച്ചും പാഠങ്ങൾ എടുത്തുമൊക്കെ മനസ്സിലാക്കിക്കൊണ്ടിരുന്നു. അതേസമയം തന്നെ അദ്ദേഹം ഇന്ത്യയിലെ ടി. വിശ്വനാഥൻ, രാമനാട് കൃഷ്ണൻ തുടങ്ങിയ ഗുരുക്കന്മാർക്കു കീഴിൽ പരിശീലനം നടത്തി. രംഗനാഥന്റെയും ബാലസരസ്വതിയുടെയും അടുത്ത് അക്കാദമിക പഠനങ്ങൾക്ക് ശിഷ്യപ്പെട്ടതിനുപുറമെയായിരുന്നു ഇതൊക്കെ.

യൂറോപ്യൻ, അമേരിക്കൻ ശാസ്ത്രീയ സംഗീതാലാപനത്തിൽ അദ്ദേഹത്തിന്റെ പാടവം അപാരമായിരുന്നു. ഹാൻഡൽ, ബാക്ക്, മൊസാർട്ട് തുടങ്ങിയ പ്രശസ്ത സംഗീതകാരന്മാരുടെ മുതൽ പിൽക്കാല സംഗീതകാരന്മാരായിരുന്ന ഫോർ, ബ്രാംസ്, എൽവിസ് തുടങ്ങിയവരുടെവരെ സൃഷ്ടികൾ അദ്ദേഹം മനോഹരമായി പാടുമായിരുന്നു.



ഹിഗ്ഗിൻസിന്റെ കച്ചേരി

യൂറോപ്യൻ, അമേരിക്കൻ ശാസ്ത്രീയ സംഗീതാലാപനത്തിൽ അദ്ദേഹത്തിന്റെ പാടവം അപാരമായിരുന്നു. ഹാൻഡൽ, ബാക്ക്, മൊസാർട്ട് തുടങ്ങിയ പ്രശസ്ത സംഗീതകാരന്മാരുടെ മുതൽ പിൽക്കാല സംഗീതകാരന്മാരായിരുന്ന ഫോർ, ബ്രാംസ്, എൽവിസ് തുടങ്ങിയവരുടെവരെ സൃഷ്ടികൾ അദ്ദേഹം മനോഹരമായി പാടുമായിരുന്നു. അദ്ദേഹത്തിന്റെ ആലാപനങ്ങളിൽ വാക്കുകളുടെ ഉച്ചാരണശുദ്ധിയും താളഭാവങ്ങളും നിറഞ്ഞു നിൽക്കുമായിരുന്നു. ഈ അപാര പാടവത്തിന്റെ പിൻബലത്തിലാണ് അദ്ദേഹത്തിന് അമേരിക്കയിലെ സംഗീത പണ്ഡിത സമൂഹത്തിന് മുന്നിൽ കർണാടകസംഗീതം അവതരിപ്പിക്കാൻ കഴിഞ്ഞത്.

ഹിഗ്ഗിൻസിന്റെ ലാളിത്യം അമ്പരപ്പിക്കുന്നതായിരുന്നു എന്ന് ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. യൂറോപ്യൻ, അമേരിക്കൻ ശാസ്ത്രീയ സംഗീതാലാപനത്തിൽ വളരെ മികവുപുലർത്തിയിരുന്നുവെങ്കിലും പള്ളിയുടെ ക്വോയർ ഗ്രൂപ്പിൽ ഒരു സാധാരണ അംഗത്തെപ്പോലെ അദ്ദേഹം പാടുമായിരുന്നു. അദ്ദേഹത്തിന്റെ ശബ്ദം മറ്റുള്ളവരെ അപേക്ഷിച്ച് ഗംഭീരമായിരുന്നെങ്കിലും പൊതുവായ ശ്രുതിയിൽ ലയിച്ചുപാടി അദ്ദേഹം മറ്റുള്ളവരിൽ ഒരാളാകുമായിരുന്നു. തിരുവയ്യാറിലെ ത്യാഗരാജ ആരാധന ആയിരക്കണക്കിന് ഉന്നത നിലവാരമുള്ള സംഗീതപ്രേമികൾ നേരിട്ടും അഖിലേന്ത്യാതലത്തിൽ റേഡിയോ, ടിവി തുടങ്ങിയ മാധ്യമങ്ങളിലൂടെ ഇന്ത്യയിലാകമാനമുള്ള സംഗീതപ്രേമികൾ പരോക്ഷമായും ആസ്വദിക്കുന്ന ഉത്സവമാണ്. കർണാടക സംഗീതലോകത്തെ മഹാരഥന്മാരാണ് അവിടെ സംഗീതപരിപാടി അവതരിപ്പിക്കാനെത്തുന്നത്. ഇത്തരമൊരു വേദിയിലാണ് ആസ്വാദകരെ സംഗീതത്തിന്റെ ഉജ്വലമായ ഭക്തി-ഭാവങ്ങളിൽ അദ്ദേഹം എത്തിച്ചത്. തീർച്ചയായും സ്വതസിദ്ധമായ കഴിവുകൾക്കപ്പുറം അദ്ദേഹം വർഷങ്ങളോളം നടത്തിയ അതിതീവ്രമായ പരിശീലത്തിലൂടെയായിരുന്നു ആസ്വാദകരെ ആഹ്ലാദിപ്പിക്കാനുള്ള നിലവാരത്തിലേക്കെത്തിയതെന്നുള്ളകാര്യം അവർക്ക് അറിയില്ലായിരുന്നു എന്നതാണ് സത്യം. അദ്ദേഹം തന്റെ മുൻജന്മത്തിൽ തഞ്ചാവൂരിലെ കാവേരിയുടെ തീരത്തെവിടെയോ ജീവിച്ചിരിക്കണമെന്നാണ് തിരുവയ്യാറിലെ ത്യാഗരാജ ആരാധനോത്സവത്തിൽ പാടിയ ഹിഗ്ഗിൻസിനെ അനുഗ്രഹിച്ച് വന്ദ്യവയോധികനായ ഒരു സംഗീതജ്ഞൻ പറഞ്ഞത്.

ഹിഗ്ഗിൻസ് കൂടുതലും കച്ചേരി നടത്തിയിട്ടുള്ളത് വി. ത്യാഗരാജൻ (വയലിൻ), ടി. രംഗനാഥൻ (മൃദംഗം), വി. നാഗരാജൻ (ഗഞ്ചിറ) എന്നീ കലാകാരന്മാരുടെ അകമ്പടിയോടെയാണ്. പ്രഗത്ഭരായ അകമ്പടിക്കാരുണ്ടാവുകയെന്നത് ഒരു ഗായകന്റെ നിലവാരത്തിനുള്ള അംഗീകാരമായിട്ടാണ് കാണേണ്ടത്. അവരുടെകൂടെ പാടാൻ പ്രഗത്ഭരെന്നു കരുതുന്നവർക്കുപോലും ഉള്ളിൽ ബഹുമാനം നിറഞ്ഞ ഭയമായിരുന്നു. കർണാടക സംഗീതലോകത്തെ എക്കാലത്തെയും മികച്ച മൃദംഗ വിദ്വാന്മാരായിരുന്ന പാലക്കാട് മണി അയ്യർ, പാലക്കാട് രഘു, ഉമയാൾപുരം ശിവരാമൻ, ട്രിച്ചി ശങ്കരൻ, കാരൈക്കുടി മണി പോലെയുള്ളവരുടെ അകമ്പടിയോടെ ഹിഗ്ഗിൻസ് കച്ചേരികൾ നടത്തിയിട്ടുണ്ട്.

ഭാരതീയ സംസ്കാരത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന തീവ്രമായ അഭിമുഖ്യവും ലാളിത്യവും വ്യക്തമാക്കുന്ന ഒരു രസകരമായ സംഭവം കൂടി.

ഒരിക്കൽ ഹിഗ്ഗിൻസ് സംഗീതജ്ഞരായ കുറച്ച് സുഹൃത്തുക്കളോടൊപ്പം കർണാടകയിലുള്ള ഉഡുപ്പിയിലെ പ്രശസ്തമായ ശ്രീകൃഷ്ണക്ഷേത്രത്തിൽ പോയിരുന്നു. നെറ്റിയിൽ കുങ്കുമവും വിഭൂതിയും ചാർത്തി തികച്ചും ഭാരതീയ വേഷത്തിലായിരുന്നു അദ്ദേഹം ചെന്നത്. എന്നാലും അദ്ദേഹത്തിന്റെ നിറം വിദേശിയാണെന്ന് വിളിച്ചോതുന്നതാകയാൽ പൂജാരി അദ്ദേഹത്തിനെ ക്ഷേത്രത്തിനകത്ത് പ്രവേശിക്കുന്നതിൽ നിന്ന് തടഞ്ഞു. ദർശനം നിഷേധിക്കപ്പെട്ട അദ്ദേഹം ക്ഷേത്രത്തിന് വെളിയിൽ നിന്നുകൊണ്ട് വിഷാദചിത്തനായി യമുനാകല്യാണി രാഗത്തിൽ പ്രസിദ്ധമായ 'കൃഷ്ണാ നീ ബേഗനേ ബാരോ' എന്ന കീർത്തനം ആലപിക്കാൻ തുടങ്ങി. ആ നാദപ്രവാഹത്തിൽ ആകൃഷ്ടരായി ഭക്തജനങ്ങൾ ഹിഗ്ഗിൻസിനുചുറ്റും തടിച്ചുകൂടി. അത്ഭുതസ്തബ്ധരായ പൂജാരിയും ക്ഷേത്രഭരണാധികാരികളും അദ്ദേഹത്തിന്റെ അടുത്തെത്തുകയും ക്ഷമപറഞ്ഞ് ആദരപൂർവം ക്ഷേത്രത്തിനകത്തേക്ക് ആനയിക്കുകയും ചെയ്തു.

കഠിനമായ പരിശ്രമം, ചിട്ടയായ പ്രവർത്തനം, സമൂർത്തമായ ആസൂത്രണം, കൃത്യമായ ലക്ഷ്യബോധം എന്നിവയിലൂടെ ഈ സായിപ്പ് ഭാഗവതർ നമ്മുടെ ദേശീയ സാംസ്കാരിക സമ്പത്ത് കാത്തുസൂക്ഷിക്കാൻ നടത്തിയ പ്രവർത്തനങ്ങളുടെ കാലിക പ്രാധാന്യം ഇനിയും തിരിത്തറിയേണ്ടിയിരിക്കുന്നു ■



കുളത്തൂർ ജി. മിത്രൻ

# പൗരാണിക വൈദഗ്ധ്യത്തിന്റെ സൂക്ഷിപ്പുകൾ

പുരാതനകാലം മുതൽക്കെ ഭാരതീയരുടെ നിർമാണ വൈദഗ്ധ്യം പ്രസിദ്ധമാണ്. പുറം നാട്ടുകാർ ഈ വൈദഗ്ധ്യത്തെക്കുറിച്ച് അറിയാനും, കേട്ടറിഞ്ഞവ നേരിൽ കണ്ട് ബോധ്യപ്പെടാനുമൊക്കെ ശ്രമിച്ചിട്ടുമുണ്ട്. നമ്മുടെ പൂർവികർ നൂറ്റാണ്ടുകൾക്കു മുമ്പ് കൈവരിച്ച വൈദഗ്ധ്യം എത്രത്തോളമായിരുന്നുവെന്ന് അറിയണമെങ്കിൽ ഡൽഹിയിലെ ക്രാഫ്റ്റ് മ്യൂസിയം സന്ദർശിക്കണം.

ശാസ്ത്രസാങ്കേതിക മേഖലയിലെ അതിവേഗപാച്ചിലിനിടയിൽ ഇന്നലകളെ അവജ്ഞയോടെ ആരെങ്കിലും നോക്കിക്കാണുന്നുവെങ്കിൽ ഇവിടുത്തെ നേർക്കാഴ്ച ഇക്കൂട്ടർക്ക് പുതിയൊരു അനുഭവം തന്നെയായിരിക്കും.

ന്യൂഡൽഹിയിൽ രാജ്യാന്തര മേളകൾ നടക്കാറുള്ള പ്രഗതി മൈതാനത്തോടു ചേർന്നാണ് ക്രാഫ്റ്റ് മ്യൂസിയം പ്രവർത്തിക്കുന്നത്. 1991 ഡിസംബർ 21 ന് ഇന്ത്യൻ പ്രസിഡന്റായിരുന്ന ആർ. വെങ്കിട്ടരാമനാണ് ഈ മ്യൂസിയം രാജ്യത്തിനുവേണ്ടി സമർപ്പിച്ചത്. ദിനംപ്രതി ആയിരക്കണക്കിനു സന്ദർശകർ എത്തിച്ചേരുന്ന ഈ കാഴ്ച ബംഗ്ലാവ് വിവിധ സംസ്കാരങ്ങളുടെ സമന്വയ കേന്ദ്രം തന്നെയാണ്. സന്ദർശകർ ഇവിടെ കാണേണ്ടത് പുരാവസ്തുക്കളെയല്ല, മറിച്ച് നിർമാണ വൈദഗ്ധ്യത്തെയാണ്.

## ചരിത്രം സ്പന്ദിക്കുന്ന ശിൽപങ്ങൾ

ഒറ്റനോട്ടത്തിൽ തന്നെ ശ്രദ്ധ പിടിച്ചുപറ്റുന്നതാണ് പ്രവേശന കവാടത്തിനു സമീപം സൂക്ഷിച്ചിട്ടുള്ള കൂറ്റൻ രഥം. പതിനെട്ടാം നൂറ്റാണ്ടിൽ നിർമിച്ച ഈ രഥത്തിന് ഇപ്പോൾ ദക്ഷിണേന്ത്യയിലെ ക്ഷേത്രങ്ങളിൽ കാണപ്പെടുന്ന രഥത്തേക്കാൾ വലുപ്പവും ഭംഗിയുമുണ്ട്. ചുറ്റും മനോഹരമായ കൊത്തുപണികളാൽ നിർമിച്ചിട്ടുള്ള ഈ രഥത്തിന് കുറഞ്ഞത് ഇരുപത് അടിയെങ്കിലും ഉയരമുണ്ടാകും. ഒരാൾ പൊക്കം വരും ചക്രങ്ങൾക്ക്.

പതിനാറു മുതൽ ഇരുപതാം നൂറ്റാണ്ടു വരെയുള്ള കാലയളവിനുള്ളിൽ തടിയും കല്ലും വിവിധ ലോഹങ്ങൾ കൊണ്ടും നിർമിച്ച ശിൽപ്പങ്ങൾ, സൃഷ്ടിപ്രക്രിയക്കിടയിലെ കൗശലവും ചാതുര്യവും വളരെ വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല, ആദികാല സൃഷ്ടികൾ രൂപപ്പെട്ടത് മിത്തുകളെയും സങ്കൽപങ്ങളെയും പുരാണങ്ങളെയും ആധാരമാക്കിയാണെന്ന വിശ്വാസത്തെയും ഇവിടെ സൂക്ഷിച്ചിട്ടുള്ള ശിൽപങ്ങൾ അരക്കിട്ടുറപ്പിക്കുന്നു. കാഴ്ചക്കാരെ നിമിഷനേരം പിടിച്ചുനിർത്തുന്നതാണ് പതിനെട്ടാം നൂറ്റാണ്ടിൽ കർണാടകയിൽ നിർമിച്ച നാഗക്കല്ല്.

നൂറ്റാണ്ടുകൾക്കു മുമ്പ് വീരയോദ്ധാ



## ന്യൂഡൽഹി ക്രാഫ്റ്റ് മ്യൂസിയത്തിലെ കാഴ്ചകൾ









ക്കൾക്ക് വലിയ അംഗീകാരം ലഭിച്ചിരുന്നുവെന്ന്, വളരെ വൈദഗ്ധ്യത്തോടെ നിർമിച്ചിരുന്ന ശിൽപ്പങ്ങളിൽ നിന്നും മനസ്സിലാക്കാനാകും. കയ്യിൽ ആയുധമേന്തി ഒട്ടകത്തിന്റെ പുറത്തിരിക്കുന്ന യോദ്ധാവിന്റെയും പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിൽ തമിഴ്നാട്, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നിർമിച്ച കുതിരപ്പുറത്തിരിക്കുന്ന യോദ്ധാവിന്റെയുമൊക്കെ ശിൽപ്പങ്ങൾ ഗാംഭീര്യമുള്ളവയാണ്. 'ദുർഗാ' സങ്കൽപം യാഥാർഥ്യമാക്കുന്ന ഇരുപതാം നൂറ്റാണ്ടിൽ തടിയിൽ പണിത ശിൽപവും, മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ഭീമന്റെ രൂപം അതേപടി പകർത്തി നിർമിച്ചിട്ടുള്ള ശിൽപ്പവും ഭൂതദൈവങ്ങളുമൊക്കെ നമുക്ക് ഇവിടെ കാണാൻ കഴിയുന്നു.

പുരാതന കാലം മുതൽക്കേ ചിത്രരചനയിലും പ്രതീക്ഷകൾക്കുമപ്പുറമായിരുന്നു നമ്മുടെ പ്രാവീണ്യമെന്ന് സന്ദർശകന് ബോധ്യമാവും. പിഗ്മെന്റ്, തഞ്ചാവൂർ, ഗ്ലാസ് പെയിന്റിങ്, കളംകാരി, ശെഖാവരി, ദേവനാരായണ തുടങ്ങിയ വിഭാഗതിൽപ്പെട്ട പെയിന്റിങ്ങുകളാണ് ഇവിടെ ഏറെയും.

ചുവരിൽ മണ്ണ്, കുമ്മായം, പച്ചക്കറി, നീലം തുടങ്ങിയവ ഉപയോഗിച്ച് നിർമിച്ചിട്ടുള്ള 'ആനപ്പുറത്തിരുന്ന് യുദ്ധം ചെയ്യുന്ന യോദ്ധാവിന്റെ' ചിത്രം (രാജസ്ഥാനിലെ ശെഖാവാരിണി) അതി മനോഹരമാണ്. പത്തൊൻപതാം നൂറ്റാണ്ടിൽ പെഗ്മെന്റ് ഉപയോഗിച്ച് തുണികളിൽ വരച്ച ചിത്രങ്ങളും ഒറീസയിലെ ഗോവർധന ചിത്രങ്ങളും തിബറ്റൻ ദേവതയും ഗ്ലാസ്സിൽ പൂർത്തിയാക്കിയിട്ടുള്ള തഞ്ചാവൂരിലെ വീണവായിക്കുന്ന പെൺകുട്ടിയും ഹനുമാൻ ചിത്രങ്ങളുമൊക്കെ മനംകവരുന്നതു തന്നെയാണ്. വളരെ പ്രസിദ്ധമായ ആന്ധ്രയിലെ 'കളംകാരി' പെയിന്റിങ് സാരിയും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.

### ഓട്ടുരുളികളും വിഗ്രഹങ്ങളും

കേരളത്തിലും തമിഴ്നാട്ടിലും ഇപ്പോഴും ഉപയോഗിച്ചുവരുന്ന ഓട്ടുരുളി ഇവിടെ ഒരു അതിശയവസ്തുവാണ്. ഒരേ സമയം ആയിരക്കണക്കിന് ആളുകൾക്ക് ആഹാരം പാകംചെയ്യാൻ കഴിയുന്ന 400 വർഷം പഴക്കമുള്ളതാണ് ഈ ഉരുളി. പത്തൊമ്പതാം നൂറ്റാണ്ടിൽ വീടുകളിൽ ഉപയോഗിച്ചിരുന്ന ലോഹനിർമിതമായ പാത്രങ്ങളും ഇരുമ്പുകൊണ്ടുള്ള കൂറ്റൻ സംഭരണികളും വളരെ വലുപ്പമുള്ള മൺകൂനകളുമൊക്കെ ഇവിടെയുണ്ട്.

പതിനാറാം നൂറ്റാണ്ടു മുതൽ പത്തൊമ്പതാം നൂറ്റാണ്ടുവരെ ഗണേശവിഗ്രഹ ആരാധനയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ടായിരുന്നുവെന്ന് ഇവിടുത്തെ ശേഖരത്തിൽ നിന്നു മനസ്സിലാകും. വ്യത്യസ്ത രീതിയിൽ നിർമിച്ചിട്ടുള്ള ചെറുതും വലുതുമായ നൂറുകണക്കിന് ഗണേശ ശിൽപ്പങ്ങളാണുള്ളത്. 400 വർഷം പഴക്കമുള്ള ശിവ, കൃഷ്ണ രൂപങ്ങളുമുണ്ട്.

ശ്രദ്ധേയമായ മറ്റൊന്ന് പണ്ടുകാലത്തെ യാത്രകളെ ഓർമപ്പെടുത്തുന്നതാണ്. കാള, കുതിര, പോത്ത് തുടങ്ങിയ മൃഗങ്ങളെ പൂട്ടിയ തടിയിലും ക്രമേണ ഇരുമ്പിലും നിർമിച്ച ഇരുചക്രവണ്ടിയാണല്ലോ അക്കാലത്ത് യാത്രയ്ക്കായി ഉപയോഗിച്ചിരുന്നത്. ഇത്തരത്തിലുള്ള പഴയകാലത്തെ പലതരം വണ്ടികൾ ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. സാധനങ്ങൾ സുരക്ഷിതമായി കൊണ്ടുപോകുന്നതിനുള്ള ഇരുമ്പുപെട്ടി ഘടിപ്പിച്ചവയും ഇക്കൂട്ടത്തിൽപ്പെടുന്നു. മ്യൂസിയത്തിന്റെ ഒരു ഭാഗത്ത് ഒരുക്കിയിട്ടുള്ള ആദ്യകാല മനുഷ്യർ താമസിച്ചിരുന്ന കുടിലുകൾ ഏറെ ശ്രദ്ധപിടിച്ചുപറ്റുന്നു.

കലാകാരന്മാർക്ക് പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരവും മ്യൂസിയത്തിൽ നൽകുന്നുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും വൈദഗ്ധ്യമുള്ള തൊഴിലാളികളെ ഇവിടെ താമസിപ്പിച്ച്, ഇവരുടെ കരവിരുതുകൾ സന്ദർശകർക്ക് ദൃശ്യമാക്കാനും ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. സ്റ്റാളുകളിൽ പതിനായിരക്കണക്കിന് രൂപയുടെ വില്പന ദിനംപ്രതി നടക്കുന്നു.

ബീഹാറിലെ മധുബനി, ഒറീസ്സയിലെ താളിയോല, ജമ്മു കാശ്മീരിലെ ഷാൾ എംബ്രോയ്ഡറി, പഞ്ചാബിലെ സിക്കിഗ്രാഡ്, മധ്യപ്രദേശിലെ ഗോണ്ട് പെയിന്റിങ്, ആന്ധ്രപ്രദേശിലെ തോൽപ്പാവ, ജാർഖണ്ഡിലെ ഗോത്രാഭരണ വിഭാഗങ്ങളിൽപ്പെട്ട ഉത്പന്നങ്ങൾക്ക് പ്രിയമേറെയാണ്.

കേരളത്തിലെ പഴയ നാലുകെട്ടും മനയുമൊക്കെ ഇവിടെ ഒരുക്കിയിരുന്നെങ്കിൽ സന്ദർശകർ കണ്ണെടുക്കാതെ നോക്കി നിൽക്കുമായിരുന്നുവെന്ന് തീർച്ച. ■





# ആദർശശുദ്ധിയുടെ ആൾരൂപം



മുൻ മന്ത്രിയും എൻ.സി.പി. ദേശീയപ്രവർത്തക സമിതിയംഗവും മുൻ സംസ്ഥാന പ്രസിഡന്റുമായ എ.സി. ഷൺമുഖദാസ് (73) അന്തരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജൂൺ 27 നായിരുന്നു അന്ത്യം. കരൾ സംബന്ധമായി ചികിത്സയിലായിരുന്നു ഏറെക്കാലം.

കാൽ നൂറ്റാണ്ടിലേറേക്കാലം നിയമസഭാംഗമായിരുന്ന ഷൺമുഖദാസ് ഇ.കെ. നായനാരോടൊപ്പം മൂന്നു തവണ മന്ത്രിയായി പ്രവർത്തിച്ചു. 1970 ലെ ഇടക്കാല തിരഞ്ഞെടുപ്പിലാണ് ആദ്യമായി ബാലുശ്ശേരിയിൽ നിന്നും ജയിച്ചത്. 1980 മുതൽ ബാലുശ്ശേരിയുടെ എം.എൽ.എ ആയി. 2001 ലാണ് അവസാനമായി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. നായനാർ മന്ത്രിസഭയിൽ 1980 ൽ ജലസേചന മന്ത്രിയായും 1987 ലും 1996 ലും ആരോഗ്യമന്ത്രിയായിട്ടുമാണ് എ.സി. ഷൺമുഖദാസ് പ്രവർത്തിച്ചത്.

ധർമടം ചീനാൻ കുഞ്ഞിരാമന്റെയും അണിയേരി വെങ്ങിലാട്ട് ശാരദാമ്മയുടെയും മകനായി 1939 ജനുവരി അഞ്ചിനാണ് ജനനം. ഗോവ വിമോചന സമരത്തിലൂടെയാണ് രാഷ്ട്രീയരംഗത്തെത്തിയത്. കെ.എസ്.യുവിന്റെയും യൂത്ത് കോൺഗ്രസിന്റെയും സംസ്ഥാന സെക്രട്ടറിയായിരുന്നു. കോഴിക്കോട്, മലപ്പുറം ഡി.സി.സി. സെക്രട്ടറി, കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. സെക്രട്ടറി എന്നീ നിലകളിൽ പ്രശോഭിച്ചു.

വിദ്യാർഥി ജീവിതകാലം മുതൽ പൊതുപ്രവർത്തന രംഗത്തിറങ്ങിയ അദ്ദേഹം ജീവിതാന്ത്യം വരെ അതിന്റെ നന്മയും വിശുദ്ധിയും കാത്തുസൂക്ഷിച്ചു. വിവിധ പദവികൾ വഹിച്ചപ്പോഴെല്ലാം ആ ഊർജസ്വലതയും ആദർശശുദ്ധിയും അദ്ദേഹത്തിന് കരുത്തായി വർത്തിച്ചു.

# കെ. നാരായണക്കുറുപ്പ് ഓർമയായി



മുൻ മന്ത്രിയും ഡെപ്യൂട്ടി സ്പീക്കറും കേരളാകോൺഗ്രസ് സ്ഥാപകനേതാക്കളിൽ പ്രമുഖനുമായ ചമ്പക്കര ചെറുമാക്കൽ പ്രൊഫ. കെ. നാരായണക്കുറുപ്പ് (86) ഓർമയായി. കോട്ടയത്തെ സ്വകാര്യ ആശുപത്രിയിൽ ജൂൺ 26 നായിരുന്നു അന്ത്യം.

1927 ഒക്ടോബർ 23 ന് കെ.പി. കൃഷ്ണൻ നായരുടെയും കുട്ടിയമ്മയുടെയും മകനായി ജനിച്ച കെ. നാരായണക്കുറുപ്പ് തിരുവിതാംകൂർ, മദ്രാസ്, മുംബൈ, പൂനെ സർവകലാശാലകളിൽ നിന്ന് പഠനം പൂർത്തിയാക്കി. 1954 ൽ അഭിഭാഷകനായി. വിവിധ എൻ.എസ്.എസ്. കോളേജുകളിൽ സാമ്പത്തികശാസ്ത്ര അധ്യാപകനായി സേവനം അനുഷ്ഠിച്ചു. 16 വർഷം കറുകച്ചാൽ പഞ്ചായത്ത് പ്രസിഡന്റായിരുന്നു.

1954 ലെ തിരു-കൊച്ചി നിയമസഭാ തിരഞ്ഞെടുപ്പിൽ വാഴൂർ നിയോജകമണ്ഡലത്തിൽ നിന്നും പി.എസ്.പി. സ്ഥാനാർഥിയായി വിജയിച്ചു. 1963ൽ വാഴൂർ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച് രണ്ടാം കേരള നിയമസഭയിലെത്തി. പിന്നീട് കേരളാ കോൺഗ്രസിൽ ചേർന്ന നാരായണക്കുറുപ്പ് 1970, 1977, 1991, 1996, 2001 തിരഞ്ഞെടുപ്പുകളിലും മികച്ച വിജയം നേടി. നാലു മന്ത്രിസഭകളിൽ നാരായണക്കുറുപ്പ് മന്ത്രിയായി. അച്യുതമേനോന്റെയും കരുണാകരന്റെയും ആന്റണിയുടെയും പി.കെ.വിയുടെയും മന്ത്രിസഭകളിൽ ഗതാഗതം, എക്സൈസ് വകുപ്പുകളുടെ ചുമതലയാണ് പ്രൊഫ. കെ. നാരായണക്കുറുപ്പ് വഹിച്ചത്.

1991-96 കാലയളവിൽ ഡെപ്യൂട്ടി സ്പീക്കറായും പ്രവർത്തിച്ചു. ഇതിനിടെ 53 ദിവസം ആക്ടിങ് സ്പീക്കറുമായി. 11 ാം മന്ത്രിസഭയിൽ 2001 ൽ പ്രോംടേം സ്പീക്കറായും മികവു കാട്ടി.

# വിദ്യാപോഷണം പദ്ധതി മൂന്നാം ഘട്ടത്തിൽ

രാജ്യത്തിനാകെ മാതൃകയായ ഭക്ഷ്യസുരക്ഷപദ്ധതിയിലൂടെ നേട്ടം കൈവരിച്ച കേന്ദ്രമന്ത്രി കെ.വി. തോമസിന്റെ ഉത്തമമായ മറ്റൊരു മാതൃകയാണ് 'വിദ്യാപോഷണം പോഷകസമൃദ്ധം' പദ്ധതിയെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. കേന്ദ്ര മന്ത്രി പ്രൊഫ. കെ.വി. തോമസിന്റെ നേതൃത്വത്തിൽ എറണാകുളം പാർലമെന്റ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിദ്യാപോഷണം പോഷകസമൃദ്ധം ഉച്ചഭക്ഷണ പദ്ധതിയുടെ മൂന്നാംഘട്ടം പള്ളുരുത്തി എസ്.ഡി.പി.വൈ. മൈതാനത്ത് ടെലികോൺഫ്രൻസിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പോഷകസമൃദ്ധമായ ഭക്ഷണമാണ് പദ്ധതിയിലൂടെ വിദ്യാർഥികൾക്ക് നൽകിവരുന്നത്. ഇത് സമൂഹത്തിലുണ്ടാക്കുന്ന മാറ്റം വളരെ വലുതാണ്. ഇന്ത്യയിലാദ്യമായി ഭക്ഷ്യസുരക്ഷ ഉറപ്പാക്കിയ തോമസ് മാസ്റ്ററുടെ ഏറ്റവും വലിയ പൊതുപ്രവർത്തനമാണിതെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ എക്സൈസ്, തുറമുഖ, ഫിഷറീസ് മന്ത്രി കെ. ബാബു, ഡൊമിനിക് പ്രസന്റേഷൻ എം.എൽ.എ. എന്നിവർ മുഖ്യാതിഥികളായിരുന്നു. ചടങ്ങിൽ മേയർ ടോണി ചമ്മണി, കൊച്ചി നഗരസഭ വിദ്യാഭ്യാസ സമതി ചെയർമാൻ ആർ. ത്യാഗരാജൻ, നോർക്ക റൂട്സ് ഡയറക്ടർ ഇസ്മയിൽ റാവുത്തർ തുടങ്ങിയവർ പ്രസംഗിച്ചു.

മണ്ഡലത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ 61 വിദ്യാലയങ്ങളിലെ 20000 വിദ്യാർഥികളെയാണ് മൂന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ വിദ്യാർഥിക്കും ഉച്ചഭക്ഷണത്തിന് സർക്കാർ നൽകുന്ന അഞ്ചു രൂപയ്ക്ക് പുറമെ ഈ പദ്ധതി പ്രകാരം അഞ്ചു രൂപ കൂടി അധികമായി നൽകുന്നു. മൂന്നാം ഘട്ട പദ്ധതിയുടെ ചെലവ് 80 ലക്ഷം രൂപയാണ്. വിദ്യാലയങ്ങൾക്കുള്ള ചെക്കുകൾ ഇന്നലെ തന്നെ കൈമാറി. കേന്ദ്ര, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭകർ, സുമനസുകളായ വ്യക്തിത്വങ്ങൾ എന്നിവരുടെ സഹകരണത്തോടെയാണ് അധ്യാപക രക്ഷകർതൃസമിതികളുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കുന്നത്.

19 വിദ്യാർഥികൾ മാത്രം പഠിക്കുന്ന മട്ടാഞ്ചേരി താമരപ്പറമ്പ് ഗവ. സ്ക്കൂളും പതിനായിരത്തിലേറെ വിദ്യാർഥികൾ പഠിക്കുന്ന പള്ളുരുത്തി എസ്.ഡി.പി.വൈ. സ്കൂളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഈ വർഷം ഏറ്റവും കൂടുതൽ സഹായം ലഭിക്കുന്നത് എസ്.ഡി.പി.വൈ. സ്കൂളിനാണ്. ഏഴ് ലക്ഷം രൂപയാണ് അവർക്ക് ലഭിച്ചത്.

*ചന്ദ്രഹാസൻവടുതല*

*ജില്ല ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

# മോണോറെയിൽ : കോഴിക്കോട് പ്രൊജക്ട് ഓഫീസ് പ്രവർത്തനമാരംഭിച്ചു



മോണോറെയിൽ പദ്ധതിയുടെ പ്രൊജക്ട് ഓഫീസ് വ്യവസായ-ഐ.ടി മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു

മലബാറിന്റെ സ്വപ്ന പദ്ധതിയായ കോഴിക്കോട് മോണോറെയിൽ പദ്ധതിയുടെ പ്രൊജക്ട് ഓഫീസ് പ്രവർത്തനമാരംഭിച്ചു. സിവിൽ സ്റ്റേഷൻ ബി. ബ്ലോക്കിൽ നടന്ന ചടങ്ങിൽ വ്യവസായ-ഐ.ടി മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി ഓഫീസ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മോണോറെയിൽ കോർപ്പറേഷൻ വൈസ് ചെയർമാൻ കൂടിയായ പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ്, പഞ്ചായത്ത്-സാമൂഹ്യനീതി മന്ത്രി ഡോ. എം.കെ. മുനീർ, എം.കെ. രാഘവൻ എം.പി., ജില്ലാ കളക്ടർ സി.എ. ലത, മോണോറെയിൽ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ പി.സി. ഹരികേഷ്, ചീഫ് ജനറൽ മാനേജർ എസ്. മാധവൻപിള്ള, കോഴിക്കോട് പ്രൊജക്ട് മാനേജർ ആനന്ദ് ഇളമൺ എന്നിവർ സംബന്ധിച്ചു.

പദ്ധതിയുടെ ജനറൽ കൺസൾട്ടൻസിയായി ഡൽഹി മെട്രോറെയിൽ കോർപ്പറേഷനെ അംഗീക

# നിയമനിർമാണ സഭകളുടെ ചരിത്ര ചിത്രപ്രദർശനം ശ്രദ്ധേയമായി

കേരളത്തിലെ നിയമനിർമാണ സഭകളുടെ ചരിത്രം വിവരിക്കുന്ന ചിത്ര പ്രദർശനം തിരൂർ തുഞ്ചൻ സ്മാരക ഹാളിൽ സംഘടിപ്പിച്ചു. ജനായത്ത സ്ഥാപനങ്ങളുടെ ചരിത്രം തുടങ്ങി ശ്രീമൂലം തിരുനാൾരാമവർമ, റാണി സേതു ലക്ഷ്മി ഭായ്, ചിത്തിരതിരുനാൾ ബാലരാമവർമ, തിരുവിതാംകൂർ രാജവംശം എന്നീ കാലഘട്ടങ്ങളിലൂടെ കടന്ന് കേരളപ്പിറവിക്ക് ശേഷമുള്ള നിയമസഭകളെ നയിച്ചവരുടെ ഫോട്ടോകളും നിയമനിർമാണ രേഖകളും ചിത്ര പ്രദർശനത്തിലുണ്ട്. വിവിധ കാലഘട്ടങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളുടെ വിശദാംശം, ചിത്തിര തിരുനാൾ ബാലരാമവർമ തിരുവിതാംകൂർ - കൊച്ചി ഐക്യ സംസ്ഥാന ഉദ്ഘാടന വേളയിൽ സംസാരിക്കുന്ന ചിത്രം, ലോഡ് മൗണ്ട് ബാറ്റൺ കൊച്ചി പ്രധാനമന്ത്രിയുമായി ചർച്ചകൾ നടത്തുന്ന ചിത്രം തുടങ്ങി മദ്രാസ് സംസ്ഥാനത്ത് മലബാറിൽ നിന്നുള്ള മന്ത്രിമാർ, തിരുവിതാംകൂർ - ശ്രീമൂലം അസംബ്ലി എന്നിവയിൽ അംഗങ്ങളായിരുന്ന കുമാരനാശാൻ, അയ്യങ്കാളി, ഉള്ളൂർ എന്നിവരുടെ ചിത്രങ്ങളും ശ്രദ്ധേയമായി.




ചരിത്ര ചിത്ര പ്രദർശനം മന്ത്രി പി.കെ. അബ്ദുറബ്ബ് ഉദ്ഘാടനം ചെയ്യുന്നു

കമ്മാള സമുദായക്കാർ സബ്സിഡി, പരിശീലനം, സർവെ, ടെക്നിക്കൽ വിദ്യാഭ്യാസം എന്നിവ ആവശ്യപ്പെട്ട് വ്യവസായ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷ, മുസ്ലീങ്ങളെ കൂടുതലായി കോൺഗ്രസിൽ ചേർക്കണമെന്ന് ആവശ്യപ്പെട്ട് മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ് ഗാന്ധിജിയ്ക്ക് അയച്ച കത്ത്, ഹജ് തീർഥാടനവുമായി ബന്ധപ്പെട്ട റിപ്പോർട്ട്, ഏറനാട്ട് - വള്ളുവനാട് താലൂക്കുകളിലെ മാപ്പിളമാരുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്, 1801 മുതൽ 1932 വരെയുള്ള മലബാർ കളക്ടർമാരുടെ പേരുകൾ, അൽ അമീൻ പത്രത്തിന്റെ ഒന്നാം പേജ്, സയ്യദ് ഫസൽ പൂക്കോയത്തങ്ങൾ മക്കയിലുണ്ടെന്ന് കാണിക്കുന്ന കത്ത്, മലബാറിൽ ലഹള നിരോധിച്ചു കൊണ്ടുള്ള ആക്ട്, മലബാറിലെ ഉത്സവങ്ങളുടെ ലിസ്റ്റ്, മദ്രാസ് പ്രസിഡൻസി സെൻസസ് ചരിത്രം, ക്ഷേത്രങ്ങളുൾപ്പെടെയുള്ള ആരാധാനാലയങ്ങൾക്ക് ടിപ്പുസുൽത്താൻ ഇനാം അടിസ്ഥാനത്തിൽ ഭൂമി നൽകിയത് സംബന്ധിച്ച റിപ്പോർട്ട് എന്നിവയും ഉൾപ്പെടുത്തിയിരുന്നു.

മന്ത്രി പി.കെ. അബ്ദു റബ്ബ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. സി. മമ്മൂട്ടി എം.എൽ.എ. അധ്യക്ഷനായി. എം.എൽ.എ. മാരായ അബ്ദുറഹ്മാൻ രണ്ടത്താണി, ടി.എ. അഹമ്മദ് കബീർ, ജില്ലാ കലക്റ്റർ കെ.ബിജു, നഗരസഭാ ചെയർപേഴ്സൺ കെ. സഫിയ, ബാർ കൗൺസിൽ പ്രസിഡന്റ് എം.കെ. മൂസക്കുട്ടി, ചേംബർ ഓഫ് കൊമേഴ്സിനെ പ്രതിനിധീകരിച്ച് ടി.എ. ബാവ, നിയമസഭാ ഡെപ്യൂട്ടി സെക്രട്ടറി റ്റി. മനോഹരൻ നായർ എന്നിവർ സംസാരിച്ചു.

ഇതോടനുബന്ധിച്ച് ജില്ലയിലെ മുൻ നിയമസഭാ സാമാജികരായ ഇസ്ഹാഖ് കുരിക്കൾ, എൻ. കണ്ണൻ, കെ. കുട്ടി അഹമ്മദ് കുട്ടി, നാലകത്ത് സൂപ്പി, എ. യൂനസ് കുഞ്ഞ്, പി.പി. അബ്ദുള്ളക്കുട്ടി എന്നിവരെ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ് ആദരിച്ചു.

ഡയറക്ടേറ്റ് ഓഫ് അഡ്വർടൈസിങ് ആൻഡ് വിഷ്വൽ പബ്ലിസിറ്റി, ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്, പുരാരേഖാ വകുപ്പ് എന്നിവരുടെ സഹകരണത്തോടെയാണ് പ്രദർശനം. 'വൺ ഡേ ഇൻ അസംബ്ലി' ഡോകുമെന്ററിയും പ്രദർശിപ്പിച്ചു.

---

രിക്കുന്ന കരാറിന് ഈ വർഷം ജൂൺ 19 ന് ഒപ്പുവെച്ചിരുന്നു. ഡി.എം.ആർ.സി. തയാറാക്കിയ പ്രൊജക്ട് റിപ്പോർട്ട് പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്റ്റൽ മുതൽ മീഞ്ചന്ത വരെയുള്ള 14.2 കി. മീറ്റർ ദൈർഘ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. നിർമാണ ചെലവ് 1832 കോടി രൂപയാണ്. പദ്ധതി പൂർത്തിയാകുമ്പോൾ മൊത്തം ചെലവ് 1991 കോടി രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നിലവിലുള്ള പൊതുമരാമത്ത് വകുപ്പ് റോഡിന്റെ മധ്യത്തിൽ ഉയരത്തിലാണ് മോണോറെയിലിന്റെ അലൈൻമെന്റ്. സ്റ്റേഷനുകളും പ്ലാറ്റ്ഫോമുകളും ഉയരത്തിലായിരിക്കും. എല്ലാ സ്റ്റേഷനുകളിലും ലിഫ്റ്റ് ഏർപ്പെടുത്തും. മെഡിക്കൽ കോളേജിലും മാനാഞ്ചിറയിലും റെയിൽവേ സ്റ്റേഷനിലും എസ്കലേറ്റർ സംവിധാനവുമൊരുക്കും.

525 പേർക്ക് യാത്ര ചെയ്യാവുന്ന ഓരോ ട്രെയിനിലും മൂന്ന് കാറുകൾ വീതമാണ് ഉണ്ടാവുക. തിരക്ക് കൂടിയ സമയങ്ങളിൽ അഞ്ചര മിനിറ്റ് ഇടവിട്ട് ട്രെയിൻ ഓടിക്കാനാണ് ഉദ്ദേശിക്കുന്നത്. ട്രെയിനിൽ ഡ്രൈവർ ഉണ്ടാകില്ല.

പദ്ധതി നടപ്പാക്കുന്നതിന് 10.654 ഹെക്ടർ സ്ഥലമാണ് ആവശ്യമായി വരിക. ഇതിൽ 8.554 ഹെക്ടർ സ്ഥലം സർക്കാർ ഭൂമിയും 0.5188 ഹെക്ടർ റെയിൽവേ ഭൂമിയും 1.582 ഹെക്ടർ സ്വകാര്യ ഭൂമിയുമാണ്. പദ്ധതി ചെലവിന്റെ 20 ശതമാനം കേന്ദ്രസർക്കാരിൽ നിന്ന് ഗ്രാന്റായും 20 ശതമാനം സംസ്ഥാന സർക്കാരിൽ നിന്നും സ്വരൂപിക്കണമെന്നാണ് ഡി.എം.ആർ.സി യുടെ നിർദേശം.

*ഖാദർ പാലാഴി*

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്*

# അവുക്കാദർകുട്ടി നഹ റെയിൽവെ മേൽപ്പാലം ഉദ്ഘാടനം ചെയ്തു

അവുക്കാദർകുട്ടി നഹ മേൽപ്പാലം പരപ്പനങ്ങാടിയിൽ പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് ഉദ്ഘാടനം ചെയ്തു. റെയിൽവെ മേൽപ്പാലത്തിലൂടെ പോകുന്ന ഇരുചക്ര, ഓട്ടോറിക്ഷ വാഹനങ്ങൾക്ക് ടോൾ ഈടാക്കുകയില്ലെന്ന് മന്ത്രി പറഞ്ഞു. പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് താമസ സർട്ടിഫിക്കറ്റ് ഹാജരാക്കി നാമമാത്ര ടോൾ ഈടാക്കി പാസ് നൽകുമെന്നും പാലത്തിൽ ഹൈമാഫ്റ്റ് ലൈറ്റുകൾ ഉടൻ സ്ഥാപിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മന്ത്രി പി.കെ. അബ്ദുറബ്ബ്,. ഇ.റ്റി. മുഹമ്മദ് ബഷീർ എം.പി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി റ്റി.ഒ. സൂരജ്, ദക്ഷിണ റെയിൽവേ സി.എ.ഒ. ഡാനി തോമസ്, തദ്ദേശസ്വയംഭരണ കമ്മിഷൻ ചെയർമാൻ കെ. കുട്ടി അഹമ്മദ് കുട്ടി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹ്റ മമ്പാട്, കേരള മത്സ്യബോർഡ് ചെയർമാൻ ഉമ്മർ ഒട്ടുമ്മൽ തുടങ്ങിയവർ സംസാരിച്ചു.



അവുക്കാദർകുട്ടി നഹ മേൽപ്പാലം പരപ്പനങ്ങാടിയിൽ പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് ഉദ്ഘാടനം ചെയ്യുന്നു

# ഗോത്ര ജ്യോതി പദ്ധതിക്ക് തിരിതെളിഞ്ഞു

പട്ടികവർഗ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനവും കരിയർ ഗൈഡൻസും നൽകുന്നതിനുള്ള ബൃഹദ്പദ്ധതിയായ 'ഗോത്ര ജ്യോതി'ക്ക് തുടക്കമായി. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം സുൽത്താൻ ബത്തേരിക്കടുത്ത് കല്ലൂർ രാജീവ് ഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പട്ടികവർഗ-യുവജനക്ഷേമ മന്ത്രി പി.കെ. ജയലക്ഷ്മി നിർവഹിച്ചു. ഒരു വർഷംകൊണ്ട് 4000 പട്ടികവർഗ യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി നൈപുണ്യ ക്യാംപുകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കും. രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡവലപ്പ്മെന്റിന്റേയും നാഷണൽ സർവീസ് സ്കീമിന്റേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

അഭിരുചിയനുസരിച്ചുള്ള തൊഴിൽ രംഗം കണ്ടെത്താൻ അഭ്യസ്തവിദ്യരായ യുവാക്കളെ പ്രാപ്തരാക്കുകയാണ് 'ഗോത്ര ജ്യോതി' പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. പട്ടികവർഗ മേഖലയിൽ നിന്ന് എഞ്ചിനീയറിങ്, മെഡിക്കൽ വിദ്യാഭ്യാസ രംഗത്തേയ്ക്ക് കടുവരുന്നവരുടെ എണ്ണം ഇന്നും കുറവാണ്. പട്ടികവർഗക്കാർക്ക് സംവരണമുള്ള മെഡിക്കൽ-എഞ്ചിനീയറിങ് സീറ്റുകളിലേക്കുപോലും വിദ്യാർഥികൾ എത്തുന്നില്ല. വിദ്യാഭ്യാസ അവസരങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ്ഇതിന് കാരണമെന്നതിനാൽ കുട്ടികളെ തെരഞ്ഞെടുത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ പ്രവേശനത്തിന് പ്രത്യേകം പരിശീലനം നൽകുന്ന പദ്ധതി നടപ്പാക്കി വരികയാണ് ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം 35 കുട്ടികളെ മെഡിക്കൽ-എഞ്ചിനീയറിങ് രംഗത്ത് എത്തിക്കുന്നതിന് പട്ടികവർഗ വികസന വകുപ്പിന് സാധിച്ചു. ഈ വർഷം 47 കുട്ടികൾക്ക് ഇത്തരത്തിൽ പരിശീലനം നൽകി വരുന്നു.

ഉൾപ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തുന്നതിന് വാഹനസൗകര്യം ഒരുക്കുന്ന 'ഗോത്ര സാരഥി' പദ്ധതിക്കും ജില്ലയിൽ തുടക്കമായി. പട്ടികവർഗ വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക പ്രധാന്യം നൽകുന്നതിന്റെ ഭാഗമായി ഈ വർഷം വയനാട് ജില്ലയിൽ രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കൂടി സ്ഥാപിക്കുമെം മന്ത്രി പറഞ്ഞു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ കലാ-കായിക കഴിവുകൾ വികസിപ്പിക്കുന്നതിന് പ്രത്യേക അധ്യാപകരെ നിയമിക്കുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

# പാൽ സംഭരണത്തിൽ വയനാട് ജില്ലയ്ക്ക് മുന്നേറ്റം

കഴിഞ്ഞ സാമ്പത്തിക വർഷം പാൽ സംഭരണത്തിൽ വയനാട് ജില്ല സംസ്ഥാനത്ത് രണ്ടാം സ്ഥാനത്തെത്തി. മുൻ വർഷത്തേക്കാൾ 8.13 ശതമാനം വർധനയോടെ 531 ലക്ഷം ലിറ്റർ പാലാണ് 55 ക്ഷീരസഹകരണ സംഘങ്ങൾ മുഖേന ഈ വർഷം സംഭരിക്കാനായത്. 150 കോടിയോളം രൂപ പാൽവിലയായി ക്ഷീരകർഷകർക്ക് നൽകി. വിവിധ ഏജൻസികളിലൂടെ 20 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ജില്ലയിലെ ക്ഷീരമേഖലയിൽ നടപ്പാക്കിയതിന് ഫലമുണ്ടാവുകയായിരുന്നുവെന്ന് ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജോസ് ഇമ്മാനുവൽ പറഞ്ഞു.

വാർഷിക പദ്ധതി, ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) എിവയിലുൾപ്പെടുത്തി ലിറ്ററിന് 80 പൈസ നിരക്കിൽ കാലിത്തീറ്റ ധനസഹായം ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്തതും ഈ നേട്ടത്തിന് കാരണമായി. എല്ലാ മാസവും ബ്രൂവറി ധാന്യങ്ങൾ കാലിത്തീറ്റയായി വിതരണം ചെയ്തതിനാൽ കാലിത്തീറ്റ വില വർധനവ് പാലുത്പാദനത്തെ കാര്യമായി ബാധിച്ചതുമില്ല.

■ സതീഷ് പൂവത്തൂർ

# കാരുണ്യ ഡയാലിസിസ് സെന്റർ തുടങ്ങി

കാരുണ്യ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധന സഹായം അനുവദിക്കുന്ന രോഗികൾക്ക് ഡയാലിസിസ് ചികിത്സയിൽ സർക്കാർ ആശുപത്രികളിൽ സൗകര്യം ലഭിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പണികഴിപ്പിച്ച ആദ്യത്തെ കാരുണ്യ ഡയാലിസിസ് സെന്ററിന്റെ ഉദ്ഘാടനം ജൂലൈ 11 ന് ധനമന്ത്രി കെ.എം. മാണി നിർവഹിച്ചു.

കാരുണ്യ പദ്ധതിയുടെ ഗുണഭോക്താക്കളായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി സർക്കാർ മെഡിക്കൽ കോളേജുകളിൽ കാരുണ്യാഹോം നിർമിക്കുമെന്നു ധനമന്ത്രി പറഞ്ഞു. ഈ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലായിരിക്കും ആദ്യത്തെ ഹോം നിർമിക്കുകയെന്നും ധനമന്ത്രി വ്യക്തമാക്കി.

ആരോഗ്യ മന്ത്രി വി.എസ്. ശിവകുമാറിന്റെ അധ്യക്ഷതയിൽ കേന്ദ്രമന്ത്രി ഡോ. ശശി തരൂർ, ചികിത്സാ ധനസഹായം മെഡിക്കൽ കോളേജ് സൂപ്രണ്ട് കെ. മോഹൻ ദാസിനു കൈമാറി. ജില്ലാ പഞ്ചായത്ത് സെക്രട്ടറി എ. അജിത് കുമാർ, ഭാഗ്യക്കുറി ഡയറക്ടർ എം. നന്ദകുമാർ, ഭാഗ്യക്കുറി ക്ഷേമനിധി ചെയർമാൻ ബാബു ജോസഫ് തുടങ്ങിയവർ സംബന്ധിച്ചു.

# കമ്പി സന്ദേശങ്ങൾക്ക് മിടിപ്പുനിലച്ചപ്പോൾ

ഒരിക്കൽ നിരവധി പേരുടെ ഏറ്റവും വേഗതയുള്ള ആശയവിനിമയ ഉപാധിയായിരുന്ന ടെലിഗ്രാം സന്ദേശങ്ങൾ ജൂലൈ 14 ന് ഇല്ലാതായി. യുവതലമുറയുടെ ഹരമായി മാറിയ മൊബൈൽ ഫോണും ഇന്റർനെറ്റുമൊക്കെ വന്നതോടെ കമ്പി സന്ദേശങ്ങൾ ആർക്കും ആവശ്യമില്ലാതെയായി. സന്ദേശങ്ങൾ അയയ്ക്കാൻ ഉപയോഗിച്ച 'മോഴ്സ് ടാപ്പർ' എന്ന ഉപകരണം ഇനി ചരിത്രമുറങ്ങിയ മുൻകാലത്തിന്റെ പ്രതീകമായി നമ്മിൽ അവശേഷിക്കും.

1837 ൽ സാമുവൽ എഫ്.ബി. മോഴ്സ് എന്ന അമേരിക്കക്കാരനാണ് ടെലിഗ്രാമിന് ജന്മം നൽകിയത്. ഇന്ത്യയിൽ 1850 ൽ കൊൽക്കത്തയ്ക്കും ഡയമണ്ട് ഹാർബറിനുമിടയ്ക്കാണ് പരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി ഈ സംവിധാനം നടപ്പാക്കിയത്. തുടർന്ന് ബ്രിട്ടീഷുകാർ മുൻകയ്യെടുത്ത് മൂന്നു വർഷം കൊണ്ട് 21000 മൈൽ നീളത്തിൽ ടെലിഗ്രാം ശൃംഖലയുണ്ടാക്കി. 1854 ൽ ഇതിന്റെ സേവനം പൊതുജനങ്ങൾക്കു കൂടി സാധ്യമാക്കി.

# അക്ഷയകേന്ദ്രങ്ങളിൽ മൈക്രോ എ.ടി.എം. സംവിധാനം

സംസ്ഥാനത്താദ്യമായി ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട അക്ഷയകേന്ദ്രങ്ങളിൽ മൈക്രോ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നു. ബാങ്കുകളിൽ പോയി പണം പിൻവലിക്കുന്നതിനും മറ്റും വിമുഖത കാണിക്കുന്ന സാധാരണക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്നതാകും മൈക്രോ എ.ടി.എം. സംവിധാനം. സമ്പൂർണ സാമ്പത്തികയുൾപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായുള്ള ഈ സംവിധാനം ഒരുക്കുന്നത് ജില്ലയിലെ ലീഡ് ബാങ്കായ യൂണിയൻ ബാങ്കാണ്.

ബാങ്കുകളിൽ അക്കൗണ്ട് ചേരുന്നവർക്കു മാത്രം ലഭിക്കുന്ന എ.ടി.എം. സംവിധാനം സാധാരണക്കാർക്ക് എളുപ്പത്തിൽ ലഭ്യമാക്കുകയാണ് പദ്ധതിയിൽ. ഇതിന് അക്ഷയകേന്ദ്രത്തിൽ ഇടപാടുകാർ അവരുടെ വിരൽ അടയാളം മാത്രം നൽകിയാൽ മതിയാകും. പണം അതത് അക്ഷയകേന്ദ്രത്തിൽ നിന്ന് സ്വീകരിക്കാനാകും. ഇതുവഴി എ.ടി.എം. കേന്ദ്രങ്ങളിൽ സാധാരണക്കാർ കബളിപ്പിക്കപ്പെടുന്നത് പാടേ ഒഴിവാകും.

ജില്ലയിൽ നിലവിലുള്ള 179 അക്ഷയ കേന്ദ്രങ്ങളിൽ ആദ്യഘട്ടത്തിൽ 40 കേന്ദ്രങ്ങളിൽ മൈക്രോ എ.ടി.എം. സംവിധാനം ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്.

*ചന്ദ്രഹാസൻ വടുതല*
*ജില്ല ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

ജില്ലയിലെ ക്ഷീരസംഘങ്ങളെല്ലാം പൂർണമായി കമ്പ്യൂട്ടർവത്ക്കരിച്ചു. 35 ക്ഷീര സംഘങ്ങളിൽ പാൽ ശീതീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തി. 42 കേന്ദ്രങ്ങളിൽ പാൽ പരിശോധന സുതാര്യമാക്കുന്നതിനുള്ള ഓട്ടോമാറ്റിക് സംഭരണ സംവിധാനങ്ങൾ സ്ഥാപിച്ചു. മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ 164 കാലികളെ അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തു. 154 ചെറുകിട ഡയറി ഫാമുകൾ യന്ത്രവത്ക്കരിച്ചു. തീറ്റപ്പുൽ ഉത്പാദത്തിൽ നൂതന സാങ്കേതിക വിദ്യയായ ഹൈഡ്രോപോണിക് തീറ്റപ്പുൽ യന്ത്രം ദീപ്തിഗിരി ക്ഷീരസംഘത്തിൽ സ്ഥാപിച്ചു. ക്ഷീര വികസന വകുപ്പ്, മിൽമ, മൃഗസംരക്ഷണ വകുപ്പ്, ബ്രഹ്മഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനഫലമായാണ് ക്ഷീര വികസനമേഖലയിൽ നേട്ടമുണ്ടാക്കാനായതെന്നും ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു.



**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡയറക്ടറായി ചുമതലയേറ്റ മിനി ആന്റണി ഐ.എ.എസ്.**

# കേരള സാഹിത്യ അക്കാദമിയുടെ പുതിയ പുസ്തകങ്ങൾ

## ജാതിക്കുമ്മി


പണ്ഡിറ്റ് കെ.പി. കറുപ്പൻ
വില: 135 രൂപ




ജാതിവിവേചനത്തിനെതിരായ മുന്നേറ്റങ്ങൾക്ക് ഗതിവേഗം കൂട്ടി 1911-ൽ എഴുതപ്പെട്ട കാവ്യം. അനുബന്ധമായുള്ള ടി.എം. ചുമ്മാർ എഴുതിയ പണ്ഡിറ്റ് കറുപ്പന്റെ ജീവചരിത്രവും ഈ നവോത്ഥാന കാല നായകന്റെ ചരിത്രപ്രസക്തി അടയാളപ്പെടുത്തുന്നു.

## അന്ധർ അന്ധരെ നയിക്കുമ്പോൾ

മോറിസ് മേയ്റ്റർ ലിങ്ക്
വിവർത്തനം: ടി.എം. എബ്രഹാം




നൊബേൽ സമ്മാനാർഹനായ മേയ്റ്റർലിങ്കിന്റെ നാടകങ്ങളുടെ വിവർത്തനം. ഭാരതീയ ആത്മീയ ദർശനധാരകളോട് ഇണങ്ങി നിൽക്കുന്നവയാണ് അവയുടെ പ്രമേയങ്ങൾ.

## ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്

മൊയ്യാരത്ത് ശങ്കരൻ
വില: 175 രൂപ




ധീരദേശാഭിമാനി മൊയ്യാരത്ത് 1935-ൽ എഴുതിയ ദേശീയപ്രസ്ഥാന ചരിത്രത്തിന്റെ പുന:പ്രകാശനം. 'റൊമാന്റിക്' ചരിത്രരചനാരീതിയല്ല, ശാസ്ത്രീയമായ ചരിത്രമെഴുത്തുരീതിയാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നതെന്ന് അവതാരികയിൽ കേസരി ബാലകൃഷ്ണപിള്ള സമർഥിക്കുന്നു.

## സാമൂതിരിപെരുമ


ഡോ.വി.വി.ഹരിദാസ്
വില: 175 രൂപ




മധ്യകാല സാമൂതിരിരാജവംശത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ ചരിത്രത്തെക്കുറിച്ചുള്ള പുതിയ ഉൾക്കാഴ്ചകൾ നൽകുന്ന പഠനങ്ങൾ. ഒരു 'ചെറുരാജ്യം' എങ്ങനെയാണ് മധ്യകാലത്തുനിന്നതെന്നും 'നാട്ടുരാജാവ്' എങ്ങനെയാണ് അധികാരം പ്രയോഗിച്ചതെന്നും വിവിധ സാംസ്കാരിക പ്രതിനിധാനങ്ങളെ അതിന് ഉപയോഗപ്പെടുത്തിയത് എങ്ങനെയെന്നും പുസ്തകം പരിശോധിക്കുന്നു.

## വിത്തും വൃക്ഷവും


സച്ചിദാനന്ദൻ
വില: 230 രൂപ




കേസരിയും ബഷീറും മുതൽ സാറാ ജോസഫും ചുള്ളിക്കാടും വരെയുള്ളവരുടെ എഴുത്തുലോകങ്ങളെ സൂക്ഷ്മമായി പഠിക്കുന്ന ലേഖനങ്ങൾ. ആധുനിക വിമർശനവീക്ഷണങ്ങളുടെ രാഷ്ട്രീയമാണ് അവയുടെ അടിസ്ഥാനം.

## തകഴിയുടെ സർഗപഥങ്ങൾ

പ്രൊഫ.ജി.ബാലചന്ദ്രൻ
വില: 200 രൂപ



കേരളീയ ജീവിതത്തിന്റെയും സമൂഹത്തിന്റെയും ഒരു കാലഘട്ടത്തിന്റെ മഹാഖ്യാനങ്ങളായി മാറിയ കൃതികളുടെ രചയിതാവായ തകഴി ശിവശങ്കരപ്പിള്ളയുടെ സർഗലോകത്തിലൂടെ നടത്തുന്ന സമഗ്രപര്യടനം.

■ പ്രിയാ നായർ

പെൺജീവിതം

# നീല മഷി



ഓർമകൾ ഒരു പിരിയൻ ഗോവണിപോലെയാണ്. എഴുത്തുമേശയിൽ പ്രത്യേകിച്ചും. കടന്നുപോയ ഏതോ നിമിഷത്തിന്റെ തുടർച്ചയോ ആവർത്തനമോയെന്നറിയാതെ പിന്തുടരുന്ന സങ്കുലമായ ഓർമകൾ. ചിലപ്പോഴവ ചോദിക്കാതെയും പറയാതെയും പൊട്ടിയടരുന്ന കണ്ണീരാണ്. എന്നും ഓർമകളുടെ തടവറയിൽപ്പെട്ടുപോയ ഒരു ജീവിതമെന്ന് തിരിച്ചറിയുന്നത് ഓരോവട്ടവും എഴുത്തുമേശയിലാണ്. ഭൂതകാലത്തിൽ ആണിയടിക്കപ്പെട്ട ജിവീതം. പക്ഷേ, പരിചയമുള്ള ഏതെല്ലാമോ ദൃശ്യങ്ങൾ ഇന്ദ്രിയങ്ങളിൽ കനം നിറച്ച് മടങ്ങിയെത്തുന്നു.

പക്ഷേ... ഒരു പെണ്ണനുഭവമായി ഈ ജീവിതത്തെ പകർത്താൻ എന്റെ ഓർമയിലെമ്പാടും പരന്നുകിടക്കുന്ന വാക്കുകൾ മതിയാകില്ലെന്ന് വെറുതെയൊരു തോന്നൽ. കാരണം ഞാനെന്നും ഒരു വലിയ ജീവിതത്തിന്റെ തണലിലും സാന്ത്വനത്തിലുമുണ്ടായിരുന്നു. ആ അനുഭവങ്ങൾ തന്നെ അന്ന് ഒരു കുട്ടിക്ക് ജീവിച്ചുതീർക്കാനാവാത്തത്ര സമ്പന്നമായിരുന്നു. ഉഷ്ണവും വെയിലും തണുപ്പും മഴയും ഒക്കെയായി ഋതുക്കൾ ആഞ്ഞടിച്ച ഒരു ജിവിതം.

എന്റെ പെൺജീവിതത്തിന് എന്നോ ഞാൻ കുറിച്ച പേരായിരുന്നു നീല മഷി. എന്റെ അരക്ഷിതമായ എഴുത്തു ജീവിതത്തിൽ ഞാനെന്നെ വിളിച്ചത് ലളിതയെന്നും. പിന്നീട് ഇനിയും പൂർത്തിയാകാത്ത കഥയുടെയും പേരായി നീല മഷി. കുട്ടിക്കാലത്ത് അച്ഛന്റെ മേശയ്ക്കു ചുറ്റും വട്ടമിട്ടു നിൽക്കൽ ഒരു പതിവായിരുന്നു. ചിതറിക്കിടക്കുന്ന പലതരം പേനകൾ ഇഷ്ടത്തോടെ നോക്കിനിന്നു. അടച്ചും തുറന്നും

പുസ്തകങ്ങൾ മേശപ്പുറത്തെമ്പാടും അടുക്കുതെറ്റിക്കിടന്നു. അച്ഛന്റെ ഫൗണ്ടൻ പേനയിൽ മഷിനിറയ്ക്കുകയായിരുന്നു ഒരു വലിയ കൗതുകം. ഒരിക്കൽ പേനയുടെ കുഞ്ഞു ദ്വാരത്തിലേക്ക് മഷിയൊഴിക്കവേ കൈതെറ്റി മേലാകെ നീലനിറത്തിൽ കുളിച്ച് വിഷണ്ണയായി നിന്നു. കരച്ചിലല്ല; മഷിയുടെ സുഖകരമായ ഗന്ധമായിരന്നു അന്നെന്റെ നോവുകളെ തണുപ്പിച്ചത്. ഇന്നും എന്റെ ബാല്യത്തിന്റെ സുഗന്ധമുള്ള ഓർമയിൽ മേലാകെപ്പടർന്ന മഷിയുടെ നനുത്ത തണുപ്പുണ്ട്. പിന്നീട് ഏഴാം ക്ലാസ്സിൽ അവസാന പരീക്ഷയുടെ ഒടുവിൽ ഞാനതേവരെ ഗൗനിക്കാതിരുന്നതിന് ആൺകുട്ടികൾ മഷിനിറച്ച പേനകൾ എന്റെ മേലെ ആഞ്ഞുതൂവിയതും വലിയ നീലപ്പൊട്ടുകൾ പടർന്ന ഉടുപ്പുമായി ഹെഡ്മാസ്റ്ററുടെ മുന്നിൽ പരാതിപറഞ്ഞ് ഏങ്ങലടിച്ചതും! ഏറെക്കാല്ലങ്ങൾക്കു ശേഷം വീണ്ടും കാണാൻ കഴിഞ്ഞതിന്റെ രസങ്ങൾ പങ്കുവെക്കവേ ഒരു കൂട്ടുകാരി ചോദിച്ചു, ഇപ്പോഴുമുണ്ടോ ആ നീലസാരികൾ! ഞാനറിയാതെ എന്നോടൊപ്പം കൂടിയ നീലാകാശങ്ങൾ...

ചിലപ്പോഴൊക്കെ സ്വയം ചോദിച്ചിട്ടുണ്ട് - ഒരു സ്ത്രീയുടെ ഏതു നിലയാണ് ആനന്ദകരമായി അനുഭവിച്ചത്? ഇന്നും ഒരു നിമിഷവും വൈകാതെ 'മകൾ' എന്നു പറയാൻ തിടുക്കമേറെയുണ്ട്. ഞാനെന്താണെന്നും എന്തൊക്കെ അല്ലെന്നും ആകരുതെന്നും നിശബ്ദം ഓർമിപ്പിച്ച് സൗമ്യവും ദീപ്തവുമായി അവർ - രണ്ടു ലോകങ്ങളിൽപ്പെട്ടുപോയെങ്കിലും - എന്റെ വിചാരങ്ങൾക്ക് തുണയായുണ്ട്. ഒരു കാൽ സ്വർഗത്തിലും മറ്റൊരു കാൽ ഭൂമിയിലും വെച്ച് എന്റെ പ്രിയപ്പെട്ടവരെ എന്നിൽ കൂട്ടിയണയ്ക്കാനുള്ള കരുതലുണ്ടെനിക്ക്. ഒരു അഭയാർഥിയുടെ വ്യസനങ്ങൾ നിറഞ്ഞതായിരുന്നു മകളുടെ ജീവിതം. എന്നും സഞ്ചാരിയായിരുന്ന അച്ഛനോടൊപ്പമുള്ള ജീവിതം ഒട്ടേറെ വേവലാതികളുണ്ടാക്കിയെങ്കിലും ഒരു പാഠപുസ്തകത്തിന്റെ ഗൗരവത്തോടെയും ഒരു പൊട്ടിച്ചിരിയുടെ ലാവണ്യത്തോടെയും അത് നിറഞ്ഞ് തിമിർത്തിരുന്നു. പക്ഷേ, അച്ഛൻ ഒരിടത്തും സ്ഥിരമായി ഉറച്ചില്ല. തന്നെ ഒഴിയാതെ പിടികൂടിയ ഏതേതെല്ലാം സംത്രാസങ്ങളിൽ നിന്നും രക്ഷതേടിയുള്ള യാത്രയായിരുന്നു അതെല്ലാം? അച്ഛനെ നിഴലുപോലെ പിന്തുടർന്ന അമ്മ എന്റെയുള്ളിൽ നിറഞ്ഞ മൗനമാണ്. വളരെ പതിഞ്ഞ പാദപതനങ്ങളുമായി മൗനത്തിനുമേലെ മുറുക്കാൻ ചുവപ്പ് ചാലിച്ച് ശാഖകൾ പടർന്ന ഒരു വൃക്ഷത്തിന്റെ നിസ്സംഗ നിശ്ചലതയായിരുന്നു അമ്മയെന്നും. അച്ഛൻ ശബ്ദായമാനമായി നിരന്തരം ചലിക്കുന്ന ഒരു ലോകത്തിനൊപ്പം സഞ്ചരിച്ചപ്പോൾ ഒരു വെറും മന്ദഹാസത്തോടെ അമ്മ അതെല്ലാം കണ്ടു നിന്നു. ഇന്നും ആ പുഞ്ചിരിയുടെ തണലിൽ സ്വാസ്ഥ്യം കണ്ടെത്തുന്ന മകളാണ് ഞാൻ. എല്ലാ ബഹളങ്ങളും ആ സാന്ദ്രമായ മൗനത്തിൽ ചെന്ന് മുട്ടി നിശ്ചലമായി. എന്റെ ദേഷ്യങ്ങളുടെ നിലയൊടിച്ചത് ആ മൗനം മാത്രം.

ഇന്ന് ജീവിച്ചിരിക്കുന്നുവെന്ന തോന്നൽ പൂർണമാകുന്നത് എന്റെ ക്ലാസ് മുറികളിലാണ്. ഏറ്റവും ആസ്വദിക്കുന്നതും രസങ്ങളുടെ പലവിതാനങ്ങളിൽ എന്നെ കണ്ടെത്തുന്നതും കുട്ടികളോടൊപ്പമാണ്. അവരോടൊപ്പമാണ് പുതുതായി എന്തൊക്കെയോ അറിഞ്ഞത്. അല്ലെങ്കിൽ അറിയാൻ ശ്രമിച്ചത് അവർക്കുവേണ്ടിയായിരുന്നു. ഇരുപതിലേറെ വർഷങ്ങൾക്കു മുമ്പുള്ള എന്റെ വിദ്യാർഥി ജീവിതത്തിൽ നേടിയതൊക്കെ അപര്യാപ്തമാണെന്നറിഞ്ഞത് ഓരോ കുട്ടിയും വിടർന്ന മനസ്സുമായി എന്റെ മുന്നിലിരുന്നപ്പോഴാണ്. പല പുതിയ വിഷയങ്ങളും ഞാൻ അവർക്കൊപ്പം പഠിച്ചു. എന്റെ വിചാരങ്ങളും ഭാവനകളുമെല്ലാം ഞാൻ ധാരാളിത്തത്തോടെ ചൊരിഞ്ഞത് അവർക്കു മുന്നിൽ മാത്രം.

ഒരു എഴുത്തുകാരി എന്നു ഞാനെന്നെ ഒരിക്കലും വിളിച്ചിട്ടില്ല. എഴുത്തെന്ന പ്രക്രിയയെ എനിക്കെപ്പോഴും ഭയമാണ്. അതിൽ നിന്നും ഓടിയകന്ന് കുഴഞ്ഞ മനസ്സ്; എഴുതാനുതകുന്ന ഒരു വാക്കും മനസ്സിലില്ല. ചിലപ്പോഴൊക്കെ യാദൃച്ഛികമായെത്തുന്ന ഒരു ദൃശ്യത്തിനു ചുറ്റും ഞാനറിയാതെ പെരുകുന്ന വാക്കുകൾ എന്നെ കഥയെഴുത്തിലേക്ക് തള്ളും. പക്ഷേ അതൊരു ഉഷ്ണക്കാറ്റാണ്. ഓടിയകലാൻ തോന്നുന്ന പൊള്ളിക്കുന്ന കാറ്റ്. പിന്നെ എഴുത്തിന്റെ വിസ്മയ ഗോപുരങ്ങൾ എന്റെ ചുറ്റും കണ്ട് ഞാൻ പിൻവലിയും; അടയാളങ്ങളില്ലാതെ...

അതുകൊണ്ട് നീണ്ട വർഷങ്ങളിൽ എന്റെ വിരലുകൾക്ക് മറക്കാവുന്നത്ര കഥകൾ മാത്രമെഴുതി ചെറിയ ജീവിതത്തിന്റെ വട്ടപ്പലകയിൽ വലിയൊരു സ്വാസ്ഥ്യം എന്നെ തഴുകി നിൽക്കുന്നുണ്ട്. എന്നിലെ ലളിതയിലെ സ്വകാര്യതകളെ കഥകളുടെ അന്യാപദേശമാക്കുവാനാണ് ഞാൻ ശ്രമിച്ചത്. കൂടുതൽ കഥകളെഴുതണം, യാത്ര ചെയ്യണം എന്തൊക്കെ പ്രേരണകളുണ്ട്. പക്ഷേ എന്റെ എഴുത്തു മേശയുടെ ചുറ്റുമുള്ള ഇത്തിരിവട്ടത്തിലുള്ള പ്രകൃതിതന്നെയാണ് ഈ പ്രപഞ്ചത്തിലെമ്പാടുമുള്ളതെന്ന് എന്റെ ഇന്ദ്രിയങ്ങളെന്നോട് മന്ത്രിക്കുന്നു. കാറ്റും മഴയും വെയിലും വെളിച്ചവും കിളികളും പഴങ്ങളും പലമാതിരി ഗന്ധങ്ങളും ജീവികളുടെ അസംഖ്യം ശബ്ദങ്ങളുമൊക്കെ ആരോ എന്റെയും ഇന്ദ്രിയാനുഭവങ്ങളിൽ കോരിച്ചൊരിയുന്നുണ്ട്.

ഇത് ഏതൊക്കെയോ വലിയ ജീവിതങ്ങളുടെ നിഴൽ മാത്രമായ ഒരു ചെറിയ ജീവിതത്തെക്കുറിച്ചുള്ള വളരെച്ചെറിയ ഓർമ ശകലങ്ങൾ മാത്രം... ■

■ ഡോ. എ. രാജഗോപാൽ കമ്മത്ത്

ശാസ്ത്രലോകം

# ഇടവപ്പാതി പെയ്തെത്തും വഴി

ഉഷ്ണമേഖലാ, ഉപ ഉഷ്ണമേഖലാ പ്രദേശങ്ങളിലും ചുറ്റിനുമുള്ള മഹാസമുദ്രപ്രദേശങ്ങളിലുമുള്ള ഉപരിതലത്തിലെ കാറ്റിന്റെയും, വർഷണരീതികളിലെയും ഋതു ഘട്ടമനുസരിച്ചുള്ള മാറ്റമാണ് മൺസൂൺ. കരയും സമുദ്രവും തമ്മിലുള്ള താപനിലയിലെ മാറ്റമാണ് ഇതിനു പ്രധാന കാരണം. മഹാസമുദ്രത്തെക്കാൾ കുറവാണ് കരയുടെ വിശിഷ്ട താപധാരിത (Specific heat). ഒരു നിശ്ചിത കരപ്രദേശത്തിനെക്കാൾ താപനില കൂടാൻ വേണ്ട താപത്തെക്കാൾ കൂടുതൽ വേണം അതേ അളവ് സമുദ്രഭാഗത്തിന്റെ താപമേറാൻ. അതിനാൽ വേനൽക്കാലത്ത് സൂര്യൻ, കരപ്രദേ



ശത്തെ പെട്ടെന്നു ചൂടാക്കുകയും, മഹാസമുദ്രം കരയെ അപേക്ഷിച്ച് താപനില കുറഞ്ഞതായി കാണപ്പെടുകയും ചെയ്യും. മർദം കുറവുള്ളതായി കാണപ്പെടുന്നത് താപനില കൂടിയ പ്രദേശത്തും, ഉയർന്ന മർദം കാണപ്പെടുന്നത് താപനില കുറവായ ഇടങ്ങളിലുമാണ്. അതിനാൽ വേനൽക്കാലത്ത് കരപ്രദേശത്ത് മർദം കുറവും, അതിനാൽ മഹാസമുദ്രത്തിൽനിന്ന് കാറ്റ് കരപ്രദേശത്തേക്ക് ഒഴുകുന്നു. കാറ്റ് കരയിലേക്കൊഴുകുമ്പോൾ സംവഹനംമൂലം മേഘങ്ങൾ ഉണ്ടാകുന്നു. മേഘങ്ങൾ വഴി വർഷണത്തിനു തുടക്കമാകുന്നു. വലിയ കരഭാഗങ്ങളും, ഉയരത്തിലുള്ള കരഭാഗങ്ങളും, കരയും സമുദ്രവും തമ്മിലുള്ള താപ, മർദ വ്യത്യാസം കൂട്ടുന്നു. അതിനാൽ ലോകത്തിലെ ഏറ്റവും ശക്തമായ മൺസൂൺ വലിയ പർവതനിരകളിലാണ് കാണപ്പെടുന്നത്. കിഴക്കൻ ഏഷ്യൻ മൺസൂണും, തെക്കേ ഏഷ്യൻ മൺസൂണും ടിബറ്റൻ പീഠഭൂമിയെ ബന്ധപ്പെട്ടിരിക്കുന്നു. വടക്കേ അമേരിക്കൻ മൺസൂൺ റോക്കിപർവതത്തെ ആശ്രയിച്ചിരിക്കുന്നു. തെക്കേ അമേരിക്കൻ മൺസൂൺ ആൻഡസ് പർവതനിരയെ ആശ്രയിച്ചിരിക്കുന്നു. അന്തരീക്ഷവും ഇതിൽ പ്രധാന പങ്കുവഹിക്കുന്നു.

## വേനൽ

വേനൽക്കാലത്ത് കാറ്റ്, സമുദ്രത്തിൽനിന്നും കരയിലേക്കടിക്കുന്നു. അതുവഴി മേഘങ്ങളിൽ നിന്ന് മഴയുണ്ടാകുന്നു.ശൈത്യകാലത്ത് ഈ പ്രക്രിയ തിരിയുന്നു. കരയുടെ വിശിഷ്ടതാപധാരിത കുറവായതുമൂലം വേനൽക്കാലത്ത് അത് മഹാസമുദ്രത്തെക്കാൾ വേഗത്തിൽ ചൂടായി, എന്നാൽ പെട്ടെന്നു തണുക്കാൻ കാരണമാകുന്നു. ശൈത്യകാലത്ത്, മഹാസമുദ്രത്തെക്കാൾ വേഗത്തിൽ, സൂര്യപ്രകാശം കുറയുമ്പോൾ കരയിൽ ചൂട് പെട്ടെന്നു കുറയുന്നു, മഹാസമുദ്രത്തെക്കാൾ വേഗത്തിലത് തണുക്കുന്നു. മഹാസമുദ്രമാകട്ടെ ലഭിച്ച താപത്തിന്റെ നല്ലൊരു ഭാഗം അതിൽത്തന്നെ നിലനിർത്തുന്നു. അതിനാൽ മഹാസമുദ്രങ്ങൾ ന്യൂനമർദത്തിന്റെ കേന്ദ്രങ്ങളാകുന്നു. കരഭാഗങ്ങൾ ഉയർന്ന മർദത്തിന്റെ കേന്ദ്രങ്ങളും. കരയിൽനിന്നും സമുദ്രത്തിലേക്ക് ഈ കാലയളവിൽ കാറ്റ് അടിക്കാൻ തുടങ്ങുന്നു. മേഘങ്ങളും, വർഷണവും കരയിൽനിന്നും സമുദ്രത്തിന്റെ ഭാഗത്തേക്കു മാറുന്നു.

കരയും സമുദ്രജലവും തമ്മിലുള്ള താപനിലയിലെ വ്യത്യാസമാണ് മൺസൂൺ ഉണ്ടാകാൻ കാരണം. പല പ്രാദേശിക കാലാവസ്ഥാവ്യൂഹങ്ങളിലും മൺസൂൺ പ്രധാന പങ്കുവഹിക്കുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും മൺസൂൺ വർഷണം പ്രധാനപ്പെട്ട മഴ നല്കുന്നു. ഇത് പ്രാദേശിക ഇക്കോസിസ്റ്റങ്ങൾക്ക് ജലസ്രോതസ്സാകുന്നു. പല ഉഷ്ണമേഖലാ, ഉപ ഉഷ്ണമേഖലാ കാലാവസ്ഥകളും മൺസൂൺ മഴയെ ആശ്രയിച്ചിരിക്കുന്നു.

## കാലാവസ്ഥ

ദീർഘകാലം നിലനില്ക്കുന്ന അന്തരീക്ഷസ്ഥിതിയുടെയും പരിസ്ഥിതിയുടെ അവസ്ഥകളുടെയും പൊതുവായ സവിശേഷതകൾ ഉൾപ്പെടുന്ന ഒന്നിനെയാണ് കാലാവസ്ഥ എന്നു വിളിക്കുന്നത്. പല ഘടകങ്ങളും ഒരു നിശ്ചിതപ്രദേശത്തെ കാലാവസ്ഥയെ സ്വാധീനിക്കുന്നു. പ്രദേശത്തിന്റെ അക്ഷാംശം, കരയുടെ വലിപ്പവും ജലസാന്നിധ്യവും, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം എന്നിവയാണ് മുഖ്യഘടകങ്ങൾ. മഹാസമുദ്രത്തിലെ ജലപ്രവാഹങ്ങൾ, കാറ്റിന്റെ ഗതി, മർദത്തിലെ വ്യതിയാനം എന്നിവയും കാലാവസ്ഥയെ ബാധിക്കുന്നു. താപനിലയിലെ വ്യതിയാനങ്ങളും ജലശേഖരവും കാലാവസ്ഥയെ ബാധിക്കുന്നു. ഉഷ്ണമേഖലാ പ്രദേശങ്ങളിൽ സൂര്യനിൽനിന്നുള്ള വികിരണം കൂടുതലായി ലഭിക്കുന്നു. ഈ വികിരണം, ആ പ്രദേശങ്ങൾ തിരികെ വികിരണം ചെയ്യുന്ന ഇൻഫ്രാറെഡ് താപത്തെക്കാൾ കൂടുതലാണ്. ധ്രുവപ്രദേശങ്ങളിൽ സൂര്യനിൽനിന്നുള്ള വികിരണം കുറവാണ്. ഇതിനെക്കാൾ കൂടിയ അളവ് താപവികിരണം ആ പ്രദേശങ്ങൾ കാഴ്ചവയ്ക്കുന്നു. ഇതുമൂലം ധ്രുവപ്രദേശങ്ങളിൽ താപം കുറയുന്നു. ഉഷ്ണമേഖലാ പ്രദേശങ്ങളിൽ മഹാസമുദ്രങ്ങൾ വ്യാപിച്ചുകിട



ഡോ. ബീന വേണുഗോപാൽ

# തണ്ണിമത്തൻ ദാഹശമനിയും ഔഷധവും



ശരീരത്തെ വേനലിന്റെ കൊടും ചൂടിൽ നിന്നും രക്ഷിക്കാനൊരു മന്ത്രം. അതാണ് തണ്ണിമത്തൻ.. സിട്രുല്ലസ് ലനാറ്റസ് എന്നാണ് ശാസ്ത്രനാമം. കുക്കുർബിറ്റേസീ കുടുംബം. വാട്ടർ മെലൻ എന്ന് ഇംഗ്ലീഷിൽ പേര്. ഒരു വള്ളിച്ചെടിയിൽ പിടിക്കുന്ന ഫലമാണ്. മങ്ങിയ പച്ച നിറമോ മങ്ങിയ വെള്ളനിറമോ ഉള്ള ഇതിന്റെ കട്ടികൂടിയ തൊലികളഞ്ഞ് അകത്തുള്ള ഫലമജ്ജയാണ് ഭക്ഷണത്തിനുപയോഗിക്കുന്നത്. കറുത്ത വിത്തുകൾ നിറയെയുണ്ടാകും. ഫലമജ്ജ ചുവപ്പ്, മഞ്ഞ, ഓറഞ്ച് നിറങ്ങളിലുണ്ട്. ഉരുണ്ടതും നീണ്ടതുമായ തണ്ണിമത്തനുകളാണ് പൊതുവെ കാണപ്പെടുന്നത്. എന്നാൽ, ചൈനയിൽ ചതുരാകൃതിയിലുള്ള തണ്ണിമത്തനുകൾ ലഭ്യമാണ്.

ദക്ഷിണാഫ്രിക്കയാണ് സ്വദേശം. പത്താം നൂറ്റാണ്ടുമുതൽ ചൈന വൻതോതിൽ കൃഷി ചെയ്തിരുന്നതിന് തെളിവുകളുണ്ട്. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ തണ്ണിമത്തൻ കൃഷി ചെയ്യുന്നത് ചൈനയാണ്. 1200 ലേറെ ജാതികളുണ്ട്. അവയ്ക്ക് ഏതാനും പൗണ്ട് മുതൽ 200 പൗണ്ട് വരെ ഭാരം വരും. ഇത് പച്ചക്കറിയായും പഴമായും ദാഹശമനിയായും ഔഷധമായും ഉപയോഗിക്കുന്നു. ചൈനയിലാണ് പച്ചക്കറിയായുപയോഗിക്കുന്നത്.



തണ്ണിമത്തനിൽ 92 ശതമാനവും ജലമാണ്. നൂറു ഗ്രാം തണ്ണിമത്തനിൽ 30 കിലോ കാലോറി ഊർജമുണ്ട്. കാർബോഹൈഡ്രേറ്റ്, കൊഴുപ്പുകൾ, മത്സ്യം, നാരുഘടകം, ജീവകം എ, തൈമീൻ (വൈറ്റമിൻ ബി 1), റൈബോ ഫ്ളാവിൻ (വൈറ്റമിൻ ബി 2), നിയാസിൻ (വൈറ്റമിൻ ബി 3), പ്ലാന്റോതെനിക് അമ്ലം (വൈറ്റമിൻ ബി 5), വൈറ്റമിൻ ബി 6, വൈറ്റമിൻ ബി 9, ജീവകം സി, കാത്സ്യം, അയൺ, മഗ്നീഷ്യം, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ അടങ്ങിയിരിക്കുന്നു. ഇവ കൂടാതെ ബീറ്റാ കരോട്ടിനുകൾ, ലൈകോപീൻ, വളരെ പ്രാധാന്യമുള്ള അനവധി ആന്റി ഓക്സിഡന്റുകൾ എന്നിവയുമുണ്ട്.

തക്കാളിയിൽ ധാരാളമായി കാണുന്ന ഒരു ജൈവകരാസസംയുക്തമാണ് ലൈകോപീൻ. ഇത് വൻതോതിൽ തണ്ണിമത്തനിലും മാമ്പഴത്തിലും കാണപ്പെടുന്നു. കാൻസറിനെതിരെ പ്രവർത്തിക്കാനുള്ള ഇതിന്റെ കഴിവ് അപാരം തന്നെ. അതിനാൽ നാൽപതു കഴിഞ്ഞ സ്ത്രീ പുരുഷന്മാർ ഇത് ശീലമാക്കുക. പ്രോസ്റ്റേറ്റ് കാൻസർ, സ്തനാർബുദം, എന്റോമെട്രിയൽ കാൻസർ, കുടലിലെ അർബുദം എന്നിവയ്ക്കെതിരെ ലൈകോപീൻ ശക്തമായി പ്രവർത്തിക്കുന്നു.

തണ്ണിമത്തൻ പച്ചയ്ക്ക് കഴിക്കുമ്പോൾ അതിലുള്ള ലൈകോപീൻ ആഗിരണം ചെയ്യപ്പെടുമോയെന്ന കാര്യത്തിൽ സംശയമുണ്ട്.

തണ്ണിമത്തൻ നീരിന് ലൈംഗികശേഷി വർധിപ്പിക്കാനാവുമത്രെ! വയാഗ്ര എന്ന കാമൗഷധത്തിന് സമാനമാണിതെന്ന് ചിലർ കരുതുന്നു. ഉദ്ധാരണക്കുറവുള്ള പുരുഷന്മാർക്ക് ഒരനുഗ്രഹമാണ് തണ്ണിമത്തൻ. ഇത് മൂത്രത്തിന്റെ അളവു കൂട്ടും. തണ്ണിമത്തൻ വൈൻ നിർമാണത്തിനും ഉപയോഗിക്കുന്നു.

ഇത്രയൊക്കെ മേന്മകൾ തണ്ണിമത്തനുണ്ടെങ്കിലും ആസ്ത്മ, പ്രമേഹം, ആർത്രൈറ്റിസ്, അഥിറോ സ്ക്ലീറോസിസ് ഇതിലേതെങ്കിലും രോഗം മൂലം ബുദ്ധിമുട്ടുന്നവർ തണ്ണിമത്തൻ ഉപേക്ഷിക്കണം. കൊളസ്ട്രോളിനെ ഓക്സീകരിച്ച് രക്തക്കുഴലുകളിൽ അടിയിക്കുന്നതു മൂലം ഹൃദയത്തിന് ദോഷം ചെയ്യുന്നു. ആസ്ത്മ, വാതരോഗങ്ങൾ, പ്രമേഹം എന്നിവ വർധിപ്പിക്കുന്നു. എന്നാൽ ഇതിൽ ജീവകം സിയും ബീറ്റാ കരോട്ടിനോയ്ഡുകളും ധാരാളമുള്ളതിനാൽ മറ്റു ദോഷഫലങ്ങൾ ഒഴിവാക്കപ്പെടുന്നു. ■

ക്കുന്നതുമൂലം അവിടത്തെ അന്തരീക്ഷത്തിലെ ജലത്തിന്റെ അളവിലും വർധന കാണപ്പെടുന്നു.

## കാലാവസ്ഥാ വ്യതിയാനം

കാലാവസ്ഥാ വ്യതിയാനം ആഗോള മൺസൂൺ ചക്രണത്തെയും മൺസൂൺ മഴയുടെ തീവ്രതയെയും ബാധിക്കുന്നു. താപമേറിയ കാലാവസ്ഥ, കരയും സമുദ്രവും തമ്മിലുള്ള താപനിലയുടെ വ്യത്യാസത്തെ കുറയ്ക്കുന്നു. മൺസൂൺ തീവ്രത കുറയാനിടയുണ്ട്. ഹിമാലയത്തിലെ ഹിമക്കാമ്പുകളിൽ നടത്തിയ പഠനം ഇതിന്റെ തെളിവു നല്കുന്നു. കഴിഞ്ഞ 300 വർഷത്തെ രേഖകൾ പറയുന്നത് ഹിമാലയത്തിലെ ഓരോ $0.1^0$സെൽഷ്യസ് താപനില വർധനവിനും 100 മില്ലീമീറ്റർ മഴ കുറഞ്ഞിട്ടുണ്ട് എന്നാണ്. ആഗോളതാപനം മൂലം മഹാസമുദ്രത്തിന്റെ ഉപരിതലത്തിൽനിന്നും ബാഷ്പീകരണം വർധിക്കുന്നു. കാരണം താപമേറിയ വായു തണുത്ത വായുവിനെക്കാൾ ജലബാഷ്പത്തെ വഹിക്കുന്നു. അന്തരീക്ഷത്തിൽ ജലബാഷ്പത്തിന്റെ അളവു കൂടുന്നത് മൺസൂൺ മഴ കൂടാൻ കാരണമാകുകയും ശക്തമായ മൺസൂൺ മഴക്ക് കാരണമാകുകയും ചെയ്യും. ആഗോള താപനം മൂലം മഴക്കൂടുകയോ കുറയുകയോ ചെയ്യുന്നതിനു പകരം മഴ വിതരണം ചെയ്യുന്നതിൽ മാറ്റം വരുത്താനിടയുണ്ട്. ഈ വിതരണത്തിലെ വ്യത്യാസം മൂലം വർഷണം ശക്തമാകുകയോ, വെള്ളപ്പൊക്കമുണ്ടാകുകയോ ചെയ്യും. ചിലയിടങ്ങളിൽ വരൾച്ചയും ഉണ്ടാകും. ആഗോള താപനം ഇപ്രകാരം തുടരുകയാണെങ്കിൽ മൺസൂൺ മഴ ലഭിക്കുന്ന പ്രദേശങ്ങളിലെ കാലാവസ്ഥ സ്ഥിരമായി വ്യതിയാനപ്പെടാനിടയുണ്ട്. ■

■ എസ്. പി.

# ലോകത്തിലെ ഏറ്റവും വലിയ തീരക്കടൽ കാറ്റാടി ഫാം



ലോകത്തിലെ ഏറ്റവും വലിയ കാറ്റാടി ഫാം ബ്രിട്ടന്റെ തെക്ക് കിഴക്കൻ കടൽ തീരത്ത് പ്രവർത്തന സജ്ജമായി. അഞ്ചു ലക്ഷം വീടുകൾക്ക് വൈദ്യുതി നൽകാൻ ശേഷിയുള്ളതാണ് ഈ കാറ്റാടി ഫാം. ലണ്ടൻ അറെയ് പ്രോജക്ട് എന്ന പേരിലുള്ള ഈ ഫാം പ്രധാനമന്ത്രി ഡേവിഡ് കാമറോൺ ജൂൺ നാലിന് രാഷ്ട്രത്തിന് സമർപ്പിച്ചു.

കടൽത്തീരത്ത് 20 കിലോമീറ്റർ ദൂരത്തിൽ 2300 കോടി ഡോളർ മുടക്കിയാണ് കാറ്റാടി ഫാം നിർമിച്ചത്. 175 ടർബൈനുകൾ ഇവിടെ വൈദ്യുതി ഉത്പാദിപ്പിക്കും ജർമൻ കമ്പനി സീമെൻസാണ് ഇതിനാവശ്യമായ ടർബൈനുകൾ നിർമിച്ച് നൽകിയത്.

2020 ഓടെ 18 ജീഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉത്പാദിപ്പിക്കാനാണ് ബ്രിട്ടന്റെ പദ്ധതി.

# ആ മൗസ് ക്ലിക്ക് ഓർമയായി

വിവര സാങ്കേതിക രംഗത്ത് നിർണായക മാറ്റങ്ങൾക്ക് വഴിതെളിച്ച കംപ്യൂട്ടർ മൗസ് കണ്ടുപിടിച്ച ഡഗ്ലസ് എംഗൽബർട്ട് (88) അന്തരിച്ചു. ജൂലൈ രണ്ടിനാണ് അന്ത്യം സംഭവിച്ചത്.

അമേരിക്കയിലെ ഒറിഗോൺ പോർട്ട്ലൻഡിൽ 1925 ജനുവരി 30 നാണ് ഡഗ്ലസ് ജനിച്ചത്. പഠനത്തിൽ മികവു പുലർത്തിയിരുന്ന ഡഗ്ലസ് ഓറിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനിയറിങ്ങിൽ ഉന്നത വിജയം നേടി.



1960 കളിലാണ് ഡഗ്ലസ് കംപ്യൂട്ടർ മൗസ് കണ്ടുപിടിക്കുന്നത്. തുടർന്ന് ഇ-മെയിൽ, വേഡ് പ്രോസസിങ്, വീഡിയോ കോൺഫറൻസ് തുടങ്ങിയവ വികസിപ്പിച്ചെടുക്കുന്നതിലും അദ്ദേഹം നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.




# കൃത്രിമ കാതുകളുമായി അമേരിക്കൻ ശാസ്ത്രജ്ഞർ

സ്പർശ-ശബ്ദ-രൂപ-രസ ഗന്ധങ്ങളെ അനുഭവിക്കുന്ന ഇന്ദ്രിയങ്ങളെ കൃത്രിമമായി വികസിപ്പിച്ചെടുത്ത് ഒരു കൂട്ടം അമേരിക്കൻ ശാസ്ത്രജ്ഞർ ലോകശ്രദ്ധ നേടി.

പ്രിൻസ്ടൺ യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞർ മനുഷ്യർക്ക് വേണ്ടിയല്ല ഇവ രൂപകല്പന ചെയ്തത്. ഇലക്ട്രോണിക് ഉപകരണങ്ങളിൽ ജീവനുള്ള വസ്തുക്കളുടെ മാതൃക അനുകരിക്കുക മാത്രമാണിവ ചെയ്യുന്നത്.

ത്രിമാന പ്രിന്റ്ജിലൂടെ കേൾക്കാനും ശബ്ദതരംഗങ്ങൾ പുറപ്പെടുവിക്കാനും ബയോണിക് ഇയർ എന്ന കൃത്രിമ കാതുകൾക്ക് കഴിയുമെന്ന് ഇതിന് നേതൃത്വം നൽകിയ പ്രഫ. മൈക്കേൽ മക് ആൽഫൈൻ പറഞ്ഞു.



# വീണ്ടും ജനങ്ങളിലേക്ക്

ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നൂതനമായ മാർഗങ്ങൾ അവലംബിക്കുന്നത് ജനാധിപത്യ പ്രക്രിയയെ അർഥവത്താക്കുന്നതിൽ വളരെ പ്രധാന പങ്കുവഹിക്കുന്നു. ഒരു ഭരണകർത്താവെന്ന നിലയിൽ ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. 2011 ൽ ജനങ്ങളിലേക്കിറങ്ങിച്ചെന്ന് അവരുടെ പരാതികൾ പരിഹരിക്കുന്നതിന് നടത്തിയ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ച ജനകീയ പിന്തുണ എനിക്ക് വലിയ ഊർജമാണ് നൽകിയത്. അത് ഇന്ത്യയ്ക്കകത്തു മാത്രമല്ല മറ്റ് ലോകരാജ്യങ്ങളിലും ശ്രദ്ധിക്കപ്പെടുകയും വലിയൊരു പ്രവർത്തന മാതൃകയാണെന്ന അംഗീകാരം കൈവരിക്കുകയും ചെയ്തു. ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം ലഭിക്കുന്നതിന് എന്നെ അർഹനാക്കിയത് ഈ ജനസമ്പർക്ക പരിപാടിയാണ്. ഒരു വ്യക്തിയെന്ന നിലയിൽ എന്റെ വിജയമല്ല അത്. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും വിജയമാണ്.

ജനങ്ങളുടെ ആവലാതികളും പ്രശ്നങ്ങളും ഇനിയും പരിഹരിക്കപ്പെടാനുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. പ്രശ്ന പരിഹാരത്തിന് ഫലപ്രദമായ ഒരു മാതൃകയെന്ന നിലയിൽ അംഗീകാരം നേടിയ ജനസമ്പർക്ക പരിപാടിയുടെ രണ്ടാം ഘട്ടം കുറേക്കൂടെ വിപുലവും ആസൂത്രിതവുമായി ഈ വർഷം വീണ്ടും നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. ആഗസ്റ്റ് 12 ന് തിരുവനന്തപുരത്താണ് രണ്ടാം ഘട്ട ജനസമ്പർക്കപരിപാടി ആരംഭിക്കുന്നത്. ഒക്ടോബർ 11 ന് കോട്ടയത്ത് അവസാനിക്കും.

വലിയ ജനക്കൂട്ടത്തിന്റെ തള്ളിക്കയറ്റം ഒഴിവാക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രി നേരിൽ തീരുമാനിക്കേണ്ട വിഷയങ്ങൾ മാത്രം എന്റെ അടുത്തെത്തുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ജില്ലാതലത്തിൽ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ പരമാവധി പരാതികൾ പരിഹരിക്കാൻ ശ്രമിക്കും. അവിടെ പരിഹരിക്കാൻ കഴിയാത്തവ മാത്രമേ മുഖ്യമന്ത്രിയുടെ അടുക്കൽ എത്തുകയുള്ളൂ. പരാതികൾ നേരിൽ നൽകുന്നതിന് പകരം കംപ്യൂട്ടർ അധിഷ്ഠിത സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. അക്ഷയ സെന്ററുകളിലൂടെയാണ് പ്രധാനമായും പരാതികൾ സ്വീകരിക്കുന്നത്. താലൂക്ക് ഓഫീസുകളിലും കളക്ട്രേറ്റിലും പരാതികൾ സമർപ്പിക്കാവാൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

ജനകീയപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലോകം അംഗീകരിച്ച ഈ മാതൃക തുടരുന്നതിൽ എനിക്ക് അഭിമാനമുണ്ട്. ജനങ്ങളെ നേരിൽ കാണുന്നതിലും അവർക്ക് പറയാനുള്ളത് കേൾക്കുന്നതിലും അവയ്ക്ക് സാധ്യമായ പരിഹാരം കാണുന്നതിലും നിന്നു ലഭിക്കുന്ന ആത്മസുഖം ഒരു പൊതുപ്രവർത്തകനെ സംബന്ധിച്ച് വളരെ പ്രധാനമാണ്. ■